# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഫെബ്രുവരി 11 | ദീപം 53 | നാളം 39 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കെ.എസ്.ആർ.ടി.സി. ആരുടെ സ്വത്താണ്?






**തോമസ് കുഴിഞ്ഞാലിൽ**

രണ്ടാഴ്ചകൾക്കുമുമ്പ്, സൂക്ഷ്മമായിപ്പറഞ്ഞാൽ ഇക്കഴിഞ്ഞ ജനുവരി 16-ാം തീയതി ശനിയാഴ്ച കെ.എസ്.ആർ.ടി.സിയുടെ മാനേജിങ് ഡയറക്ടർ ബിജു പ്രഭാകർ ഐ.എ.എസ്. ഞെട്ടിക്കുന്ന ചില വെളിപ്പെടുത്തലുകളുമായി ഒരു വാർത്താസമ്മേളനം വിളിച്ചുകൂട്ടി. കോർപ്പറേഷന്റെ പുനരുദ്ധാരണം, ഭാവിപ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു പത്രസമ്മേളനം. പ്രഗല്ഭരായ മാനേജിങ് ഡയറക്ടർമാർ ഭരിച്ച കസേരയിലിരുന്ന് കെ.എസ്.ആർ.ടി.സിയുടെ തകർച്ചയ്ക്കു പിന്നിലെ പ്രധാന കാരണങ്ങൾ തുറന്നുകാട്ടാൻ ബിജു പ്രഭാകർ നിർബന്ധിതനാവുകയായിരുന്നു.

''മുൻസർക്കാരിന്റെ ഭരണകാലത്ത്, പ്രധാനമായും 2012-15 കാലയളവിൽ നടന്ന 100 കോടിയുടെ വരവുചെലവുകണക്കുകൾ കോർപ്പറേഷൻ രേഖകളിൽ കാണാനില്ലെന്ന് പരിശോധനയിൽ എനിക്കു ബോധ്യമായി. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരേ ശക്തമായ നടപടികൾ ഉണ്ടാകും,'' ബിജു പ്രഭാകർ പറഞ്ഞു.

തട്ടിപ്പിനെക്കുറിച്ചുള്ള എം.ഡി യുടെ പരാമർശത്തിനു തൊട്ടുപിന്നാലെ 2012-15 കാലയളവിലെ അക്കൗണ്ട്സ് മാനേജരും ഇപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടറുമായ കെ.എം. ശ്രീകുമാറിനെയും വിജിലൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ പി.എം. ഷറഫിനെയും സ്ഥലംമാറ്റി ഉത്തരവിറങ്ങി. പക്ഷേ, ഇരുവർക്കുമെതിരേയുണ്ടായ നടപടിയെ അപലപിച്ച് സി.ഐ.ടി.യു. എ.ഐ.റ്റി.യു.സി., ഐ.എൻ.ടി.യു.സി., ബി.എം.എസ്. തുടങ്ങിയ തൊഴിലാളിയൂണിയനുകളുടെ സംസ്ഥാനനേതാക്കൾ രംഗത്തെത്തി. മുൻമന്ത്രിയും സി.ഐ.ടി.യു. നേതാവുമായ എളമരം കരീം പറഞ്ഞു: ''എം.ഡി. നടത്തിയ വാർത്താസമ്മേളനം അനുചിതവും അദ്ദേഹത്തിന്റെ പദവിക്കു നിരക്കാത്തതുമാണ്. പത്രസമ്മേളനം നടത്തി തൊഴിലാളികളെ വിമർശിച്ചത് ന്യായീകരിക്കാനാവില്ല. അഴിമതി നടന്നിട്ടുണ്ടെങ്കിൽ മാനേജ്മെന്റിനു നടപടിയെടുക്കാം. സാമ്പത്തികപ്രശ്നങ്ങളുടെ ഉത്തരവാദിത്വം തൊഴിലാളികൾ ഏറ്റെടുക്കണമെന്ന എം.ഡി.യുടെ നിലപാട് അപഹാസ്യമാണ്.''

അതേസമയം ട്രേഡ് യൂണിയൻ നേതാക്കളുടെയും ജീവനക്കാരുടെയും എതിർപ്പുകൾ ശക്തമാകുമ്പോഴും ബിജു പ്രഭാകർ അദ്ദേഹത്തിന്റെ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് വിമർശനങ്ങൾക്ക് ഇങ്ങനെയാണ് മറുപടി നൽകിയത്: ''ഞാനാരെയും അധിക്ഷേപിച്ചിട്ടില്ല. ആക്ഷേപങ്ങൾ കൊണ്ടത് കാട്ടുകള്ളന്മാർക്കു മാത്രമാണ്. ചീഫ് ഓഫീസിലെ ഉപജാപകസംഘത്തിലുള്ള കുറച്ചുപേരാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. ഇവരാണ് കെ.എസ്.ആർ.ടി.സിയുടെ ശാപം. എന്റെ മുൻഗാമികളെ തെറിപ്പിച്ചതും ഇവരാണ്.'' കോർപ്പറേഷനെ അടിമുടി അഴിച്ചുപണിയണമെന്നും ഇപ്പോഴത്തെ സാമ്പത്തികപ്രതിസന്ധി മറികടക്കാൻ അതേ പരിഹാരമുള്ളൂ എന്നും അഭിപ്രായപ്പെട്ട എം.ഡി. ഇത്രയുംകൂടി കൂട്ടിച്ചേർത്തു:

''കോർപ്പറേഷനിൽ എല്ലാത്തരം കെടുകാര്യസ്ഥതയും അഴിമതിയും തട്ടിപ്പും കാലാകാലങ്ങളായി തുടരുകയാണ്. കേന്ദ്രീകൃതമായ ഒരു നിയന്ത്രണവും ഇല്ലാതായിരിക്കുന്നു. ഡി.റ്റി.ഒ.മാർ തമ്മിൽ ഏകോപനമോ ജീവനക്കാർക്ക് അഭിപ്രായൈക്യമോ ഇല്ല. സ്വകാര്യബസുടമകളിൽനിന്ന് പണവും മദ്യവും കൈപ്പറ്റി അവരുടെ ബസുകൾക്കു പിന്നാലെയാണ് ഓട്ടം. ലോക്കൽ പർച്ചേസിലൂടെ സ്പെയർപാർട്സുകൾ വാങ്ങി കോടികളുടെ അഴിമതിയാണ് നടത്തുന്നത്. ഓഡോമീറ്റർ തകരാറിലാക്കി ട്രിപ്ഷീറ്റിൽ ദൂരം കൂട്ടിയെഴുതി ഡീസൽ ചോർത്തുന്നതും നിത്യസംഭവമാണ്. പഴയ ടിക്കറ്റു നൽകുന്നവരും ടിക്കറ്റ്മെഷീനിൽ കൃത്രിമം കാട്ടുന്നവരും കുറ്റക്കാരാണ്. ഞാൻ സ്നേഹിക്കുന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ഇതൊന്നു നന്നായിക്കാണണമെന്നാണ് എന്റെ ആഗ്രഹം. ഇപ്പോഴത്തെ അവസ്ഥയിൽ രണ്ടു പോംവഴികളേ നമുക്കു മുമ്പിലുള്ളൂ; ഒന്നുകിൽ നന്നാകുക, അല്ലെങ്കിൽ അടച്ചുപൂട്ടുക.''


➤8


# പട്ടിണി മാറാതെ എന്തു വികസനം?



**റ്റോം ജോസ് തഴുവംകുന്ന്**



സാമ്പത്തികസാമൂഹികവൈജ്ഞാനികമേഖലകളിലെല്ലാം നേട്ടങ്ങൾ കൊയ്യുന്നുവെന്ന് അഭിമാനിക്കുമ്പോഴും നമ്മുടെ അടിസ്ഥാനവികസനം തൃപ്തികരമല്ലെന്ന് കാലികമായ വാർത്തകൾ നമ്മെ ഓർമിപ്പിക്കുന്നു. ഭക്ഷണവും പാർപ്പിടവും ആരോഗ്യസുരക്ഷയും അടിസ്ഥാനവിദ്യാഭ്യാസവും ശുദ്ധജലലഭ്യതയും തുടങ്ങി വെറും സാധാരണമായ അടിസ്ഥാനാവശ്യങ്ങൾക്കുമേൽ ഇന്നും വ്യക്തവും സുനിശ്ചിതവും സുദൃഢവുമായ വിജയം കൈവരിക്കാൻ നമുക്കായിട്ടില്ല. ജനങ്ങൾക്കു സൗഭാഗ്യം നൽകുന്നതിനല്ല; സൗഭാഗ്യത്തിനുവേണ്ടി പരിശ്രമിക്കുവാനുള്ള സൗകര്യം ഒരുക്കുന്നതിനാണ് ഭരണപാടവം എന്നു പറയുന്നത്. സൗജന്യങ്ങളുടെ പ്രവാഹത്തിലല്ല വികസനം വേരൂന്നേണ്ടത്; മറിച്ച്, അർഹിക്കുന്നത് ആർക്കാണെന്നു തിരഞ്ഞുകണ്ടെത്തുന്നതിലാണ്. ഉള്ളവനും ഇല്ലാത്തവനും ഉള്ളപ്പോഴും ദാരിദ്ര്യംകൊണ്ട് ആത്മഹത്യാമുനമ്പിലൂടെ സഞ്ചരിക്കുന്നവരെ കണ്ടെത്താനും അർഹമായത് അർഹമായ നേരത്തു നൽകുവാനും ജനപ്രതിനിധികളുടെ അവസരോചിതമായ ഇടപെടലുണ്ടാകണം. ഒരു ചെറിയ കൂട്ടായ്മയിൽ തീർക്കാമായിരുന്നത് നാടിനെ ഞെട്ടിക്കുന്ന നൊമ്പരമായി മാറുന്നത് എന്തുകൊണ്ട്? ചിന്തിക്കണം നാം.

നീതി നടത്തുവാൻ താമസിക്കുന്നത് അതു നിഷേധിക്കുന്നതിനു തുല്യമാണ്. രാഷ്ട്രീയം ഭൂരിപക്ഷത്തിനും ഒരു ഉപജീവനമാർഗമാണ്. തൊഴിലെന്ത് എന്ന ചോദ്യത്തിന് 'രാഷ്ട്രീയം' എന്ന് ഉത്തരം പറയുന്നതിലേക്ക് മഹാത്മജിയുടെ നാട്ടിലെ നേതാക്കൾ ചെറുതാകാമോ? മഹാത്മജിയുടെ വസ്ത്രധാരണത്തിൽപ്പോലും ഒരു ദേശസ്നേഹത്തിന്റെ സമർപ്പണമുണ്ട്. രാജ്യത്തെ ജനങ്ങളുടെ സാധാരണജീവിതം സംതൃപ്തമായി ക്രമീകരിക്കപ്പെട്ടിട്ടു മതി നേതാവിന്റെ ജീവിതമെന്നതു ശ്രദ്ധയർഹിക്കുന്ന ചിന്തയാണ്. ചുറ്റുമുള്ളവരുടെ ദാരിദ്ര്യവും പട്ടിണിയും മാറാതെ നേതാവിന്റെ സമൃദ്ധിയിൽ അർഥമുണ്ടോ?


➤10

# കൊമ്പൊടിക്കാനൊരു നോമ്പുകാലം



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

**അ**കലത്തിന് ആഗോളതലത്തിൽ അഭൂതപൂർവമായ പ്രസക്തിയും പ്രാധാന്യവുമുള്ള ഒരു പ്രത്യേകസാഹചര്യത്തിലൂടെയാണ് മനുഷ്യസമൂഹം ഇന്നു സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. 'അടുത്താൽ അടി' എന്നു കുട്ടികൾപോലും പറയുന്ന കാലം. അനുദിനപ്രാരബ്ധങ്ങൾക്കും തിരക്കുകൾക്കും ആകുലതകൾക്കും ആഘോഷങ്ങൾക്കുമിടയിൽ മനുഷ്യൻ മറക്കരുതാത്ത ശാരീരികശുചിത്വത്തെക്കുറിച്ചും അവശ്യം പാലിക്കേണ്ട അകലങ്ങളെക്കുറിച്ചുമൊക്കെ ഓർമിപ്പിക്കാൻ ഒരു വലിയ പരിധിവരെ ഈ കൊറോണക്കാലം സഹായകമാകുന്നുണ്ട്. ആവശ്യമായ അകലങ്ങൾ ആരോഗ്യകരങ്ങളാണെന്നും അനാവശ്യമായ അടുപ്പങ്ങൾ അപകടകരങ്ങളാണെന്നുമുള്ള അടിസ്ഥാനപരമായ അറിവ് കൊവിഡ്-19 പാഠപുസ്തകം പകർന്നുതരുന്നു.

അകലത്തിന് അഭിവാദ്യവും അടുപ്പത്തിന് അയിത്തവും കല്പിക്കുന്ന ഇക്കാലത്ത് ക്രിസ്ത്യാനികൾ അമ്പതുനോമ്പിന്റെ ആത്മീയനാളുകളിലേക്കു പ്രവേശിക്കുകയാണ്. ചില അകലങ്ങളുടെയും അടുപ്പങ്ങളുടെയും ആകത്തുകയാണ് ക്രിസ്തുശിഷ്യത്വത്തിന്റെ വില എന്നത് ഓരോ ക്രിസ്ത്വനുയായിയും ഹൃദയവാതിലിൽ കൊത്തിവയ്ക്കേണ്ടത്. 'കൊറോണക്കാലത്ത് ശാരീരികമായി അകന്നിരിക്കുമ്പോഴും, ഹൃദയങ്ങൾ അടുത്തിരിക്കണം' എന്ന ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ നോമ്പുകാല ആത്മീയതയിൽ ആഴപ്പെടാൻ പ്രേരകമാവണം.

**അവിശുദ്ധിയിൽനിന്നുള്ള അകലം**

അശുദ്ധിയിൽനിന്നുതന്നെയാണ് ആത്യന്തികമായി ഓരോ മനുഷ്യനും അകലേണ്ടത്. കാരണം, ആത്മാവിനും ആരോഗ്യത്തിനും ഒരുപോലെ ആപത്കരമായിട്ടുള്ളത് ആന്തരികവും ബാഹ്യവുമായ അശുദ്ധി ഒന്നു മാത്രമാണ്. ശാരീരികാശുദ്ധി ശാരീരികരോഗങ്ങൾക്കു കാരണമാകുന്നതുപോലെ ആത്മീയാശുദ്ധി ആത്മീയവ്യാധികൾക്കും ഹേതുവാകുന്നു. ആരോഗ്യമുള്ള ആത്മാവുള്ളവർക്കേ ആരോഗ്യമുള്ള ശരീരമുണ്ടാകൂ. അങ്ങനെ വരുമ്പോൾ, അടിസ്ഥാനപരമായി 'അശുദ്ധി'യാണ് മനുഷ്യന്റെ വിനാശകാരണമായ 'വൈറസ്'. അതിൽനിന്നു നാം പാലിക്കുന്ന അകലമാണ് അനശ്വരമായ ജീവനിലേക്കും രക്ഷയിലേക്കുമുള്ള അടുപ്പം. അശുദ്ധിയുടെ നിറവും മണവും രുചിയും സ്വരവും സ്പർശവുമുള്ള സകലതിൽനിന്നും സമദൂരം കാക്കാൻ കരുത്താർജിക്കണം. 'പഞ്ചേന്ദ്രിയജയം' എന്നു സാധാരണ പറയാമെങ്കിലും ആറാമത്തെ ഒരു ഇന്ദ്രിയത്തിന്റെ നിയന്ത്രണമാണ് പരമപ്രധാനമായിട്ടുള്ളത്. അതു ഹൃദയമാകുന്ന ഇന്ദ്രിയത്തിന്റെ നിഗ്രഹമാണ്. ഹൃദയമാണ് ഇദംപ്രഥമമായി നിയന്ത്രണവിധേയമാകേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും. കാരണം, ഉള്ളിൽനിന്ന് ഉദ്ഭവിക്കുന്നവയാണ് ആരെയും അശുദ്ധരാക്കുന്നത് (മത്തായി 15:18).

അകലം പാലിക്കുക എന്നാൽ 'അരുത്' എന്നു പറയുന്നതിനു



തുല്യമാണ്. ആരിൽനിന്നും എന്തിൽനിന്നുമൊക്കെ നാം അകന്നുനില്ക്കുന്നുവോ അവയോടൊക്കെ ഒരു 'നോ' മനോഭാവം നാം പുലർത്തുന്നുണ്ട് – അങ്ങനെയാകുമ്പോൾ 'നോമ്പു'കാലം, ചില 'മ്പ്' കളോട് 'നോ' പറയാനുള്ള കാലംകൂടിയാണ്. അവയിൽ ആദ്യത്തേത് 'കൊമ്പ്' ആണ്. അഹങ്കാരം ഇതിന്റെ പര്യായമാണ്. 'വല്യ കൊമ്പുള്ളയാളാ' എന്നു ചിലരെപ്പറ്റി നാംതന്നെ വിലയിരുത്താറില്ലേ? ഉള്ളതിലധികം ഭാവിക്കുന്ന ദുസ്സ്വഭാവമാണിത്. നമ്മെക്കുറിച്ചുള്ള തെറ്റുധാരണയാണ് നിഗളത്തിലേക്കു നമ്മെ നയിക്കുന്നത്. ജീവിതം പിച്ചച്ചട്ടിയാണെന്നും അതിൽ കിട്ടിയിട്ടുള്ളവയൊക്കെയും കേവലം ഭിക്ഷയാണെന്നുമുള്ള ഒന്നാം പാഠം നോമ്പുകാലത്ത് പലവുരു ഉരുവിട്ടു ഹൃദിസ്ഥമാക്കാം. അഹങ്കാരം അലങ്കാരമല്ല, അപകടമാണ് എന്നുള്ള തിരിച്ചറിവോടെ തെളിമയുള്ള എളിമയ്ക്കായി, വിനയമെന്ന വലിയ പുണ്യത്തിനായി തൊഴുത്തോളം താഴ്ന്നവനോടു പ്രാർത്ഥിക്കാം (സുഭാ. 16:18).

രണ്ടാമത്തേത്, 'കുശുമ്പ്' ആണ്. അസൂയ ഇതിന്റെ അപരനാമമാണ്. മറ്റുള്ളവരിലെ നന്മയെ അംഗീകരിക്കാൻ കഴിയാതെവരുമ്പോൾ നമ്മിലുണ്ടാകുന്ന ഒരു തോന്നലാണിത്. ഈ ദുർഗുണത്തോട് 'നോ' പറയാൻ പഠിക്കണം. നമ്മിലില്ലാത്ത നന്മകൾ മറ്റുള്ളവരിൽ കാണുന്നതുകൊണ്ടല്ല മറിച്ച്, നമ്മിലെ നന്മയെ കാണാനും അവയെ അംഗീകരിക്കാനും നമുക്ക് കഴിയാത്തതുമൂലമാണ് അന്യരോട് അസൂയ തോന്നുന്നത്. നമ്മിലേക്കു നല്ലവണ്ണം നോക്കാൻ നോമ്പിന്റെ നാളുകളിൽ പരിശ്രമിക്കാം. അപ്പോൾ കുശുമ്പുകുത്താൻ സമയം കാണില്ല. പരപ്രശംസയ്ക്ക് നേരം പോരാതെയും വരും (സുഭാ. 14:30).

മൂന്നാമത്തേത്, 'വമ്പ്' ആണ്. വീമ്പ് ഇതിന്റെ വിളിപ്പേരാണ്. പൊങ്ങച്ചം പറയുക എന്ന ദുസ്സ്വഭാവമാണിത്. പരമാർഥത്തിനു മേമ്പൊടി ചേർത്ത് പൊലിപ്പിച്ചുള്ള ഈ സംസാരശൈലിയിൽ അസത്യങ്ങൾക്ക് അഴകും ആകർഷണവും കൊടുക്കാനാണ് നാം ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ദുശ്ശീലത്തെ ദൂരെയകേറ്റണ്ടത് ആവശ്യമാണ്. പൊടിപ്പും തൊങ്ങലുമില്ലാത്ത 'അതേ'കൾക്കും 'അല്ല'കൾക്കും ഇനിമുതൽ നമ്മുടെ നാവിൻതുമ്പിൽ ഇടംകൊടുക്കാൻ ശ്രദ്ധിക്കാം (സുഭാ. 27:2).

നാലാമത്തേത് 'അലമ്പ്' ആണ്. വൃത്തികേട് എന്നാണ് ഇതിനർത്ഥം. വിവിധ തരത്തിലുള്ള വൃത്തിയില്ലായ്മയുണ്ട്. ബാഹ്യമായ ശുദ്ധിരാഹിത്യത്തെ ഇല്ലാതാക്കാൻ ശരീരത്തെയും ജീവിതയിടങ്ങളെയും വൃത്തിയായി സൂക്ഷിക്കണം. ആന്തരികശുദ്ധിശൂന്യത പരിഹരിക്കാൻ വാക്കുകളെയും ചിന്തകളെയും കർമ്മങ്ങളെയും ശുദ്ധമായി കാക്കണം. വൃത്തികേടുള്ള യാതൊന്നിനും നമ്മുടെ ജീവിതവൃത്തത്തിനുള്ളിൽ സ്ഥാനം കൊടുക്കാതിരിക്കാം (മത്താ 23:27).

അഞ്ചാമത്തേത്, 'അമ്പ്' ആണ്. അന്യരിൽ അകാരണമായി നാം ഏല്പിക്കുന്ന ഉൾമുറിവ് ഉപേക്ഷിക്കാൻ നാം തയ്യാറാകണം. ആരും മുറിവേല്ക്കാൻ നാം കാരണമാകരുത്. മനോവ്രണങ്ങൾ മായാൻ വൈകുമെന്നു മറക്കരുത്. അബദ്ധപ്രചാരണങ്ങളും അസത്യസാക്ഷ്യങ്ങളും അവഹേളനവചസ്സുകളും അവസാനിപ്പിക്കാം. ആരെയും വ്യക്തിഹത്യ ചെയ്യാതിരിക്കാം. വെറുപ്പും വൈരാഗ്യവും വെടിയാം. കുറ്റാരോപിതർ കുറ്റക്കാരാകണമെന്നില്ല. മുൻവിധിയോടുകൂടി അവർക്കുനേരേ മുഷ്ടിചുരുട്ടാതിരിക്കാം (പുറ 23:1). ഇത്യാദി കാമ്പില്ലാത്ത 'മ്പ്' കളെ കഴിവതും അകറ്റി നമ്മുടെ കൊച്ചുജീവിതത്തെ കൂടുതൽ 'കഴമ്പ്' ഉള്ളതാക്കി മാറ്റാം. വിശുദ്ധിക്കു വിഘാതമായി നില്ക്കുന്ന എല്ലാറ്റിനോടും വിടചൊല്ലാനുള്ള ചങ്കൂറ്റവും വിവേകവും വലിയ നോമ്പിൽ സ്വന്തമാക്കാൻ നമുക്കു സാധിക്കണം.

**അതിശുദ്ധിയിലേക്കുള്ള അടുപ്പം**

അതിശുദ്ധിയോടുതന്നെയാണ് അടിസ്ഥാനപരമായി നാം അടുക്കേണ്ടത്. ആത്മാവിനും ആരോഗ്യത്തിനും ഒരുപോലെ ആവശ്യമായിട്ടുള്ളത് ആന്തരികവും ബാഹ്യവുമായ ശുദ്ധി ഒന്നു മാത്രമാണ്. 'ശുദ്ധി' തന്നെയാണ് ആയുസ്സിന്റെ ആധാരം. ദൈവം വിശുദ്ധിയും, ദൈവികമായവയൊക്കെ വിശുദ്ധവുമാണ്. ആകയാൽ, അവയോടൊക്കെയാണ് നാം അനുനിമിഷം അടുക്കേണ്ടത്. പരിശുദ്ധിയിലേക്കു നമ്മെ അടുപ്പിക്കുന്ന മൂന്നു പാതകളിലൂടെയുള്ള പ്രയാണമാണ് നോമ്പുകാലജീവിതം.

അവയിൽ ആദ്യത്തേത് പ്രാർഥനപാതയാണ്. പ്രാർഥന പരമമായും ഒരു കൊടുക്കൽ പ്രക്രിയയാണ്. സർവതിനും ഉടയവനായ ദൈവത്തിനു നാം സമയവും സ്ഥലവും നല്കുന്ന പ്രവൃത്തിയാണത്. അതുവഴി നിത്യനായവൻ നിസ്സാരരായ നമ്മുടെ അസ്തിത്വത്തിന്റെ ഭാഗമായിത്തീരുകയാണു ചെയ്യുന്നത്. അവിടുന്നു നമ്മെ എത്രമാത്രം ആവരണം ചെയ്യുന്നുവോ അത്രമാത്രം നമ്മുടെ ആയുസ്സിന് അഴകും അർഥവുമുണ്ടാകും. നമ്മെ കർത്താവിനു കുറച്ചുകൂടി വിട്ടുകൊടുക്കാൻ പ്രാർഥനവഴിയിലൂടെയുള്ള സഞ്ചാരം സഹായിക്കും. പതിവുള്ളതിന്റെ പാതികൂടിയെങ്കിലും നേരം തമ്പുരാന്റെ തിരുമുമ്പിലിരിക്കാൻ പരിശ്രമിക്കാം (മത്താ 26:41; സങ്കീ. 141:2).

രണ്ടാമത്തേത്, പശ്ചാത്താപപാതയാണ്. പറ്റിപ്പോയ തെറ്റുകളെപ്പറ്റിയുള്ള മായമില്ലാത്ത മനസ്താപമാണിത്. അപരാധങ്ങൾ ആവർത്തിക്കില്ല എന്നുള്ള ദൃഢനിശ്ചയം അനുതാപത്തിന്റെ ഭാഗമാകുമ്പോഴാണ് അതിനു പ്രസക്തിയും പ്രയോജനവുമേറുന്നത്. അമ്പതുനോമ്പുകാലം ആത്മാർത്ഥമായ അനുതാപത്തിന്റെ ദിനരാത്രങ്ങളുടേതാകട്ടെ. ചില കണ്ണുനനയലുകളുടെ അനുഭവങ്ങളിലൂടെ കടന്നുപോയെങ്കിലേ നോമ്പിനു കാമ്പുണ്ടാകൂ (ലൂക്കാ 5:32; എസെക്കി. 18:30).

മൂന്നാമത്തേത്, പരിഹാരപാതയാണ്. നമ്മുടെ കടങ്ങളും പാപങ്ങളും നാമും നാമുമായും നാമും മറ്റുള്ളവരുമായും, നാമും ദൈവവുമായുമുള്ള ബന്ധങ്ങളിൽ പല വിള്ളലുകളും ശൂന്യതകളും സൃഷ്ടിക്കുന്നുണ്ട്. അനുയോജ്യമായ പ്രായശ്ചിത്തപ്രവൃത്തികളിലൂടെ മാത്രമേ അവയെ പരിഹരിക്കാനാവൂ. വിശുദ്ധവചനമാകുന്ന 'വാക്സിൻ', പരിശുദ്ധ കൂദാശകളാകുന്ന 'സാനിറ്റൈസർ', വിശ്വാസമാകുന്ന 'മാസ്ക്' മുതലായവ ആത്മീയയാത്രയിൽ വേണ്ടുവോളം കൈയിൽ കരുതാം. ദാനധർമം, സത്കൃത്യങ്ങൾ എന്നിവയിലൂടെയൊക്കെ പിണഞ്ഞുപോയ പിഴകൾക്കു പരിഹാരം ചെയ്യാം (ലൂക്കാ 13:3; എസെക്കി. 18:21). അമ്പതുനോമ്പ് ഇപ്രകാരമുള്ള പവിത്രമായ അനുഷ്ഠാനങ്ങളുടെയും അവസരമാകട്ടെ.

# പത്മപുരസ്കാരനിറവിൽ കേരളം

**ഈ വർഷത്തെ പത്മപുരസ്കാരത്തിൽ കേരളത്തിന് അഭിമാനനേട്ടം. ഒരു പത്മഭൂഷനും അഞ്ചു പത്മശ്രീയും ഉൾപ്പെടെ ആറ് പുരസ്കാരങ്ങളാണ് ഇത്തവണ കേരളത്തെ തേടിയെത്തിയത്. മലയാളത്തിന്റെ വാനമ്പാടി കെ.എസ്. ചിത്രയ്ക്കാണ് പത്മഭൂഷൻ ലഭിച്ചത്. ഗാനരചയിതാവും സംഗീതജ്ഞനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിക്കും മുൻകായികപരിശീലകനും പി.ടി. ഉഷയുടെ ഗുരുവുമായ ഒ.എം. നമ്പ്യാർക്കും പത്മശ്രീ ലഭിച്ചു. ഇവരെക്കൂടാതെ തോൽപാവക്കൂത്ത് കലാകാരൻ കെ.കെ. രാമചന്ദ്ര പുലവർ, ആത്മീയപുസ്തകങ്ങളുടെ രചയിതാവ് ബാലൻ പൂതേരി, വയനാട്ടിലെ സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷനിലെ ചീഫ് മെഡിക്കൽ ഓഫീസർ ഡോക്ടർ ധനഞ്ജയ് ദിവാകർ സംഗ്ദേ എന്നിവരും കേരളത്തിൽനിന്നുള്ള പത്മശ്രീ ലിസ്റ്റിൽ ഇടംപിടിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നായി 103 പേരാണ് ഇപ്രാവശ്യം പത്മശ്രീപുരസ്കാരത്തിന് അർഹരായത്.**

■ ഇഗ്നേഷ്യസ് കലയന്താനി



പത്മഭൂഷൺ കെ.എസ്. ചിത്ര

"ഒപ്പം നിന്ന എല്ലാവരെയും നന്ദിയും സ്നേഹവും അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ അംഗീകാരം അച്ഛനും ഗുരുക്കന്മാർക്കും എല്ലാ മലയാളികൾക്കും സമർപ്പിക്കുന്നു. ഒപ്പം വ്യാധി മാറട്ടെ എന്ന പ്രാർഥനയും." പത്മഭൂഷൻ കിട്ടിയതറിഞ്ഞപ്പോൾ ഗായിക കെ.എസ്. ചിത്രയുടെ ആദ്യ പ്രതികരണം ഇങ്ങനെയായിരുന്നു.

നാലു പതിറ്റാണ്ടിലേറെയായി ആകുയിൽനാദം ആരാധകലക്ഷങ്ങളെ തഴുകിയുണർത്തുന്നു. മൂന്നു ഭാഷകളിലായി ആറ് ദേശീയപുരസ്കാരങ്ങളും വ്യത്യസ്ത ഭാഷകളിലായി 36 സംസ്ഥാന ചലച്ചിത്ര അവാർഡുകളും ചിത്രയെ തേടിയെത്തി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയ അവാർഡുകൾ കരസ്ഥമാക്കിയ ഗായിക എന്ന റെക്കോർഡും ചിത്രയ്ക്കാണ്. ആദ്യമായി ലഭിച്ചത് ഫിലിം ക്രിട്ടിക്സ് അവാർഡാണ്. 'നോക്കെത്താ ദൂരത്ത് കണ്ണുംനട്ട്' എന്ന സിനിമയിലെ 'ആയിരം കണ്ണുമായി' എന്ന പാട്ടിനാണതു ലഭിച്ചത്. പതിനാറ് തവണ കേരള സംസ്ഥാന സർക്കാരിന്റെ അവാർഡ് ലഭിച്ചു. തമിഴ്നാട്, ആന്ധ്രാ സർക്കാരുകളും ചിത്രയ്ക്ക് പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഒറിയ, ഹിന്ദി, ബംഗാളി, ആസാമീസ്, തുളു ഭാഷകളിലായി ഇരുപത്തയ്യായിരത്തിലേറെ പാട്ടുകൾ സിനിമയ്ക്കു വേണ്ടിയും ഏഴായിരത്തോളം പാട്ടുകൾ അല്ലാതെയും പാടിയിട്ടുണ്ട്. 2005 – ൽ പത്മശ്രീ പുരസ്കാരം നൽകി രാജ്യം അവരെ ആദരിച്ചു. ഇപ്പോൾ പത്മഭൂഷനും തേടിയെത്തി.

പിതാവ് കൃഷ്ണൻ നായരായിരുന്നു സംഗീതത്തിലെ ആദ്യഗുരു. പിന്നീട് ഡോ. കെ. ഓമനക്കുട്ടിയുടെ കീഴിൽ കർണാടകസംഗീതം അഭ്യസിച്ചു. എം.ജി. രാധാകൃഷ്ണന്റെ സംഗീതത്തിൽ അട്ടഹാസമെന്ന ചിത്രത്തിൽ 'ചെല്ലം ചെല്ലം' എന്ന ഗാനം പാടിയാണ് ചിത്ര സിനിമയിൽ എത്തിയത്. പുറത്തിറങ്ങിയ ആദ്യ ഗാനം പത്മരാജന്റെ നവംബറിന്റെ നഷ്ടം എന്ന സിനിമയിലെ 'അരികിലോ അകലെയോ' എന്ന ഗാനം. കേരളത്തിന്റെ വാനമ്പാടി എന്നതുകൂടാതെ ഫീമെയിൽ യേശുദാസ്, ഗന്ധർവ ഗായിക, സംഗീതസരസ്വതി, ചിന്നക്കുയിൽ, കന്നഡ കോകില, പിയ ബസന്തി എന്നീ പേരുകളും ആരാധകർ ചിത്രയ്ക്കു സമ്മാനിച്ചു. വിജയശങ്കറാണ് ചിത്രയുടെ ഭർത്താവ്.

### കൈതപ്രം ദാമോദരൻ നമ്പൂതിരി



മലയാളഗാനശാഖയ്ക്ക് അതുല്യ സംഭാവന നൽകിയ കൈതപ്രം ദാമോദരൻ നമ്പൂതിരിയെത്തേടിയെത്തിയത് പത്മശ്രീ ബഹുമതിയാണ്. പുരസ്കാരം ലഭിച്ചതറിഞ്ഞപ്പോൾ കൈതപ്രത്തിന്റെ ആദ്യപ്രതികരണം ഇങ്ങനെയായിരുന്നു: "വലിയ സന്തോഷം. ഗുരുക്കന്മാർക്കെല്ലാം നന്ദിയും സ്നേഹവും. മരിച്ചുപോയ മുത്തച്ഛന് ഈ പുരസ്കാരം ഞാൻ സമർപ്പിക്കുന്നു."


'തിരുവരങ്ങ്' എന്ന നാടകസമിതിയുമായി ചേർന്ന് 1970 ലാണ് കൈതപ്രം ഗാനരചനാരംഗത്ത് ചുവടുറപ്പിച്ചത്. അദ്ദേഹത്തിന്റെ നിരവധി ലളിതഗാനങ്ങൾ ആകാശവാണിയിലൂടെ ആസ്വാദകഹൃദയങ്ങൾ കീഴടക്കി. നരേന്ദ്രപ്രസാദിന്റെ 'നാട്യഗൃഹ'ത്തിൽ നടനും സംഗീതസംവിധായകനും ഗായകനുമായിരുന്നു. 20 വർഷത്തിലേറെയായി കൈതപ്രം മ്യൂസിക് തെറപ്പി നടത്തുന്നുണ്ട്. സംഗീതചികിത്സ ഒരുപാട് രോഗികൾക്ക് ആശ്വാസം പകർന്നിട്ടുണ്ട് എന്ന് കൈതപ്രം സാക്ഷ്യപ്പെടുത്തുന്നു.

1986 ൽ ഫാസിലിന്റെ 'എന്നെന്നും കണ്ണേട്ടന്റെ' എന്ന ചിത്രത്തിനുവേണ്ടി ഗാനങ്ങൾ രചിച്ചുകൊണ്ടായിരുന്നു കൈതപ്രത്തിന്റെ സിനിമയിലേക്കുള്ള ചുവടുവയ്പ്പ്. നാനൂറിലേറെ സിനിമകൾക്കുവേണ്ടി പാട്ടെഴുതി. 1993 ലും 1996 ലും ഗാനരചനയ്ക്കു സംസ്ഥാനചലച്ചിത്ര പുരസ്കാരം ലഭിച്ചു. നാടകഗാനരചനയ്ക്കും രണ്ടു തവണ സംസ്ഥാന സർക്കാരിന്റെ അവാർഡ് കിട്ടി. കർണാടകസംഗീതത്തിലെ സംഭാവനകൾക്ക് തുളസീവനപുരസ്കാരവും ലഭിച്ചു.

1996 ൽ ദേശാടനം എന്ന സിനിമയിലൂടെ സംഗീതസംവിധായകനായി അരങ്ങേറ്റം കുറിച്ചു. കാരുണ്യം സിനിമയിലെ ഗാനങ്ങൾക്ക് ഈണം പകർന്നതിന് 1997 ൽ മികച്ച സംഗീതസംവിധായകനുള്ള സംസ്ഥാനപുരസ്കാരം കിട്ടി. സോപാനം എന്ന ചിത്രത്തിനുവേണ്ടി തിരക്കഥ എഴുതി. ഇരുപതോളം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുമുണ്ട്.

ദേവകി അന്തർജനമാണ് ഭാര്യ. ദീപാങ്കുരൻ (സംഗീതസംവിധായകൻ), ദേവദർശൻ എന്നിവർ മക്കൾ.

### ഒ.എം. നമ്പ്യാർ



പി.ടി. ഉഷ എന്ന പയ്യോളി എക്സ്പ്രസിനെ ഇന്ത്യൻ കായികലോകത്തിനു സമ്മാനിച്ച ഒ.എം. നമ്പ്യാർ അഥവാ ഒതയോത്ത് മാധവൻ നമ്പ്യാർ ആണ് ഇത്തവണ പത്മശ്രീയ്ക്ക് അർഹനായ മറ്റൊരു മലയാളി. പത്മശ്രീ തേടിയെത്തുമ്പോൾ എൺപത്താറുകാരനായ നമ്പ്യാർ രോഗക്കിടക്കയിലാണ്. അന്താരാഷ്ട്രതലത്തിൽ നൂറിലേറെ മെഡലുകളാണ് ഉഷയിലൂടെ നമ്പ്യാർ ഭാരതത്തിനു നേടിക്കൊടുത്തത്.

1970 ൽ കേരള സ്പോർട്സ് കൗൺസിലിൽ പരിശീലകനായി ചേർന്ന ഒ.എം. നമ്പ്യാർ 1976 ലാണ് കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ ചുമതലയേറ്റത്. അന്ന് അവിടെ വിദ്യാർഥിനിയായിരുന്ന ഉഷയെ പരിശീലിപ്പിക്കാൻ നമ്പ്യാർക്ക് അവസരം ലഭിച്ചു. പിന്നീട് ഉഷയുടെ മാത്രം പരിശീലകനായി. 1980, 84, 88, 92, 96 വർഷങ്ങളിലെ ഒളിമ്പിക്സുകളിലും വിവിധ വർഷങ്ങളിലെ ദേശീയ അന്തർദേശീയ ഗെയിമുകളിലും മാധവൻ നമ്പ്യാരുടെ പരിശീലനത്തിലാണ് ഉഷ സ്വർണം വാരിക്കൂട്ടിയത്. പത്മിനി, സാറാമ്മ, വന്ദന റാവു എന്നിവരും നമ്പ്യാരുടെ ശിഷ്യരായി കുറച്ചുകാലം പരിശീലനം നേടിയിട്ടുണ്ട്.

അനവധി കായികപ്രതിഭകളെ വാർത്തെടുത്ത നമ്പ്യാർക്ക് 1985 ൽ പ്രഥമ ദ്രോണാചാര്യപുരസ്കാരം നൽകി രാജ്യം ആദരിച്ചു. ഇപ്പോഴിതാ പത്മശ്രീയും അദ്ദേഹത്തെ തേടിയെത്തി. നന്മനിറഞ്ഞ ഒരു മനസിന്റെ ഉടമ കൂടിയാണ് നമ്പ്യാർ. കിടപ്പാടമില്ലാതിരുന്ന ചിലർക്ക് അദ്ദേഹം വീടു വയ്ക്കാൻ സൗജന്യമായി സ്ഥലം നൽകി സഹായിച്ചിരുന്നു.

### കെ.കെ. രാമചന്ദ്ര പുലവർ



പാവക്കൂത്ത് എന്ന എന്ന പൗരാണിക ക്ഷേത്രകലയെ അമ്പലവളപ്പിൽനിന്നു പുറത്തെത്തിച്ചു മാലോകർക്കു കാട്ടിക്കൊടുത്ത കെ.കെ. രാമചന്ദ്ര പുലവരാണ് പത്മശ്രീ നേടിയ മറ്റൊരു മലയാളി. ദേവിക്കു മുമ്പിൽ അവതരിപ്പിക്കാൻവേണ്ടി മാത്രം ചിട്ടപ്പെടുത്തിയ പാവക്കൂത്തിനെ പുലവർ ജനകീയകലയാക്കി മാറ്റുകയായിരുന്നു.

കഴിഞ്ഞ 15 വർഷമായി അദ്ദേഹം പാവക്കൂത്ത് പരിശീലിപ്പിക്കുകയും സ്കൂളുകളിലും വിവിധ വേദികളിലും അവതരിപ്പിക്കുകയും ചെയ്യുന്നു. 'തോൽപ്പാവക്കൂത്ത്' എന്ന പുസ്തകവും രചിച്ചിട്ടുണ്ട്.

ഷൊർണൂർ സ്വദേശിയായ രാമചന്ദ്ര പുലവറിന് പാവക്കൂത്തിലെ മികച്ച പ്രകടനത്തിന് കേന്ദ്ര-കേരള സംഗീതനാടക അക്കാദമിയുടെ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രശസ്ത തോൽപ്പാവക്കൂത്ത് കലാകാരൻ കെ.എൽ. കൃഷ്ണൻകുട്ടി പുലവരുടെ മകനാണ് രാമചന്ദ്ര പുലവർ.

### ബാലൻ പൂതേരി



പത്മശ്രീ ലഭിച്ച ബാലൻ പൂതേരി വേറിട്ടൊരു പ്രതിഭയാണ്. ശാരീരികപരിമിതികളെ അതിജീവിച്ച് ഇരുന്നൂറിലേറെ ആത്മീയ പുസ്തകങ്ങളാണ് ബാലൻ പൂതേരി എഴുതിയത്.

ജനിച്ചപ്പോൾത്തന്നെ വലതുകണ്ണിനു കാഴ്ചയില്ലായിരുന്നു. ഇടതുകണ്ണിന് കുറച്ചുമാത്രം കാഴ്ച. അറുപത്തിമൂന്നു പുസ്തകങ്ങൾ പുറത്തിറങ്ങിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഇടതുകണ്ണിന്റെ പ്രകാശവും പൂർണമായി നഷ്ടപ്പെട്ടു. തുടർന്ന് മനസ്സിൽ തെളിഞ്ഞ വാചകങ്ങൾ സുഹൃത്തുക്കൾക്കു പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നു. പ്രതിസന്ധികളെ തരണം ചെയ്ത് എഴുത്തിന്റെ ലോകത്തു ചുവടുറപ്പിച്ചതിനുള്ള അംഗീകാരമാണ് അദ്ദേഹത്തെ തേടിയെത്തിയത്.

മലപ്പുറം ജില്ലയിലെ കരിപ്പൂരിനടുത്തു കാടപ്പടിയിൽ താമസിക്കുന്ന ബാലൻ അഗതികൾക്കായി ശ്രീകൃഷ്ണ സേവാശ്രമം എന്ന ധർമസ്ഥാപനവും നടത്തുന്നുണ്ട്.

### ഡോക്ടർ ധനഞ്ജയ് ദിവാകർ സാംഗ്ദേ



വയനാട്ടിലെ ആദിവാസികൾക്കിടയിൽ ആതുരസേവനം നടത്തുന്ന അറുപത്തിനാലുകാരനായ ഡോ. ധനഞ്ജയ് ദിവാകർ സാംഗ്ദേ നാലുപതിറ്റാണ്ടുമുമ്പ് നാഗ്പൂരിൽനിന്ന് വയനാട്ടിലെത്തി. പിന്നാക്കക്കാരുടെ ആരോഗ്യത്തിന് ഊന്നൽ നൽകി മെഡിക്കൽ രംഗത്തു പ്രവർത്തിക്കുന്നു.

ആദിവാസിവിഭാഗങ്ങളിൽ മാത്രം കണ്ടുവരുന്ന അരിവാൾരോഗത്തെക്കുറിച്ച് ഡോ. ധനഞ്ജയ് നടത്തിയ പഠനങ്ങൾ ലോകശ്രദ്ധ നേടിയിരുന്നു. ഈ രംഗത്തെ സംഭാവനകൾ പരിഗണിച്ചാണ് പത്മശ്രീ.

കല്പറ്റ മുട്ടിൽ വിവേകാനന്ദ ആശുപത്രിയിൽ അരിവാൾരോഗികൾ ഉൾപ്പെടെയുള്ളവരെ ചികിത്സിക്കുന്നതിൽ അദ്ദേഹം ഇപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മെഡിക്കൽ സേവനത്തിനൊപ്പം ആദിവാസിവിഭാഗങ്ങളുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള പദ്ധതികളും അദ്ദേഹം നടപ്പിലാക്കിയിട്ടുണ്ട്. ഭാര്യ സുജാത. നാഗ്പൂരിൽ എൻജിനീയറായ അദിതി, ഡോ. ഗായത്രി എന്നിവരാണ് മക്കൾ. ■



നിഷ ആന്റണി

# ജനകീയൻ

കഥ

രണ്ടാഴ്ചക്കാലത്തെ ആശുപത്രിവാസത്തിനുശേഷം സ്വഭവനത്തിലെത്തി വിശ്രമിക്കുന്നതിനിടയിലാണ് അയലോക്കംകാരുടെ സന്ദർശനങ്ങളും ഫോൺ കോളുകളും ഇടതടവില്ലാതെ വന്നത്. അതു കണ്ട കോശിച്ചായന് ഒരു സംശയം:

റെസിഡൻസ് അസോസിയേഷൻകാരുടെ ഇടയിൽ തനിക്കിത്രയേറെ മതിപ്പും, ഗുണനിലവാരോം ഉണ്ടോ...?

കോശിച്ചായനെ കാണാൻ വന്ന സഹൃദയരിൽ ചിലർ അടുക്കളയിലേക്കു കണ്ണെറിഞ്ഞു. ചിലർ, ചായ നിറച്ച ട്രേയുമായി ആന്യമ്മ നടന്നുവരുന്നതും, സാരിയുലയുന്നതും, വിയർപ്പണിഞ്ഞ മേൽച്ചുണ്ട് ഉയർത്തി തങ്ങൾക്കുനേരേ പുഞ്ചിരിക്കുന്നതും ഭാവനയിൽ കണ്ടു. രോഗിക്കു വിശ്രമം കൊടുക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചതുകൊണ്ടാണോ എന്നറിയില്ല, ചിലർ കോശിച്ചായനെ സംസാരിക്കുവാൻപോലും അനുവദിക്കാതെ വെള്ളരിക്കാപോലിരിക്കുന്ന ആന്യമ്മയോടു മാത്രമായി വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. ചിലർ മുഖത്ത് ദയനീയത വരുത്തി സഹതപിച്ചു.

ആന്യമ്മേ....

നെൻക്കല്ലായിരുന്നോടീ എന്നെ വല്യ ദോഷം പറച്ചില്.

അറുത്ത കൈയ്ക്ക് ഉപ്പ് തേക്ക്യേലാത്ത മനുഷേനാ



ഞാനെന്ന്. എന്നിട്ട് കണ്ടോടീ ദെവസേന എത്ര പേരാ എന്നെ കാണാൻ വരുന്നേന്ന്.

അതു കേട്ട് ആന്യമ്മ ഒന്നു മൂളി.

ആന്യമ്മേ...

ഇച്ചായൻ പറ...

ഞാൻ പിശുക്കൊക്കെ നിർത്തി ജനകീയനാവുന്നതിനോട് നിനക്കെന്താ അഭിപ്രായം...

ഇച്ചായിന്റിഷ്ടം...

അല്ലേലും നമ്മളൊക്കെ എന്തോന്നിനാടീ രാവു പകലാക്കി അദ്ധ്വാനിക്കുന്നെ. ഒടേതമ്പ്രാൻ പറേന്ന പോലെ നാളേക്കുറിച്ച് എന്തിനാ ആകുലപ്പെടുന്നേ? രണ്ടാഴ്ച മുൻപ് ഞാൻ വഴീക്കെടന്നനുഭവിച്ച നെഞ്ചുവേദന. വണ്ടി ഓടിച്ച് ആശൂത്രീലെത്തിച്ചത് ഏതോ ഒരു മനുഷ്യൻ. ഒന്നാലോചിക്കുമ്പോ നീ പറയുന്നതാ ശരി. വല്ലതുമൊക്കെ കൊണ്ടും കൊടുത്തും ജീവിക്കുമ്പഴാ ജീവിതം ജീവിതമാകുന്നത്...

ആന്യമ്മ ഒരു ദീർഘനിശ്വാസമെടുത്ത് ഉള്ളാലേ ദൈവത്തിനു നന്ദി പറഞ്ഞു.

കോശിച്ചായൻ ആശുപത്രിയിലായിരുന്ന സമയത്ത് പലചരക്കുസാധനം വാങ്ങിത്തരാനും, കറണ്ട് പോയപ്പോ ഫ്യൂസ് കെട്ടിത്തരാനുമൊക്കെ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ നടത്തിയ മത്സരം ആന്യമ്മ എന്തുകൊണ്ടോ ഭർത്താവിനോടു പറഞ്ഞില്ല.

പിശുക്കൻ എന്തായാലും ജനകീയനാവാൻ തീരുമാനിച്ചല്ലോ. വാർഡ്പ്രാർഥനയ്ക്കും, പള്ളിവക മീറ്റിങ്ങുകളിലുമൊക്കെ തന്നെ പോയി മടുത്തു. ഇനീപ്പോ ഇതു പറഞ്ഞ് അടുത്ത പുലിവാലുണ്ടാക്കേണ്ട.

അങ്ങനെയിരിക്കെയാണ് വികാരിയച്ചന്റെ അറിയിപ്പ് വാട്സാപ്പ് ഗ്രൂപ്പിൽ വന്നത്. അടുത്ത ബുധനാഴ്ച അടിയന്തരമായി ലിറ്റിൽ ഫ്ളവർ വാർഡിലെ മുതിർന്ന അംഗങ്ങൾക്കു മാത്രമായി ഒരു മീറ്റിങ്ങ് സംഘടിപ്പിക്കുവാൻ പോകുന്നു...

കേട്ടപാതി കേൾക്കാത്തപാതി കോശി മീറ്റിങ്ങിനു പോകാൻ റെഡിയായി.

ഇച്ചായന്റെ മനസ്സിനു മാറ്റമൊന്നും വരുത്തല്ലേന്ന് ആന്യമ്മ മർഗരീത്താപ്പുണ്യവതിയോട് മനം നൊന്തു പ്രാർത്ഥിച്ചു. ഏതായാലും ബുധനാഴ്ച വൈകുന്നേരം അഞ്ചു മണിയായപ്പോ കോശിച്ചായനും ആന്യമ്മയും കൊച്ചുവർത്തമാനമൊക്കെ പറഞ്ഞോണ്ട് കശുമാവുമരങ്ങൾ നിഴൽപരത്തിയ പുഴയിറമ്പുവഴി നടന്ന് അന്തോണീസിന്റെ വീട്ടിലെത്തി.

കട്ടൻകാപ്പീം, അരിയുണ്ടേം കഴിച്ചോണ്ടിരുന്നതിനിടയിൽ അച്ചൻ കാര്യം പറഞ്ഞു:

അപ്പോ ഇന്നത്തെ മീറ്റിങ്ങിലെ ആദ്യത്തെ സംഗതി എന്നാന്നു വെച്ചാ...

അച്ചൻ അരിയുണ്ട ഒന്ന് കടിച്ചുപൊട്ടിച്ചു.

നമ്മടെ എടവകേലുള്ള ഉതുപ്പാന് ഒരു വീട് വെച്ചു കൊടുക്കണം..

തീരുമാനം കേട്ടതോടെ കോശിയുടെ കൈയിലിരുന്ന അരിയുണ്ട സമ്മർദ്ദം സഹിക്കാനാവാതെ തന്നെ പൊട്ടിയടർന്നു.

പിരിവാണ്..

കള്ളും കുടിച്ച്, ഉച്ചിയിൽ ഉടുമുണ്ടും കെട്ടി നടക്കുന്ന ഉതുപ്പാന്റെ കുടുംബത്തെ സഹായിക്കണം.

എതിർവശത്തായി നിൽക്കുന്ന ആന്യമ്മയുടെ കണ്ണുകളിലെ കഥകളി കണ്ടപ്പോൾ കോശിക്ക് എടുത്ത തീരുമാനം മാറ്റാനും തോന്നിയില്ല.

സഹായിക്കാം...

കോശിച്ചായൻതന്നെ ഒരു സംഖ്യ സംഭാവനയായി പറഞ്ഞുകൊണ്ട് ഇതിനു തുടക്കം കുറിക്കണമെന്നാണ് എന്റെ ആഗ്രഹം...

വികാരിയച്ചൻ പ്രതീക്ഷയോടെ പറഞ്ഞു.

കോശി ആന്യമ്മയെ നോക്കി.

സാരിയുടെ മറവിൽനിന്നു രണ്ടു വെളുത്ത വിരലുകൾ 'വി' ആകൃതിയിൽ പുറത്തേക്കു പ്രദർശിക്കപ്പെട്ടു..

കോശി ഒരു കൈകൊണ്ട് നെഞ്ചമർത്തിപ്പിടിച്ച് ആന്യമ്മേടെ നേരേ നോക്കി.. കെട്ട്യോന്റെ മുഖത്തെ അന്ധാളിപ്പ് കണ്ടപ്പോ കെട്ട്യോൾ ഒരു വിരലങ്ങ് മടക്കി. എന്നാലും ബാക്കി വന്ന ചൂണ്ടുവിരൽ കോശിയുടെ മുന്നിൽ ഉയിർത്തെഴുന്നേറ്റു നിന്നു.

ഒരു ലക്ഷം..

കൊല്ലാൻ പിടിച്ച കോഴി കരയുംപോലെ കോശി പറഞ്ഞു. ചുറ്റും കൈയടി ഉയർന്നു.

ജനകീയനായതിന്റെ ഒന്നാം ഘട്ടം...

വേണ്ടീല്ലാർന്നു..

പ്രിയപ്പെട്ട ഇടവകാംഗങ്ങളേ, മറ്റൊരു വലിയ സംരംഭത്തിനുകൂടി തുടക്കം കുറിച്ച്കൊണ്ട് ഇന്നത്തെ മീറ്റിങ്ങ് നമുക്ക് അവസാനിപ്പിക്കാം. നമുക്കേവർക്കുമറിയാം നമ്മുടെ നാട്ടിലുള്ള കോഴി ഫാം വരുത്തിവയ്ക്കുന്ന ബുദ്ധിമുട്ടുകൾ. നാട്ടുകാരെ മൊത്തം നാറ്റിക്കുന്ന ഈ കോഴിഫാം നിർത്തിവയ്ക്കാൻ നമ്മൾ നാളെമുതൽ സമരമാരംഭിക്കണമെന്നാണ് എന്റെ ആഗ്രഹം. വികാരിയച്ചൻ ഒരരിയുണ്ടകൂടി കൈയിലെടുത്തു.

കോശീടെ ആകാശത്ത് ഇടിവെട്ടി. തലമണ്ട പോയൊരു തെങ്ങ് കോശിടെ തലേലിരുന്നു കത്തി.

ചില നേതാക്കൾക്കൊപ്പം വളരെ രഹസ്യമായി താനുംകൂടി പണം മുടക്കി തുടങ്ങിവെച്ച കോഴിഫാം നിർത്തലാക്കാനാണ് അടുത്ത ആലോചന.

നാറ്റം സഹിക്കാൻ വയ്യത്രേ...

പത്തു രൂപേടെ ചന്ദനത്തിരി കത്തിച്ചുവെച്ചാ തീരുന്ന പ്രശ്നത്തിന് പത്തമ്പത് ലക്ഷം രൂപ മുടക്കി നിർമ്മിച്ച കോഴി ഫാം അടച്ചുപൂട്ടണമെന്ന്... എവ്ടെത്തെ ന്യായമാ പുണ്യാളാ... മീറ്റിങ്ങ് തുടങ്ങി പത്ത് മിനിറ്റുള്ളിൽ ഒരു ലക്ഷം കീശേന്നൂർന്നു.

കോശിച്ചായന്റെ നട്ടെല്ലിനൊരു ചൊറിച്ചിൽ. തലച്ചോറിൽ കാർന്നോൻമാരുടെ മുറുമുറുപ്പ്.

നൂറു വർഷം മുൻപുള്ള പാരമ്പര്യത്തിന്റെ അംശങ്ങൾ ചേർന്ന് ഉറുമ്പ് കൂട്ടുംപോലെ കൂട്ടി വച്ച സ്വത്ത് താനായിട്ടിനി നശിപ്പിക്കുന്നില്ല. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടു വന്ന പിശുക്കത്തരം കൈമോശം വന്നു പോവണ്ട. കോശിക്ക് രക്തസമ്മർദ്ദമുയർന്നു. അടുത്ത അജണ്ട കേൾക്കുന്നതിനുമുൻപ് ജനകീയനാവാനുള്ള മോഹമുപേക്ഷിച്ച് നെഞ്ചുവേദനിക്കുന്നു എന്നു പറഞ്ഞ് കോശിച്ചായൻ എണീറ്റു നടന്നു.

■

3 കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

കരയിലെ ഏറ്റവും വലിയ ജീവിയായ ആന ഒരു സസ്തനിയാണ്. രണ്ടുതരം ആനകളാണ് ലോകത്തുള്ളത്. ആഫ്രിക്കൻ ആനയും ഏഷ്യൻ ആനയും. കേരളത്തിലെ കാടുകളിൽ കാണുക ഏഷ്യൻ ആനകളാണ്. ആനക്കൂട്ടത്തിന്റെ നേതാവ് ഒരു പിടിയാനയാവും. മറ്റു പിടികളും കുഞ്ഞാനകളും ഉൾപ്പെടെ എല്ലാവരെയും നയിക്കുക ഈ ലീഡർ പിടിച്ചി തന്നെ. സാധാരണമായി കൊമ്പനാന ഈ കൂട്ടത്തിൽ ചേരാതെയാവും യാത്ര. ആനകളുടെ ഗ്രൂപ്പിൽ നിന്നു തെറ്റിപ്പോകുകയോ അകന്നുപോകുകയോ ചെയ്യുന്ന കൊമ്പനാണ് ഒറ്റയാൻ.

## ആനക്കാര്യങ്ങൾ



കൊമ്പനാനയ്ക്കു തന്നെ കൂടുതൽ ഉയരവും വലിപ്പവും. ശരാശരി ഉയരം മൂന്നു മീറ്ററാകും. കൊമ്പുകൾക്ക് ആറടിയോളം നീളംവച്ചു കാണുന്നു. ആനകളുടെ മൂക്കും സ്പർശനേന്ദ്രിയവും തുമ്പിക്കൈയാണ്. മൂക്കും മേൽച്ചുണ്ടും ചേർന്നു രൂപഭേദം വന്നതാണ് തുമ്പിക്കൈ. തുമ്പിക്കൈയും നീണ്ടു വളഞ്ഞ കൊമ്പുംതന്നെ ആനയുടെ ഏറ്റവും പ്രധാന സവിശേഷത. ആനയ്ക്ക് ഉളിപ്പല്ലുകളോ കോമ്പല്ലുകളോ ഇല്ല. അണപ്പല്ലുകളേ ഉള്ളൂ.

ഉണ്ണിയാനയെ അമ്മയാനയോടൊപ്പം മറ്റാനകളും ശ്രദ്ധയോടെ സംരക്ഷിക്കുന്നു. ശത്രുവിനെ നേരിടുക അമ്മയാനയല്ല. മറ്റൊരു ആനയായിരിക്കും. അമ്മയ്ക്കും കുഞ്ഞിനും സുരക്ഷാകവചമൊരുക്കുക കൂട്ടാനകളാവും. പന്ത്രണ്ടു വയസ്സോടെ ആന പ്രായപൂർത്തിയാകുന്നു.

മുളയും ഈറയും പുല്ലുമൊക്കെയാണ് കാട്ടാനയുടെ പ്രധാനാഹാരം. മുതിർന്ന ആനയ്ക്ക് 300 കിലോഗ്രാം വരെ ആഹാരം വേണ്ടിവരുന്നു. ഏതാണ്ട് 1400 ലിറ്റർ വെള്ളവും കുടിക്കുന്നു. രാത്രിയിലും സഞ്ചരിക്കുന്ന ആനകൾ 10 മുതൽ 25 കിലോമീറ്റർ വരെ തീറ്റ തേടി വനയാത്ര ചെയ്യുന്നു. വിശ്രമവും ഉറക്കവുമൊക്കെ നിന്നുകൊണ്ടാണെന്നതാണു മറ്റൊരു വിചിത്ര ആനക്കാര്യം. ആഫ്രിക്കൻ ആനകൾക്കാണ് വലിപ്പം കൂടുതൽ. എന്നാൽ, ആയുസ്സു കുറവും. ശരാശരി 50 വർഷം. ഏഷ്യൻ ആനകൾക്കാകട്ടെ ശരാശരി ആയുസ്സ് 70 വർഷവും.

കേരളക്കാടുകളിൽ കാണപ്പെടുന്ന ആനയുടെ ശാസ്ത്രനാമം എലഫാസ് മാക്സിമസ് എന്നാണ്. ■

ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. ജോസഫ് തെരുവിൽ

ജ്ഞാനി കരുത്തനെക്കാൾ ബലവാനത്രേ;
അറിവുള്ളവൻ ശക്തനെക്കാളും
സുഭാഷിതങ്ങൾ 24:5

**എഡിറ്റോറിയൽ**

# ശമ്പളപരിഷ്കരണം ചർച്ചയാകുമ്പോൾ

**അ**ഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം എന്നത് കേരളത്തിലെ മാറിമാറി വരുന്ന സർക്കാരുകൾ പൊതുവെ അംഗീകരിച്ചിരിട്ടുള്ളതും നടപ്പാക്കിവരുന്നതുമായ നയമാണ്. അതനുസരിച്ച് 2019 ജൂലൈ ഒന്നിന് നടപ്പാക്കേണ്ടിയിരുന്ന പരിഷ്കരണമാണ് ഒന്നേമുക്കാൽ വർഷം വൈകി നടപ്പാക്കാനൊരുങ്ങുന്നത്. ശമ്പളക്കമ്മീഷന്റെ ശുപാർശ പുറത്തുവന്നയുടൻതന്നെ സമ്മിശ്രപ്രതികരണങ്ങളാണുണ്ടാകുന്നത്.

കൊവിഡ് മഹാമാരി സംസ്ഥാനത്ത് അതിതീവ്രമായി പടരുന്ന സാഹചര്യത്തിൽ ശമ്പളപരിഷ്കരണമോ എന്ന ചോദ്യം വിവിധയിടങ്ങളിൽനിന്നുയരുന്നത് സ്വാഭാവികംമാത്രം. അഞ്ചുവർഷം എന്ന നയപ്രകാരം മുൻകാലപ്രാബല്യത്തോടെ നടപ്പാക്കാനാണ് ശുപാർശയെങ്കിലും മുൻകാലങ്ങളെ അപേക്ഷിച്ച് ആനുകൂല്യങ്ങൾ വേണ്ടത്രയില്ലെന്ന ആക്ഷേപമാണ് ജീവനക്കാരുടെ പല സംഘടനകളും ഉയർത്തിക്കാണിക്കുന്നത്.

പരിഷ്കാരങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് വീട്ടുവാടക അലവൻസ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട നിർദേശമാണ്. സംസ്ഥാനത്ത് ഏകദേശം മുപ്പതുശതമാനം ഉദ്യോഗസ്ഥർ വാടകവീടുകളിൽ താമസിക്കുന്നുവെന്നാണു കണക്ക്. അത്തരക്കാർക്കു ന്യായമായ അലവൻസ് ലഭിക്കണമെന്നാണ് കമ്മീഷന്റെ നിർദേശം.

പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും രോഗികളായ മക്കളെ ശുശ്രൂഷിക്കുന്നതിനും കുറഞ്ഞ ശമ്പളത്തോടെ (40%) ഒരു വർഷത്തെ അവധി അനുവദിക്കാനുള്ള കമ്മീഷന്റെ ശുപാർശയാണ് മറ്റൊന്ന്.

വിരമിക്കൽപ്രായം ഒരു വർഷംകൂടി നീട്ടണമെന്ന കമ്മീഷന്റെ ശുപാർശ അംഗീകരിക്കാനാവില്ലെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു വർഷം കേരളത്തിൽ ഏതാണ്ട് ഇരുപതിനായിരത്തോളം പേരാണ് വിരമിക്കുന്നത്. വരുംവർഷങ്ങളിൽ നിയമനങ്ങൾക്കായി വൻപ്രതീക്ഷയോടെ കാത്തിരിക്കുന്ന പതിനായിരക്കണക്കിനു ചെറുപ്പക്കാരെ നിരാശയിലാഴ്ത്തുന്നതാണ് പെൻഷൻപ്രായം കൂട്ടണമെന്ന കമ്മീഷന്റെ ശുപാർശ. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പെൻഷൻപ്രായം ഉയർത്തുന്നത് ചെറുപ്പക്കാരെന്നല്ല, കേരളത്തിലെ പൊതുസമൂഹവും അംഗീകരിച്ചുകൊടുക്കാൻ ഇടയില്ല.


സർക്കാർ സർവീസിലേക്ക് ചെറുപ്പക്കാർ ധാരാളമായി കടന്നുവരണമെന്നത് തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥിതിയുടെ പുനരുജ്ജീവനത്തിനാവശ്യമാണ്. അവരുടെ കഴിവും കാര്യക്ഷമതയും നയങ്ങളും സാങ്കേതികജ്ഞാനവും ഡിജിറ്റൽ യുഗത്തിൽ ഒട്ടും കുറച്ചു കാണിക്കാനോ അവഗണിക്കാനോ ആവുന്നതുമല്ലല്ലോ. മാത്രമല്ല, ആളെണ്ണം അധികം ആവശ്യമില്ലാത്ത യന്ത്രവത്കൃതലോകത്ത് പെൻഷൻപ്രായം നീട്ടാനുള്ള ശ്രമംകൂടി നടന്നാൽ, തൊഴിലന്വേഷകരായ ലക്ഷക്കണക്കിനു ചെറുപ്പക്കാരുടെ ആധിക്കറുതിവരുത്താൻ സർക്കാരിനും പൊതുസമൂഹത്തിനും നന്നായി ക്ലേശിക്കേണ്ടിവരുമെന്നുറപ്പ്.

കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മഹാമാരിക്കാലമാണെങ്കിലും, ജീവനക്കാരുടെ ക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. ശമ്പളക്കമ്മീഷന്റെ ശുപാർശകൾ പരമാവധി നടപ്പിലാക്കാൻ സർക്കാർ കാണിക്കുന്ന താത്പര്യം ശുഭോദർക്കമാണ്. പരിധിവിട്ടുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകാനോ അതു ശുപാർശ ചെയ്യാനോ പറ്റിയ സമയമല്ലല്ലോ ഇത്. അതേസമയം, വരുന്ന ഏപ്രിൽ മുതൽ, എല്ലാ നടപടികളും പൂർത്തിയാക്കി പരിഷ്കരിച്ച ശമ്പളം നൽകുന്നതിനുള്ള സർക്കാർ തീരുമാനം ജീവനക്കാരോടുള്ള കരുതൽ നടപടിയായിവേണം മനസ്സിലാക്കാൻ. ഇതു ജീവനക്കാരുടെ ഉത്തരവാദിത്വവും പ്രതിബദ്ധതയും വർദ്ധിപ്പിക്കുന്നുണ്ടെന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. □

# കർദിനാൾ മാർ ആലഞ്ചേരി മെത്രാഭിഷേക രജതജൂബിലി വർഷത്തിലേക്ക്

കാക്കനാട്: സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മെത്രാഭിഷേകരജതജൂബിലി ആഘോഷങ്ങൾക്കു ലളിതമായ തുടക്കം. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിലെ ചാപ്പലിൽ ഫെബ്രുവരി രണ്ടിന് രാവിലെ കർദിനാൾ വിശുദ്ധ കുർബാനയർപ്പിച്ചു. കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലും കൂരിയായിൽ സേവനം ചെയ്യുന്ന വൈദികരും സഭയുടെ വലിയ ഇടയനോടൊപ്പം വി. കുർബാനയിൽ പങ്കുചേർന്നു സഭയ്ക്കും സമൂഹത്തിനും വലിയപിതാവിന്റെ മേൽപ്പട്ടശുശ്രൂഷയിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞു. സഭാകാര്യാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരും അല്മായ ശുശ്രൂഷകരും വി. കുർബാനയിൽ പങ്കെടുത്തു. വി. കുർബാനയ്ക്കുശേഷം കൂരിയാബിഷപ്പിന്റെ നേതൃത്വത്തിൽ വലിയപിതാവിന് ജൂബിലിവർഷാരംഭത്തിന്റെ ആശംസകൾ നേർന്നു.

1996 ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ തക്കല രൂപത സ്ഥാപിച്ചപ്പോൾ പുതിയ രൂപതയുടെ മെത്രാനായി നിയമിച്ചത് ചങ്ങനാശ്ശേരി അതിരൂപതയുടെ അന്നത്തെ വികാരി ജനറാളായിരുന്ന ഫാ. ജോർജ് ആലഞ്ചേരിയെയാണ്. 1997 ഫെബ്രുവരി 2-ാം തീയതി മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായിൽനിന്നു മെത്രാൻ പട്ടം സ്വീകരിച്ചു.



സ്ഥാനാരോഹണകർമ്മത്തിനു നേതൃത്വം നൽകിയത് മാർ വർക്കി വിതയത്തിൽ പിതാവായിരുന്നു.

തമിഴ്ഭാഷ പഠിച്ചു തമിഴ്മക്കളുടെ ഹൃദയത്തിൽ ഇടംപിടിച്ചു പുതിയ രൂപതയ്ക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയ ബിഷപ് ജോർജ് ആലഞ്ചേരി പതിന്നാലുവർഷം തക്കലയിൽ ഇടയശുശ്രൂഷ ചെയ്തു. മാർ വർക്കി വിതയത്തിൽ പിതാവ് കാലം ചെയ്തതിനെ തുടർന്നു സമ്മേളിച്ച സീറോ മലബാർ സഭയുടെ മെത്രാൻസിനഡ് സീറോ മലബാർ സഭയെ നയിക്കാനുള്ള നിയോഗം ഭരമേല്പിച്ചതു തക്കലയുടെ ബിഷപ്പായിരുന്ന മാർ ജോർജ് ആലഞ്ചേരിയെ ആയിരുന്നു. 2011 മെയ് 29 ന് സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി മാർ ജോർജ് ആലഞ്ചേരി സ്ഥാനമേറ്റെടുത്തു.

പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ 2012 ഫെബ്രുവരി 18 ന് മാർ ജോർജ് ആലഞ്ചേരി പിതാവിനെ കർദിനാൾ സ്ഥാനത്തേക്കുയർത്തി. 2013 ൽ ഫ്രാൻസിസ് മാർപാപ്പയെ തിരഞ്ഞെടുത്ത കർദിനാൾമാരുടെ കോൺക്ലേവിൽ പങ്കെടുത്തു. മെത്രാൻപട്ടസ്വീകരണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേക്കു പ്രവേശിക്കുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ്, കേരള ഇന്റർ ചർച്ച് കൗൺസിലിന്റെ ചെയർമാൻ എന്നീ നിലകളിലും കേരളസഭയിൽ നേതൃത്വം നൽകിവരുന്നു.




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*



**ജോയിഷ് ജോസ്**

# ഒരു കുടയും കുഞ്ഞുപെങ്ങളും

'**വാ**യിച്ചാൽ വളരും വായിച്ചില്ലേൽ വളയും... അതുകൊണ്ട് നിങ്ങൾ വായിച്ചു വളരാൻ ശ്രമിക്കണം. പഠനത്തിനും ഇതര വായനയ്ക്കും തുല്യപ്രാധാന്യം കൊടുക്കണം...' ഞാൻ ഹൈസ്കൂളിലേക്കു പ്രവേശിച്ചപ്പോൾ ആദ്യമായി ക്ലാസ്സിലേക്കു കടന്നുവന്ന മലയാളം അധ്യാപിക മറിയാമ്മ ടീച്ചറുടെ വാക്കുകളായിരുന്നു ഇത്. എന്നിട്ട് ടീച്ചർ ഒരു കഥ പറഞ്ഞുതന്നു. മുട്ടത്തുവർക്കി എഴുതിയ, ബാലസാഹിത്യത്തിൽ എന്നും തിളങ്ങിനിൽക്കുന്ന രചനയായ, 'ഒരു കുടയും കുഞ്ഞുപെങ്ങളും' എന്ന കഥ. ആ കഥ ടീച്ചർ പറഞ്ഞുതീരുംവരെ ക്ലാസിൽ നിശ്ശബ്ദതയായിരുന്നു. ചില ഏങ്ങലടികൾ ചിലയിടത്തുന്നു കേട്ടു. എന്റെ കണ്ണിൽനിന്നും വീണു രണ്ടിറ്റു കണ്ണീർ. പിന്നെയും ഒരുപാടു കാലം കഴിഞ്ഞ് കോഴിക്കോട് ഒരു പ്രസാധന സ്ഥാപനത്തിൽ ജോലിക്കു കയറിയതിനുശേഷമാണ് അത് പുസ്തകരൂപത്തിൽ വായിക്കാൻ എനിക്കു കഴിഞ്ഞത്.

സ്നേഹബന്ധങ്ങളുടെ മഹത്ത്വത്തിലേക്കു കുട്ടികളെ കൈപിടിച്ചാനയിക്കുന്ന ഈ കഥയും ഇതിലെ കഥാപാത്രങ്ങളും ഇന്നും എന്റെ മനസ്സിൽ ജീവിക്കുന്നു.

കഥ തുടങ്ങുന്നത് മഴക്കാലത്താണ്. ബേബിയും ലില്ലിയും ആങ്ങളയും പെങ്ങളുമാണ്. അവർക്ക് അച്ഛനുമമ്മയുമില്ല. പട്ടിണിയും കഷ്ടപ്പാടും നിറഞ്ഞതാണ് അവരുടെ പകലുകളും രാത്രികളും. ബേബിക്ക് ലില്ലിയും ലില്ലിക്ക് ബേബിയും പ്രാണനാണ്. അമ്മയുടെ സഹോദരി മാമ്മിത്തള്ളയാണ് കൂടെയുള്ളത്. മാമ്മിത്തള്ളയ്ക്ക് രണ്ടുപേരെയും കണ്ണെടുത്താൽ കണ്ടുകൂടാ. തരംകിട്ടുംപോലെ അവരെ ഉപദ്രവിക്കുക മാമ്മിത്തള്ളയുടെ ശീലമായിരുന്നു. മഴ തിമിർത്തുപെയ്യുന്ന ഒരു പകൽ. സ്വന്തമായി കുടയില്ല ഇരുവർക്കും. സ്കൂളിൽ പോകേണ്ട സമയവുമായി. 'ആരെങ്കിലും കുടയിൽ കൂട്ടുമോ...' എന്നു നോക്കി ഉമ്മറത്തിരിക്കെയാണ് ഗ്രേസി വരുന്നത് ബേബി കാണുന്നത്.

"ലില്ലീ, മഴ വരുന്നു, നീ ആ പെണ്ണിന്റെകൂടെ പൊയ്ക്കോ" എന്ന് ബേബി ലില്ലിയോടു പറഞ്ഞു.

ഗ്രേസി പക്ഷേ, പണമുള്ള വീട്ടിലെ കുട്ടിയാണ്. അതിന്റെ അഹങ്കാരം അവൾക്കുണ്ട്. അവൾ ലില്ലിയെ കുടയിൽ കൂട്ടിയില്ല. പാവം ലില്ലി മഴയിലൂടെ സ്കൂളിലേക്ക് ഓടി. സ്ലേറ്റ് നിലത്തുവീണു പൊട്ടി. പുസ്തകം കീറി. നനഞ്ഞുകുളിച്ചു ക്ലാസിലെത്തിയ അവളെ ടീച്ചർ ക്ലാസിൽ കയറ്റിയതുമില്ല. ബേബിയിതറിഞ്ഞു. അനിയത്തിയോട് ഗ്രേസിയങ്ങനെ ചെയ്തതിൽ അവന് എന്തെന്നില്ലാത്ത ദേഷ്യം വന്നു. ഗ്രേസിയുടെ വീട്ടിൽചെന്ന് അവളെ പുറത്തേക്കു വിളിച്ച് കല്ലുകൊണ്ടവളുടെ നെറ്റി എറിഞ്ഞുപൊട്ടിച്ചു ബേബി. നാട്ടുകാർ ഓടിക്കൂടി. പേടിയോടെ അവൻ ഒരിടത്ത് ഒളിച്ചിരുന്നു. പോലീസ് വരുമെന്നവന് ഉറപ്പായി. രാത്രി മൂത്തപ്പോൾ അവൻ വീട്ടിലെത്തി ലില്ലിയോടു




പറഞ്ഞു, താൻ എവിടേക്കെങ്കിലും പോവുകയാണെന്നും മടങ്ങിവരുമ്പോൾ കുഞ്ഞുപെങ്ങൾക്ക് ചില്ലുകൈപ്പിടിയിൽ കുരുവിയുടെ രൂപമുള്ള കുടയുമായി വരുമെന്നും.

ബേബി നാടുവിട്ടു. മാമ്മിത്തള്ളയുടെ ഉപദ്രവം സഹിച്ച് ലില്ലി വീട്ടിൽ കഴിഞ്ഞു. ലില്ലിയെക്കൊണ്ട് മാമ്മിത്തള്ള വീട്ടുജോലി ചെയ്യിക്കുകയും ഉപദ്രവിക്കുകയും സ്കൂളിൽ പോകരുതെന്നു പറയുകയും ചെയ്തു. ഒരുദിവസം ലില്ലിയുടെ കൈയിൽനിന്ന് അറിയാതെ ഒരു പിഞ്ഞാണം താഴെവീണു പൊട്ടി. മാമ്മിത്തള്ള അവളെ ഒരുപാടു തല്ലി. പിറ്റേദിനം അവളും വീടുവിട്ടിറങ്ങി.

നഗരത്തിലൂടെയലയവേ ബേബിയുടെ ലക്ഷ്യം കുഞ്ഞുപെങ്ങൾക്ക് ചില്ലുകൈപ്പിടിയിൽ കുരുവിയുടെ രൂപമുള്ള കുട വാങ്ങുക എന്നതു മാത്രമായിരുന്നു. മനസ്സിൽ അവനത് പതിനായിരം വട്ടം പറഞ്ഞുകഴിഞ്ഞു.

ലില്ലി ഒരു ഡോക്ടറുടെയരികിലെത്തിപ്പെടുന്നു. അദ്ദേഹത്തിന് അവളെ ഏറെ ഇഷ്ടമായി. അയാളുടെ രണ്ടു മക്കൾക്കൊപ്പം അവൾ വളരുന്നു. ഊണിലുമുറക്കത്തിലും ഇച്ചാച്ചനെ കണ്ടെത്തണം എന്നതു മാത്രമായിരുന്നു അവളുടെ ചിന്ത.

സൗദാമിനി എന്ന സംഗീതാധ്യാപികയുടെ വീട്ടിൽ ബേബിയെത്തിപ്പെടുന്നു. അവർ അവനെ വളർത്തുന്നു. ഡോക്ടറുടെ മക്കളുടെ സംഗീതാധ്യാപിക ആയിരുന്നു സൗദാമിനി. സൗദാമിനിയിൽനിന്ന് ബേബിയെക്കുറിച്ചറിഞ്ഞ ഡോക്ടർ അവനെ തന്റെ വീട്ടിലേക്കു കൂട്ടുന്നു. ബേബി ലില്ലിയെ കാണുന്നു.

ബേബി പഠിച്ചുവളർന്ന് ഡോക്ടറാകുന്നു. ഡോക്ടറുടെ മകൾ മോളിയെ ബേബിയും ലില്ലിയെ ഡോക്ടറുടെ മകൻ ജോയിയും വിവാഹം ചെയ്യുന്നു.

ബേബി ശസ്ത്രക്രിയ ചെയ്ത് ഒരു യുവതിയുടെ അസുഖം ഭേദമാക്കുന്നു. ആ യുവതിയും ഭർത്താവും നന്ദിപൂർവം നീട്ടുന്ന പണം ബേബി വാങ്ങുന്നില്ല. പകരം ഒരു കുട സമ്മാനമായി ചോദിക്കുകയാണ് അവൻ. അവർ കുടയുമായി വരുമ്പോൾ ലില്ലിയും എത്തിയിരുന്നു, ഇച്ചാച്ചൻ മഴ നനഞ്ഞ രാത്രിയിൽ വാഗ്ദാനം ചെയ്ത ചില്ലുകൈപ്പിടിയിൽ കുരുവിയുടെ രൂപമുള്ള കുട ഏറ്റുവാങ്ങാൻ. കുട ലില്ലിക്കു നൽകവേ 'നിന്നെ പണ്ട് കുടയിൽ കൂട്ടാത്ത ഗ്രേസിയാണ്' ഈ യുവതിയെന്ന് ബേബി ലില്ലിയെ അറിയിക്കുന്നു. സ്കൂൾ കാലത്തിന്റെ ഓർമയിൽ അവർ സന്തോഷിക്കുമ്പോൾ നോവൽ അവസാനിക്കുന്നു.

ബാലസാഹിത്യരചനയിൽ മുട്ടത്തുവർക്കിയുടെ മാസ്റ്റർപീസ് ആയിരുന്നു 'ഒരു കുടയും കുഞ്ഞുപെങ്ങളും.' ഈ പുസ്തകം സ്കൂളുകളിൽ ഉപപാഠപുസ്തകമായി പഠിപ്പിക്കപ്പെട്ടു. വിവിധ ഇന്ത്യൻഭാഷകളിലേക്കും റഷ്യൻഭാഷയിലേക്കും വിവർത്തനം ചെയ്യപ്പെട്ട ഈ കൃതി, മലയാളത്തിലെ എക്കാലത്തെയും മികച്ച ബാലസാഹിത്യ കൃതികളിലൊന്നാണ്. ●





**ഷാജി മാലിപ്പാറ**

# വീഡിയോ ടാസ്ക്

**ഏ**ഴ് എ ക്ലാസിന്റെ വാട്സാപ്പ്ഗ്രൂപ്പിൽ ഹോംവർക്ക് അയച്ചുകൊടുത്തിട്ട് ബാലു മെസേജുകൾ നോക്കുകയായിരുന്നു. അങ്ങനെ ഫോണിൽ പരതിനടക്കുമ്പോഴാണ് ഏഴ് എയുടെ ഗ്രൂപ്പിൽ പുതിയൊരു മെസേജ് വന്നുവീഴുന്നത് കണ്ടത്. തുറന്നു നോക്കുമ്പോഴുണ്ട്, അതൊരു ലിങ്കാണ്. തൊട്ടുതാഴെ ജയടീച്ചറിന്റെ ടെക്സ്റ്റുമെസേജുമുണ്ട്.

'വീഡിയോ ടാസ്ക് മൂന്നിൽ ലഭിച്ചവയിൽ മികച്ചത് ഉൾപ്പെടുത്തിയ നിർമിച്ച വീഡിയോ കാണുന്നതിന് മുകളിലുള്ള ലിങ്കിൽ അമർത്തുക.'

കൊവിഡ് കാലത്തെ ഓൺലൈൻക്ലാസുകൾ തുടങ്ങി രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോൾ ജയടീച്ചർ നടപ്പിലാക്കിയ പുത്തൻ പരിപാടിയാണ് വീഡിയോടാസ്ക്. ആഴ്ചതോറുമുള്ള രസികൻ പരിപാടിയാണത്. ടീച്ചർ രസകരമായൊരു വീഡിയോ ഗ്രൂപ്പിൽ അയച്ചുതരും. അതു കാണണം. ആ വിഷയവുമായി ബന്ധപ്പെട്ട എന്തെങ്കിലും ടാസ്ക് നിർദേശിക്കും. ചിലപ്പോൾ വരയ്ക്കാനോ എഴുതാനോ ആയിരിക്കും. അല്ലെങ്കിൽ ഓഡിയോ ചെയ്യാനോ വീഡിയോ ചെയ്യാനോ ആയിരിക്കും. ചിലപ്പോൾ ഒന്നിലധികം ഓപ്ഷനുകൾ തന്നിട്ട്, ഇഷ്ടമുള്ളതു ചെയ്യാൻ ആവശ്യപ്പെടും. വീഡിയോടാസ്കിൽ പങ്കെടുക്കണമെന്ന് നിർബന്ധമൊന്നുമില്ല. എന്നാലും മിക്കവരും അതിൽ പങ്കുചേരും.

"പഠിക്കാനുള്ളതല്ലല്ലോ. എങ്കിൽ ഞാനുണ്ട്." നീലിമ പറഞ്ഞത് ബാലു ഓർത്തു. പലരുടെയും ചിന്താഗതി അതാണ്. അവരൊക്കെ വീഡിയോടാസ്കിനായി കാത്തിരിക്കുകയാണ്. ജയടീച്ചർ സ്വന്തം ക്ലാസിൽ തുടങ്ങിയ പരിപാടി, എല്ലാ ക്ലാസിലേക്കും വ്യാപിച്ചത് വളരെ പെട്ടെന്നാണ്. മൂന്നാമത്തെ വീഡിയോടാസ്കിൽ മുത്തശ്ശിയും പേരക്കുട്ടിയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ കഥ പറയുന്ന ഒരു വീഡിയോ ആണ് ഉണ്ടായിരുന്നത്.അതോടൊപ്പമുള്ള നിർദ്ദേശം ഇതായിരുന്നു: 'മുത്തശ്ശനോടോ മുത്തശ്ശിയോടോ ഒപ്പം നിങ്ങൾ ചെലവഴിക്കുന്ന നിമിഷങ്ങൾ വീഡിയോ ചെയ്ത് അയച്ചുതരിക.'

ഭാഗ്യം. വീട്ടിൽ മുത്തശ്ശിയുണ്ടല്ലോ. മുത്തശ്ശി ഒപ്പമുള്ളതിനാൽ ഈ ടാസ്കിൽ പങ്കെടുക്കാം. മുത്തശ്ശിക്ക് അതൊക്കെ ഒത്തിരി ഇഷ്ടമാകും. അഞ്ചാംക്ലാസിൽ പുതിയ സ്കൂളിൽ ചേർന്നതോടെ ഒന്നിനും നേരമില്ലാതായി. രാവിലെ ട്യൂഷൻ, സ്കൂൾ, വൈകുന്നേരം കളി അങ്ങനെ എന്നും തിരക്ക്. അവധിദിവസങ്ങളിൽ ഫുട്ബോൾ കോച്ചിംഗ്, കൂടുതൽ സമയം ട്യൂഷൻ. ഒട്ടും നേരമില്ലാത്തത് അപ്പോഴാണ്.

"ബാലുമോന് മുത്തശ്ശിയോട് പഴയ സ്നേഹമൊന്നൂല്ല." അതു കേൾക്കുമ്പോൾ അമ്മ പറയും: "അവനു പഠിക്കാനില്ലേ അമ്മേ?" പിന്നെ മുത്തശ്ശി ഒന്നും പറയില്ല. എന്നാലും ഒരേയൊരു പേരക്കുട്ടിയെ ലാളിക്കാനുള്ള ആഗ്രഹം മുത്തശ്ശിയുടെ കണ്ണുകളിൽ നിറഞ്ഞുനിൽക്കും.

ആറാംക്ലാസിലെ വാർഷികപ്പരീക്ഷയുടെ ഇടയ്ക്കാണ് കൊവിഡ് വന്നതും സ്കൂളടച്ചതും. വൈകാതെ ലോക്ഡൗണുമായി. രണ്ടരമാസം നീണ്ട അവധിക്കാലം വീട്ടിൽത്തന്നെ. അവധിക്കാലത്തുള്ള കളികളും കോച്ചിംഗും ട്യൂഷനും ഒന്നുമില്ല. അച്ഛനും അമ്മയും മുത്തശ്ശിയുമൊത്ത് വീട്ടിൽത്തന്നെയാണ് എപ്പോഴും. ഫോൺ ഉപയോഗിക്കാൻ ഒരു തടസവുമില്ല. ഇഷ്ടംപോലെ സമയമുണ്ട്. മുത്തശ്ശിയുടെ അരികിലിരുന്ന് പാട്ടുകൾ കേൾപ്പിക്കും. നല്ല നല്ല വീഡിയോകൾ കാട്ടിക്കൊടുക്കും.

"ബാലുമോൻ സ്നേഹമുള്ളോനാ." മുത്തശ്ശി പറയും.

അവധിക്കാലം കഴിഞ്ഞിട്ടും സ്കൂൾ തുറക്കാതെ ഓൺലൈൻ ക്ലാസുതുടങ്ങിയത് ഒട്ടും പ്രതീക്ഷിച്ചില്ല. ആദ്യത്തെ രസമൊക്കെ കഴിഞ്ഞു.

"വീഡിയോടാസ്ക് ഏതായാലും നന്നായി." അച്ഛൻ പറയും. മുത്തശ്ശിയോടൊപ്പമുള്ള വീഡിയോ ഷൂട്ടുചെയ്തതും നിർദേശങ്ങൾ നൽകിയതും അച്ഛനാണ്. അതാണ് ജയടീച്ചറിന് കൊടുത്തത്. ആ വീഡിയോ ഈ ലിങ്കിൽ ഉണ്ടാകുമോ? ബാലു ആകാംക്ഷയോടെ ലിങ്കിൽ തൊട്ടു. സ്കൂളിന്റെ പേരിലുള്ള യൂട്യൂബ് ചാനലിൽ വീഡിയോ പ്രത്യക്ഷപ്പെട്ടു. കുട്ടികളിൽനിന്നു കിട്ടിയവയിൽ മെച്ചപ്പെട്ടവ എഡിറ്റുചെയ്ത് ജയടീച്ചർ നിർമിച്ച വീഡിയോയാണ്.

'മുത്തശ്ശനും മുത്തശ്ശിയും പിന്നെ ഞാനും' എന്ന ടൈറ്റിൽ തെളിഞ്ഞു. പിന്നെ വന്ന ദൃശ്യങ്ങൾ ബാലു സന്തോഷത്തോടെ കണ്ടിരുന്നു. മുത്തശ്ശിയുടെ അരികിലിരുന്ന് കഥ കേൾക്കുന്നു, മുത്തശ്ശിയുടെ കാൽ തടവിക്കൊടുക്കുന്നു, മുത്തശ്ശിയോടൊപ്പം പൊട്ടിച്ചിരിക്കുന്നു, മുത്തശ്ശിക്ക് ഗുളികയും വെള്ളവും എടുത്തുകൊടുക്കുന്നു... അങ്ങനെയങ്ങനെ വിവിധ ദൃശ്യങ്ങൾ. എല്ലാറ്റിലും തന്റെ മുഖം കാണാം. ബാലു അത് ശ്രദ്ധയോടെ കണ്ടു. അതിൽ മുത്തശ്ശിയുടെ മുഖത്ത് തെളിഞ്ഞ സന്തോഷം അവൻ തിരിച്ചറിഞ്ഞു. അവൻ ഫോണുമായി ഓടിയത് മുത്തശ്ശിയുടെ അടുത്തേക്കായിരുന്നു. വീഡിയോ കണ്ടുകഴിഞ്ഞപ്പോൾ മുത്തശ്ശി അവന്റെ നെറ്റിയിൽ ഒരു സ്നേഹമുത്തം നൽകി. ●

# എന്റെ പ്രസംഗം എന്റെ സ്വന്തം






ഡോ. കുര്യാസ് കുമ്പളക്കുഴി

**ഈ** ദിവസങ്ങളിൽ എന്റെ ഓർമകൾ അമ്പതു വർഷം മുമ്പുള്ള ഒരു പ്രസംഗവേദിയെ ചുറ്റിപ്പറ്റി നിൽക്കുന്നുണ്ട്. ജയ്ഗിരി ഇടവകപ്പള്ളിയുടെ പാരീഷ്ഹാളിലാണ് വേദി. 150ൽ താഴെമാത്രം കുടുംബങ്ങളുള്ള ഒരു ചെറിയ ഇടവക. സ്ഥലംമാറിപ്പോകുന്ന വികാരിയച്ചന് യാത്രയയപ്പ് നൽകുകയാണ്. 1971 ഫെബ്രുവരി ഏഴ് ഞായറാഴ്ച.

ഈ സംഭവം ഓർമിക്കാൻ കാരണമുണ്ട്. ഒരു പൊതുവേദിയിൽ ഞാൻ നടത്തിയ ആദ്യപ്രസംഗം ആ യാത്രയയപ്പുസമ്മേളനത്തിലായിരുന്നു. യശശ്ശരീരനായ ഫാ. ഫ്രാൻസിസ് പാട്ടമായിരുന്നു വികാരി. നാലു വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം ചിറ്റാർ ഇടവകവികാരിയായി സ്ഥലം മാറിപ്പോകുന്നു.

ഒരു പുതിയ ഇടവക രൂപം കൊള്ളുമ്പോൾ കുറെ കുടുംബക്കാരുടെ എതിർപ്പ് ഇന്നെന്നതുപോലെ അന്നും പതിവായിരുന്നു. അവർക്ക് മാതൃഇടവകയിൽ നിന്നു വിട്ടുപോരാൻ മടി. കാരണം പലതുണ്ടാകും. ജ്ഞാനസ്നാനം സ്വീകരിച്ചതും ആദ്യകുർബാന കൈക്കൊണ്ടതും വിവാഹം നടന്നതും മരണമടഞ്ഞ പൂർവികരെ സംസ്കരിച്ചിരിക്കുന്നതും മാതൃഇടവകയിലാണ്. അതൊക്കെ മറന്ന് പുതിയ ഇടവകയിലേക്കു ചേരുന്നതെങ്ങനെ? വൈകാരികമായ ഇത്തരം കാരണങ്ങൾ മാത്രമായിരിക്കില്ല വിയോജിപ്പിനടിസ്ഥാനം. പുതിയ ഇടവകയിൽ വികസനപ്രവർത്തനങ്ങൾ ഏറെ വേണ്ടിവരും. അതിനൊക്കെ പിരിവും കൊടുക്കണം. പഴയ ഇടവകയിലാണെങ്കിൽ അതൊന്നുമുണ്ടാകണമെന്നില്ല. ചിലരുടെ മനസ്സിൽ ഈ നഷ്ടക്കണക്കുകളും ഉണ്ടാവും.

ഈ പതിവുനാടകത്തിൽ വേഷമിട്ടവരായിരുന്നു, എന്റെ ഉൾപ്പെടെ കുറെ കുടുംബങ്ങൾ. ആദ്യം അപേക്ഷകളും പരാതികളുമായി രൂപതാധികൃതരെ സമീപിച്ചു. ഫലമുണ്ടാകാതെ വന്നപ്പോൾ നിസ്സഹകരണം. പുതിയ ഇടവകപ്പള്ളിയിലേക്കു പോകില്ല. പിരിവുകൾ കൊടുക്കില്ല.

ഇത്തരം പ്രതിഷേധനടപടികൾക്കൊക്കെ കുറഞ്ഞ ആയുസ്സേ ഉണ്ടാകൂ. അതൊക്കെ അറിയുന്ന പക്വമതിയും തന്ത്രശാലിയുമായ വികാരിയായിരുന്നു ഫാ. പാട്ടം. എതിർപ്പുകളുടെ രൂക്ഷത മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അദ്ദേഹം ചുമതലയേറ്റത്.

ആദ്യം അദ്ദേഹം ചെയ്തത് വിമതകുടുംബങ്ങൾ സന്ദർശിക്കുകയായിരുന്നു. പ്രതിഷേധം എത്ര തീക്ഷ്ണമാണെങ്കിലും അച്ചൻ വീട്ടിൽവരുമ്പോൾ അന്തരീക്ഷം മാറും. വികാരിയെ അനാദരിക്കാനുള്ള സംസ്കാരശൂന്യതയൊന്നും ഒരു ഗൃഹനാഥനും ഉണ്ടായിരുന്നില്ല. അതു വൈദികനോടുള്ള മതിപ്പ്. പൗരോഹിത്യത്തോടുള്ള ബഹുമാനം.

വികാരിയച്ചൻ കുടുംബനാഥനുമായി പല വിഷയങ്ങൾ സംസാരിക്കും. കുടുംബാംഗങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. കാപ്പികുടിക്കാനും കപ്പപുഴുങ്ങിയതു തിന്നാനും ഒപ്പംചേരും. ഞായറാഴ്ചകളിലെങ്കിലും ഇടവകപ്പള്ളിയിൽ വരണമെന്ന് ഓർമിപ്പിക്കും.

കഥയില്ലാത്ത എതിർപ്പിന്റെ കാര്യത്തിൽ ഞാനും പിന്നിലായിരുന്നില്ല. കൗമാരയൗവനങ്ങൾ കൂട്ടുചേരുന്ന പ്രായത്തിന്റെ



സുകുമാർ അഴീക്കോട്

തിളപ്പും ഉണ്ടല്ലോ. പഠനവും അധ്യാപകപരിശീലനവും കഴിഞ്ഞു നിൽക്കുന്ന കാലം. ഇന്നില്ലാത്ത കുറച്ചൊരഹങ്കാരം അന്നുണ്ടായിരുന്നു. എന്തൊക്കെയോ ചിലതറിയാമെന്ന ഭാവം! ചിന്താശീലരായ എല്ലാ ചെറുപ്പക്കാരും അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണിത്. കാലം മുന്നോട്ടുചെല്ലുകയും അനുഭവങ്ങൾ രാകി മിനുക്കുകയും ചെയ്യുമ്പോൾ ഈ അല്പത്തം പടികടക്കും. ചിലതൊക്കെ അറിയാമെന്ന അഹന്തമാഞ്ഞുപോകും. എനിക്കൊന്നുമറിയില്ലല്ലോ എന്ന അറിവിലേക്കു വളരുകയും ചെയ്യും.

യുവമനസ്സിന്റെ ചാപല്യങ്ങളും ചാഞ്ചല്യങ്ങളുമൊന്നും അറിയാത്ത ആളല്ലല്ലോ വികാരിയച്ചൻ. എന്റെയുള്ളിൽ പത്തിവിടർത്തിനിൽക്കുന്ന അഹന്തയുടെ നെറുകയിൽത്തന്നെയാണദ്ദേഹം കൈവച്ചത്. “കുര്യാച്ചനെപ്പോലെ അറിവുള്ളവർ സൺഡേസ്കൂളിൽ വരണം. നിങ്ങളെപ്പോലുള്ള ചെറുപ്പക്കാരാണ്, വയസ്സന്മാരല്ല അവിടെ വേണ്ടത്.”

വികാരിയച്ചന്റെ ലക്ഷ്യം പിഴച്ചില്ല. ഞാൻ ആ ചൂണ്ടയിൽത്തന്നെ കുരുങ്ങി. അച്ചനെന്നെ കൈയോടെ കൊണ്ടുപോയി സൺഡേസ്കൂളിലെ അധ്യാപകജോലി ഏല്പിക്കുകയും ചെയ്തു. എന്റെ ജീവിതത്തിലെ പുതിയൊരു ഘട്ടത്തിനു തുടക്കമായി.

അദ്ദേഹത്തിനു സ്ഥലംമാറ്റമായപ്പോഴേക്കും അന്തരീക്ഷം ആകെ മാറിയിരുന്നു. വിമതരെല്ലാം ഇടവകക്കൂട്ടായ്മയുടെ ഭാഗമായി. വികസനപ്രവർത്തനങ്ങൾ മുഴുവൻ ഇടവകക്കാരുടെയും സഹകരണത്തോടെ തുടർന്നുകൊണ്ടിരുന്നു.

ഈ പശ്ചാത്തലത്തിലാണ് എന്റെ യാത്രയയപ്പുപ്രസംഗം. അന്നുപറഞ്ഞ പല കാര്യങ്ങളും ഇന്നും ഓർമയിലുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് ഒരു നല്ല വൈദികൻ എങ്ങനെയായിരിക്കണം എന്നു വരച്ചുകാട്ടാൻ ശ്രമിച്ചുവെന്നതാണ്. വൈദികൻ, പുരോഹിതൻ എന്നീ പദങ്ങളുടെ അർഥം വിശകലനം ചെയ്തുകൊണ്ടാണങ്ങനെ ചെയ്തത്. എനിക്കുണ്ടായിരുന്ന വളരെ പരിമിതമായ സംസ്കൃതപരിജ്ഞാനംകൊണ്ടാണതു സാധിച്ചത്.

വൈദികശബ്ദത്തിനു വേദം അറിയുന്നവൻ, ജ്ഞാനി എന്നൊക്കെ അർഥം. അറിയുക എന്നർഥമുള്ള ‘വിദ്’ എന്ന നാമപ്രകൃതിയിൽനിന്നാണ് വേദം, വൈദികൻ എന്നീ നാമങ്ങൾ രൂപംകൊള്ളുന്നത്. വേദം യഥാർഥ ജ്ഞാനത്തിന്റെ ആകരം. അതുൾക്കൊള്ളുന്ന വൈദികൻ യഥാർഥ ജ്ഞാനി.

പുരോഹിതൻ (പുരഃ+ഹിതൻ) എന്ന വാക്കിനു ‘മുമ്പിൽ വയ്ക്കപ്പെട്ടവൻ’ എന്നർഥം. ലക്ഷണംകൊണ്ട് മുമ്പിൽ നിൽക്കുന്നവൻ എന്നർഥമെടുത്തു. ജനങ്ങൾക്കുവേണ്ടി ദൈവത്തിനുമുമ്പിലും ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ, അവിടുത്തേക്കുവേണ്ടി ജനങ്ങൾക്കുമുമ്പിലും നിൽക്കുന്നവനാണ് പുരോഹിതൻ. നമ്മുടെ വികാരിയച്ചൻ ഒരു നല്ല വൈദികനും പുരോഹിതനുമാണ്. അതുകൊണ്ടാണദ്ദേഹത്തെ നമ്മൾ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും. നമ്മുടെ സാന്നിധ്യംകൊണ്ടും വാക്കുകൾകൊണ്ടും ഈ സ്നേഹവും ബഹുമാനവുമാണ് നമ്മൾ പ്രകടിപ്പിക്കുന്നത്.

അടുത്ത നാളുകളിൽ മഹാകവി കാളിദാസന്റെ അഭിജ്ഞാനശാകുന്തളം മൂലഭാഷയിൽത്തന്നെ പഠിച്ചതിന്റെ നിറവു മനസ്സിനുണ്ടായിരുന്നു. ഭർത്തൃഗൃഹത്തിലേക്കുപോകുന്ന ശകുന്തളയ്ക്കു വനദേവതകൾ നേരുന്ന ആശംസയിലെ ചില കല്പനകൾ കടമെടുത്തു ഞാൻ ഇങ്ങനെ ഉപസംഹരിച്ചു: “അച്ചന്റെ മുന്നോട്ടുള്ള യാത്രകളിൽ പൂക്കളുടെ സൗരഭ്യം നിറഞ്ഞുനിൽക്കട്ടെ. വഴികൾ വൃക്ഷലതാദികൾകൊണ്ടു തണൽ വിരിച്ചതായിരിക്കട്ടെ. ഭൂമി പാദങ്ങൾക്കു പൂമ്പൊടിപോലെ മൃദുവായിത്തീരട്ടെ. എപ്പോഴും ഇളംകാറ്റിന്റെ തലോടൽ അനുഭവപ്പെടാൻ ഇടയാകട്ടെ.”

ഇത്തരത്തിലൊരു വിശകലനം പാരീഷ്ഹാളിൽ തിങ്ങിനിറഞ്ഞ സദസ്സിന് ആദ്യാനുഭവമായിരുന്നു. കുറച്ചു വായനയും ചിന്തയുമുള്ള മുതിർന്ന സുഹൃത്തുക്കൾക്ക് പ്രസംഗം നന്നേ ഇഷ്ടപ്പെട്ടു. അവരുടെ അഭിനന്ദനവചസ്സുകൾ എനിക്കു പ്രോത്സാഹനമാകുകയും ചെയ്തു. ഏറെ വൈകാതെ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചതോടെ കൂടുതൽക്കൂടുതൽ പ്രസംഗവേദികൾ എനിക്കു തുറന്നുകിട്ടിത്തുടങ്ങി.

പിന്തിരിഞ്ഞു നോക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ഓർക്കുന്നു. ആരെങ്കിലും എന്നെ പ്രസംഗം പരിശീലിപ്പിക്കുകയോ എനിക്കു പ്രസംഗം എഴുതിത്തരികയോ ചെയ്തിട്ടില്ല. പ്രസംഗം കേൾക്കുന്നത് എനിക്കെന്നും ഇഷ്ടമായിരുന്നു. നല്ല പ്രസംഗങ്ങൾ കേൾക്കുമ്പോൾ ഞാൻ എന്നോടു പറയുമായിരുന്നു, ‘എനിക്കും ഇതുപോലെ പ്രസംഗിക്കാൻ കഴിയും.’ ഈ ആത്മവിശ്വാസമാണ് എന്നെ പ്രസംഗവേദിയിലേക്കു കൈപിടിച്ചുകയറ്റിയത്.

പിൽക്കാലത്തു ഞാൻ പക്ഷേ, ധാരാളം കുട്ടികൾക്കു പ്രസംഗങ്ങൾ എഴുതിക്കൊടുക്കുകയും പ്രസംഗപരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നല്ല, പ്രസംഗകലയെക്കുറിച്ച് ‘പ്രസംഗിക്കുക പ്രസംഗകനാവുക’ എന്നൊരു മാർഗനിർദേശകഗ്രന്ഥവും എഴു



പ്രഫ. കെ.എം. തരകൻ

തി. അതിന്റെ പിന്നിലൊരു കഥയുണ്ട്. എന്റെ അധ്യാപകസുഹൃത്തിന്റെ മകന് എഴുതിക്കൊടുത്ത പ്രസംഗങ്ങളാണ് അതിലുള്ളത്. ആ കുട്ടിക്ക് ഒരു കാര്യത്തിൽ ഉറപ്പായിരുന്നത്രേ, ഞാൻ എഴുതിക്കൊടുത്താൽ പ്രസംഗത്തിനു സമ്മാനം കിട്ടും. അതു വെറുതേയായിരുന്നില്ല. ഏതാണ്ടെല്ലാ പ്രസംഗവേദികളിലും അയാൾ സമ്മാനം നേടിയിരുന്നു.

1992 ലാണ്, ഒരു ദിവസം തേക്കിൻകാട് ജോസഫ് എന്നെ വിളിച്ചു. ദീപികയിൽ ഡി.സി.എൽ.ന്റെ ചുമതല അദ്ദേഹത്തിനാണ്. ബാലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസംഗസമാഹാരം പ്രസിദ്ധീകരിക്കണം. തയ്യാറാക്കിക്കൊടുക്കാമോ എന്നറിയാനാണ് വിളിച്ചത്. ഞാൻ സമ്മതിച്ചു ഇക്കാര്യം ഞാൻ മുമ്പു പറഞ്ഞ അധ്യാപകസുഹൃത്തിനോടു പറഞ്ഞു. അദ്ദേഹം എന്നെ അമ്പരപ്പിച്ചുകൊണ്ട് ഒരു കാര്യം ചെയ്തു. ഞാൻ എഴുതിക്കൊടുത്ത പ്രസംഗങ്ങളുടെ കൈയെഴുത്തുകോപ്പികൾ മുഴുവനും എനിക്കു കൊണ്ടുവന്നു തന്നു! ഒന്നും നഷ്ടപ്പെടാതെ അദ്ദേഹം സൂക്ഷിച്ചുവച്ചിരുന്നു.

അദ്ദേഹത്തിന്റെ മകൻ നല്ലൊരു പ്രസംഗകനായി സമൂഹത്തിൽ നിറഞ്ഞുനിൽക്കും എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, പഠനത്തിൽ ഏറെ സമർഥനായിരുന്ന അയാൾ ഏതോ വിദേശകമ്പനിയിൽ ഉയർന്ന ഉദ്യോഗം നേടി പുറത്തേക്കുപോകുകയാണു ചെയ്തത്. നാട്ടിൽ അനുകൂലസാഹചര്യത്തിലായിരുന്നെങ്കിൽ എന്റെ പ്രതീക്ഷ സഫലമാകുമായിരുന്നു.

പ്രസംഗം ഒരു കലയാണ്. വിഷയജ്ഞാനംകൊണ്ടു മാത്രം ഒരാൾക്കു നല്ല പ്രസംഗകനാവാൻ കഴിയില്ല. എന്നാൽ, അതു നിർബന്ധമായും ഉണ്ടായിരിക്കുകയും വേണം. അല്ലെങ്കിൽ ‘വായിൽ വരുന്നതു കോതയ്ക്കു പാട്ട്’ എന്ന നിലയിൽ ബാലിശമായിപ്പോകും. വസ്തുതകൾ ആകർഷകമായ രീതിയിൽ അവതരിപ്പിക്കുന്നതിലാണു പ്രസംഗകന്റെ വിജയം. അതിനുവേണ്ട ചില തന്ത്രങ്ങളൊക്കെയുണ്ട്. ‘ഒറെറ്ററിക്കൽ ടെക്നിക്കുകൾ’ എന്നു പറയും.

സാംസ്കാരികരംഗത്ത് എനിക്കിഷ്ടപ്പെട്ട രണ്ടു പ്രസംഗകരാണുണ്ടായിരുന്നത്. സുകുമാർ അഴീക്കോടും കെ.എം. തരകനും. തരകന്റെ പ്രസംഗമായിരുന്നു കൂടുതൽ ഉജ്വലം. എന്നാൽ, ടെക്നിക്കുകൾകൊണ്ട് ശ്രോതാക്കളെ കൂടുതൽ വശീകരിക്കാൻ അഴീക്കോടിനു കഴിഞ്ഞിരുന്നു. ഇരുവരുടെയും പ്രസംഗങ്ങൾ കേട്ടുകൊണ്ടിരിക്കുമ്പോഴും എന്റെ ഉള്ളിൽ ഞാൻതന്നെ സ്വകാര്യം പറഞ്ഞിരുന്നു, എനിക്കും ഇതുപോലെ പ്രസംഗിക്കാൻ കഴിയുമല്ലോ. അതുകൊണ്ടുതന്നെയാവണം ഒരു കാര്യത്തിലും അവരെ അനുകരിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. ‘എന്റെ പ്രസംഗം എന്റെ സ്വന്തം’ എന്നു മാത്രം കരുതി.

നല്ല സ്വരം, നല്ല വിശകലനവൈദഗ്ധ്യം, നല്ല അവതരണം, മിതമായ നർമബോധം, സന്ദർഭോചിതമായ ഉദ്ധരണികൾ, ശ്രോതാക്കളുമായി ആശയസംവാദത്തിലാണ് എന്ന ചിന്ത, സദസ്സിന്റെ പ്രതികരണം മനസ്സിലാക്കി സംസാരിക്കാനുള്ള ഔചിത്യബോധം ഇവയൊക്കെ ഒരു നല്ല പ്രഭാഷകന്റെയും നല്ല പ്രഭാഷണത്തിന്റെയും സവിശേഷതകളാണ്. ഇതിനെയെല്ലാം അനുഗ്രഹിച്ചുനിർത്തുന്നത് ജന്മസിദ്ധമായ പ്രസംഗചാതുരിയും. അതില്ലാത്ത പ്രസംഗകരെ ശ്രോതാക്കൾ ഒട്ടും സഹിച്ചെന്നു വരില്ല.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, വ്യത്യസ്തവേദികളിൽ ഒട്ടധികം പ്രഭാഷണങ്ങൾ നടത്താൻ അവസരം ലഭിച്ചിട്ടുണ്ടെന്നു ഞാൻ കൃതജ്ഞതാപൂർവം ഓർമിക്കുന്നു. ■

## സിറിൾ ജോണിന് ഷെവലിയർ ബഹുമതി



കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിനു നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് മലയാളിയായ സിറിൽ ജോണിന്, അല്മായർക്കു നൽകുന്ന ഉന്നതബഹുമതിയായ ഷെവലിയർ പദവി. 1982 മുതൽ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ നേതൃനിരയിൽ സജീവമായ അദ്ദേഹം ലോക്സഭാ സെക്രട്ടേറിയറ്റിൽ ചീഫ് പ്രോട്ടോക്കോൾ ജോയിന്റ് സെക്രട്ടറിയായിരുന്നു.

# കെ. എസ്. ആർ. ടി. സി. ആരുടെ സ്വത്താണ്?

1–ാം പേജ് തുടർച്ച

ഇതിനിടെ, ബിജു പ്രഭാകർ പറഞ്ഞ 100 കോടി രൂപയല്ല, മറിച്ച് 400 കോടി രൂപയാണ് കാണാതായതെന്ന സംശയം ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് അന്വേഷണമുണ്ടായേക്കുമെന്നു സൂചനയുണ്ട്. നഷ്ടങ്ങളുടെ പടുകുഴിയിൽനിന്നു കോർപ്പറേഷനെ കരകയറ്റാനെന്ന പേരിലെടുത്ത വായ്പത്തുകയാണ് സ്വകാര്യബാങ്കുവഴി ചിലർ അടിച്ചുമാറ്റിയത്. കെ.എസ്.ആർ.ടി.സിയും കെ.റ്റി.ഡി.എഫ്.സി.യും (Kerala Transport Development Finance Corporation) തമ്മിലുള്ള ഇടപാടുകളുടെ ഓഡിറ്റ് റിപ്പോർട്ട് യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയതോടെ സംശയം ബലപ്പെട്ടു. 2012 മുതലുള്ള ഇടപാടുകളിൽ വൻ കള്ളക്കളികൾ നടന്നുവെന്നും ഇതോടെ ഉറപ്പായി. വായ്പത്തുകയിൽനിന്നു കോടികൾ പലരുടെ പോക്കറ്റിലേക്കാണു പോയത്. കെ.റ്റി.ഡി.എഫ്.സി. അനുവദിച്ച വായ്പത്തുകയിൽനിന്ന് 10 കോടി രൂപ സംസ്ഥാനത്തിനു പുറത്ത് ബാങ്ക്അക്കൗണ്ടുകളുള്ള ചില ഉദ്യോഗസ്ഥർ മാറ്റിയതായും തെളിഞ്ഞിട്ടുണ്ട്. എന്നാൽ, പണം കൈമാറിയതടക്കമുള്ള സുപ്രധാനരേഖകളിൽ മിക്കവയും നശിപ്പിച്ചുകളഞ്ഞതായും സംശയിക്കുന്നുണ്ട്.

കുറഞ്ഞ പലിശയ്ക്കു പണം നൽകി കെ.എസ്.ആർ.ടി.സിയെ രക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടെ 1996 – ൽ രൂപംകൊടുത്ത സ്ഥാപനമാണ് കെ.റ്റി.ഡി.എഫ്.സി. രൂപീകരണസമയത്തും പിന്നീടുമായി നിക്ഷേപകരിൽനിന്നു സ്വീകരിച്ച 925 കോടി രൂപയുടെ സ്ഥിരനിക്ഷേപം എങ്ങനെ മടക്കിനൽകുമെന്നറിയാതെ നട്ടംതിരിയുകയാണ്. ബാങ്കുകളിലും ട്രഷറിയിലുമായി കരുതിവച്ച 353 കോടി രൂപ കഴിച്ചുള്ള 572 കോടിയാണ് കണ്ടെത്തേണ്ടത്! 2016 – ൽ വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി യുടെ സ്വന്തം സ്ഥലത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമിച്ച ബസ് ടെർമിനലുകൾ തിരിച്ചുനൽകി തടിതപ്പാനാണ് ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.റ്റി.ഡി.എഫ്.സിയുടെ മാനേജിങ് ഡയറക്ടറുടെയും ശിപാർശ. രണ്ടു സ്ഥാപനങ്ങളും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളിലെ ദുരൂഹത മറനീക്കാനുള്ള മുൻ എം.ഡി. ടോമിൻ ജെ. തച്ചങ്കരിയുടെ പരിശ്രമങ്ങളെ സർക്കാരിലെ ഒരു ഉന്നതോദ്യോഗസ്ഥൻ തടയിടുകയായിരുന്നുവെന്നാണ് കേൾവി. രാഷ്ട്രീയക്കാരായ യൂണിയൻ നേതാക്കളുടെയും സംഘടിതരായ തൊഴിലാളികളുടെയും കടുംപിടിത്തങ്ങൾക്കുമുന്നിൽ മാനേജിങ് ഡയറക്ടർമാരും മാറിമാറിവന്ന സർക്കാരുകളും നിസ്സഹായരായിരുന്നു. കെ.റ്റി.ഡി.എഫ്.സി. അനുവദിച്ച വായ്പത്തുകകൾ പൂർണമായി കെ.എസ്.ആർ.ടി.സി ക്കു ലഭിച്ചോ എന്ന കാര്യത്തിലും ദുരൂഹത നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഹൗസിംഗ് ഡവലപ്മെന്റ് കോർപ്പറേഷൻ, പവർ ഫിനാൻസ് കോർപ്പറേഷൻ, വിവിധ ജില്ലാ ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നു വാങ്ങിക്കൂട്ടിയ കോടികളുടെ വിശദാംശങ്ങൾകൂടി പുറത്തുവരേണ്ടതുണ്ട്. വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള തുകകൾ മുഴുവൻ തിരിച്ചടച്ചുവെന്ന് കെ.എസ്.ആർ.ടി.സി. അവകാശവാദം ഉന്നയിക്കുമ്പോഴും എത്രയാണ് അടച്ചതെന്നടക്കമുള്ള രേഖകളെല്ലാം അപ്രത്യക്ഷമായി. 486 കോടി രൂപ തിരിച്ചടയ്ക്കാനുണ്ടെന്നു കാണിച്ച് കെ.റ്റി.ഡി.എഫ്.സിയുടെ എം.ഡി, കെ.എസ്.ആർ.ടി.സി ക്ക് നാലു വർഷം മുമ്പെഴുതിയ കത്തും ചുവപ്പുനാടയിൽ കുരുങ്ങി.

കെ.എസ്.ആർ.ടി.സിയുടെ 25 വർഷത്തിനിടയിലെ ഏറ്റവും മികച്ച എം.ഡി. ടോമിൻ തച്ചങ്കരിയായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചിട്ടുണ്ട്. ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി നിശ്ചയിച്ചതും അധികജീവനക്കാരെ പിരിച്ചുവിട്ടതും തച്ചങ്കരിയുടെ ഭരണകാലത്താണ്. അദ്ദേഹം പ്രാബല്യത്തിൽ വരുത്തിയ വിപ്ലവകരമായ നടപടികളിൽ പ്രധാനപ്പെട്ടത് ചുവടെ കൊടുക്കുന്നു.



1. യൂണിയനുകളുടെ ഇടപെടലില്ലാതെ സ്ഥിരം ജീവനക്കാരെ അവരവരുടെ വീടിനടുത്തേക്കു സ്ഥലംമാറ്റം നൽകി നിയമിച്ചു.
2. ജീവനക്കാരുടെ ഡ്യൂട്ടിസമയം എട്ടു മണിക്കൂറായി നിശ്ചയിച്ചു. ഡബിൾ ഡ്യൂട്ടിയും ഒരു വീക്കിലി ഓഫും ഒഴിവാക്കി.
3. കോടതിയുത്തരവ് സമ്പാദിച്ച് 7000ൽപ്പരം എംപാനൽ ജീവനക്കാരെ പിരിച്ചുവിടുകയും പകരം പി.എസ്.സി യുടെ റാങ്ക് ലിസ്റ്റിൽനിന്ന് 1500 പേരെ സ്ഥിരമായി നിയമിക്കുകയും ചെയ്തു.
4. ഷെഡ്യൂളുകൾ പുതുക്കിനിശ്ചയിച്ച് ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി കണക്കാക്കി.
5. വരുമാനം കൂടുതൽ ലഭിക്കുന്ന സൂപ്പർ ക്ലാസ് സർവീസുകൾ ഒരു ദിവസംപോലും റദ്ദാക്കാൻ പാടില്ല എന്നു നിർദ്ദേശിച്ചു.
6. ഓടാതെകിടന്ന വോൾവോ ബസുകൾ പ്രധാനനഗരങ്ങൾക്കിടയിൽ ഓടുന്നതിന് നിർദ്ദേശം നൽകി.

2010 മുതലുള്ള വരവുചെലവു കണക്കുകൾ പരിശോധിച്ചപ്പോഴാണ് കോടികളുടെ തിരിമറി പുറത്തായത്. കണക്കുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്താതെ കൈകാര്യം ചെയ്തത് ഗുരുതരമായ കൃത്യവിലോപമാണെന്ന് ധനകാര്യവകുപ്പിന്റെ അന്വേഷണറിപ്പോർട്ടിലും പരാമർശമുണ്ട്. കണക്കിൽ വ്യത്യാസം വരുന്ന തുക 'സസ്പെൻസ്' എന്ന ഹെഡ്ഡിൽപ്പെടുത്തി മാറ്റുകയായിരുന്നുവെന്നു കണ്ടെത്തിയിട്ടുണ്ട്. പണം കൈമാറുമ്പോൾ പാലിക്കേണ്ട അടിസ്ഥാനകാര്യങ്ങൾപോലും പാലിക്കാതിരുന്നത് ക്രമക്കേടുകൾ മറക്കാനാണെന്നു സംശയിക്കുന്നതിനാൽ വിശദമായ പരിശോധനകൾ വേണ്ടിവരുമെന്നും അന്വേഷണറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

"കടുത്ത പ്രതിസന്ധി മറികടക്കാനാണ് കെ.എസ്.ആർ.ടി.സിയുടെ സ്ഥലങ്ങൾ വിൽക്കാനും പാട്ടത്തിനു നൽകാനും തീരുമാനമെടുത്തത്. വികാസ്ഭവൻ ഡിപ്പോ കിഫ്ബിക്കു കൈമാറുകയാണ്. ഇപ്പോഴും 7,100 ജീവനക്കാർ അധികമാണ്. 40000 പെൻഷകാർ ഉൾപ്പെടെ 68000 പേർക്കാണ്, ശമ്പളവും ആനുകൂല്യങ്ങളും നൽകേണ്ടത്", ബിജു പ്രഭാകർ വെളിപ്പെടുത്തുന്നു.

കോർപ്പറേഷന്റെ ശോച്യാവസ്ഥയ്ക്കു പിന്നിൽ തൊഴിലാളിയൂണിയനുകളുടെ കടുംപിടിത്തവും ഉത്തരവാദിത്വമില്ലായ്മയും മുഖ്യകാരണങ്ങളാണ്. അഴിമതിക്കാർക്കും തട്ടിപ്പുകാർക്കും കവചമൊരുക്കാൻ യൂണിയൻ നേതാക്കൾ തയ്യാറാകുമ്പോൾ ഏതൊരു സ്ഥാപനവും തകരും. രാഷ്ട്രീയസമ്മർദത്തിന്റെ ഫലമായി സർക്കാരിന്റെ പിന്തുണകൂടിയുള്ളത് യൂണിയനുകൾക്കു ബലം കൂട്ടും. കുഴപ്പക്കാരെ കണ്ടെത്തുകയും അടിയന്തരമായി പിരിച്ചുവിടുകയുമാണ് വേണ്ടത്. പൊതുഗതാഗതസംവിധാനത്തിൽ കെ.എസ്.ആർ.ടി.സി. ഒഴിച്ചുകൂടാനാവാത്തതാണെന്നതിന്റെ മറവിൽ എല്ലാത്തരം തട്ടിപ്പും അഴിമതിയും ആകാമെന്ന തൊഴിലാളി യൂണിയനുകളുടെ മുഷ്കിനാണ് മൂക്കുകയറിടേണ്ടത്. ഇത് ജനങ്ങളുടെ പൊതുസ്വത്താണ്, ജീവനക്കാരുടെ മാത്രമല്ല എന്ന യാഥാർത്ഥ്യവും വിസ്മരിച്ചുകൂടാ. ■


# പൊയ്മുഖം



കാരിത്തടം വർക്കി

രാജമ്മയ്ക്ക് ആൺമക്കളില്ല, ആകെയുള്ളത് രണ്ടു പെൺകുട്ടികളാണ്; രാധികയും ലതികയും. രാധിക പ്ലസ് വണ്ണിലും ലതിക ഒമ്പതിലുമാണു പഠിക്കുന്നത്. സാമ്പത്തികബുദ്ധിമുട്ടുണ്ടെങ്കിലും തന്റെ മക്കളെ കുറെക്കൂടി പഠിപ്പിക്കണമെന്നാണ് രാജമ്മയുടെ ആഗ്രഹം. പക്ഷേ, അവരുടെ ഭർത്താവ് പണിക്കൊന്നും പോകാനാവാതെ രോഗം പിടിപെട്ട് കിടപ്പിലായതാണ് പ്രതിസന്ധിക്ക് പ്രധാന ഹേതു. എങ്കിലും രാജമ്മ ഹോളോ ബ്രിക്സ് കമ്പനിയിൽ ജോലിക്കുപോകുന്നതുകൊണ്ട് പട്ടിണിയില്ലാതെ ഒരുവിധം കഴിഞ്ഞു പോകുന്നു.

രാജമ്മ മിക്കവാറും ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിലാണ് മക്കൾക്ക് ഡ്രെസ്സെടുക്കുക. പാറശ്ശാലക്കാരനൊരാൾ തിങ്കളാഴ്ചതോറും തുണികളുംകൊണ്ടു വരും. അശോകനെന്നാണ് അയാളുടെ പേര്. പത്തിരുപത്തിയഞ്ച് വയസ്സു വരും. കാണാൻ നല്ല യോഗ്യൻ. അയാൾക്ക് കടുംപിടിത്തമൊന്നുമില്ല. കാശ് കൈയിലുള്ളതുപോലൊക്കെ കൊടുത്താൽ മതി. ആവശ്യത്തിനുള്ള ഡ്രസ്സുകൾ അയാൾ കടം കൊടുക്കും. തമിഴന്മാർ ഉൾപ്പെട്ട നിരവധി ആളുകൾ തുണിക്കച്ചവടത്തിനായി വരുന്നുണ്ടെങ്കിലും അശോകനെപ്പോലത്തെ നയം അവർക്കില്ല. രണ്ടാഴ്ച കാശില്ലെന്നു പറഞ്ഞാലും ഒന്നും മിണ്ടാതെ ചിരിച്ചുകൊണ്ടു പൊയ്ക്കൊള്ളും. അതുകൊണ്ടാണ് രാജമ്മ അയാളോടുതന്നെ തുണിയെടുക്കുന്നത്.



അശോകനെക്കുറിച്ച് രാജമ്മയ്ക്കു നല്ല മതിപ്പാണ്. സിഗററ്റ് വലിക്കില്ല. പൊടിവലിയോ മദ്യപാനമോ ഇല്ല. മറ്റുള്ള കച്ചവടക്കാരെപ്പോലെ വാചകമടിക്കുകയോ അനാവശ്യമായി പെണ്ണുങ്ങളെ നോക്കുകയോ ചെയ്യില്ല. അതുകൊണ്ടുതന്നെ അശോകന്റെ ഗുണഗണങ്ങളെ നിത്യവുമവർ പുകഴ്ത്തുകയും പ്രശംസിക്കുകയും ചെയ്തിരുന്നു.

"അശോകനെ സമ്മതിക്കണം രാധികയ്ക്കും ലതികയ്ക്കും കൊണ്ടുവരുന്ന ഡ്രസ്സുകൾ ഉഗ്രനാ, അയാൾക്കറിയാം അവർക്കു ചേരുന്ന കളറും ഫാഷനുമൊക്കെ."

തുണിക്കച്ചവടക്കാരനായ അശോകനെക്കുറിച്ചുള്ള ഈ പുകഴ്ത്തൽ കേട്ടുകേട്ട് രാധികയുടെ മനസ്സിലെപ്പോഴോ നിറമുള്ള സ്വപ്നങ്ങൾ വിരിഞ്ഞുതുടങ്ങി. അവളയാളെ അത്യഗാധമായി പ്രേമിക്കുകയും ക്രമേണ അകലാൻ കഴിയാത്തവിധം അടുക്കുകയും ചെയ്തു.

രാധികമാത്രമല്ല, ലതികയും അങ്ങനെതന്നെയായിരുന്നു. നിർവചിക്കാനാവാത്തവിധം ആ യുവാവിൽ ലയിച്ചുകഴിഞ്ഞിരുന്നു. ഇക്കാര്യം പരസ്പരം അറിയാതെ, കാണാതെ മുന്നോട്ടു കൊണ്ടുപോകാൻ വിദഗ്ധനായിരുന്നു അശോകൻ.

അയാൾ കാശു വാങ്ങിയും വാങ്ങാതെയും പുതിയ പുതിയ ഡ്രസുകൾ ഇരുവർക്കും കൊണ്ടുവന്നു കൊടുത്തു. അതോടെ രാജമ്മയുടെ വസതിയിൽ ആ ചെറുപ്പക്കാരനുള്ള സ്വാതന്ത്ര്യം കൂടിക്കൂടി വന്നു, ലതികയുടെയും രാധികയുടെയുമൊക്കെ ബർത്ത്ഡേകളിലും മറ്റ് ആഘോഷവേളകളിലുമൊക്കെ അയാൾ അവിടെ അന്തിയുറങ്ങാനും മറ്റും അവസരമുണ്ടാക്കി. അപ്പോഴെല്ലാം രാജമ്മയുടെ നാവ് അശോകനെ വാനോളം പുകഴ്ത്തിയിരുന്നു. നാട്ടുകാരുടെ കുശുകുശുപ്പും പരിഹാസച്ചിരിയുമെല്ലാം അവർ അവഗണിച്ചു തള്ളി.

രാധിക ഗർഭിണിയായി. ഇതറിഞ്ഞ അശോകൻ മുങ്ങി. കടുത്ത നിരാശയും ദുഃഖവും നിമിത്തം ഉറക്കമില്ലാതെ കിടക്കവേ, രാധികയൊരു തേങ്ങൽ കേട്ടു. അനുജത്തിയാണ്.

"നീയെന്തിനാ കരഞ്ഞേ?"

അവൾ തിരക്കി. "ചേച്ചീ, ആ തുണിക്കാരൻ എന്നെ ചതിച്ചു." പറഞ്ഞിട്ടവൾ പൊട്ടിക്കരയാൻ തുടങ്ങവേ രാധിക പെട്ടെന്ന് വായ് പൊത്തിക്കളഞ്ഞു, തൊട്ടപ്പുറത്തെ മുറിയിൽ കിടക്കുന്ന അച്ഛനും അമ്മയും കേൾക്കാതിരിക്കാൻ. ഇടിവെട്ടിയവന്റെ തലയിൽ പാമ്പുകൊത്തിയ അനുഭവമായിരുന്നു അവൾക്ക്. സ്വന്തം നെഞ്ചിനുള്ളിൽ തീയാളിക്കൊണ്ടിരിക്കേ കൂടപ്പിറപ്പിനെ വെറുതെ ഒന്നാശ്വസിപ്പിക്കാൻ പോലുമാവാതെ അവൾ വിങ്ങി. പാതിരാത്രി പിന്നിട്ടപ്പോൾ രാധികയെണീറ്റ് മണ്ണെണ്ണയെടുത്ത് തലവഴിയൊഴിച്ച് തീ കൊളുത്തി.

തീ പടർന്നു. ചൂടേറ്റ് ചാടിപ്പിടഞ്ഞെണീറ്റ രാജമ്മയും ലതികയുമൊക്കെ ഉറക്കെയുറക്കെ നിലവിളിച്ചു. ആളുകൾ ഓടിക്കൂടിയെങ്കിലും അവളെ രക്ഷിക്കാനായില്ല. ഒടുവിൽ, കത്തിക്കരിഞ്ഞ ജഡത്തിനരികിൽ ഒന്നുമറിയാതെ രാജമ്മയും ഭർത്താവും വാവിട്ടു കരയുമ്പോഴും ഒരു ചോദ്യച്ചിഹ്നംപോലെ മരവിച്ചുനിൽക്കുകയായിരുന്നു ലതിക. ■




# ക്ലിയോപാത്ര എവിടെ മറഞ്ഞു?



പ്രഫ. ചാണ്ടി സഖറിയാസ്

**ച**രിത്രത്തിലെ രാജകീയമുഹൂർത്തങ്ങളുടെയും നാടകീയനിമിഷങ്ങളുടെയും ചൈതന്യവത്തും സജീവവുമായ സൗന്ദര്യസങ്കല്പങ്ങളുടെയും റാണിയായിരുന്നു ക്ലിയോപാത്ര. എന്നാൽ, അവർ ജീവിച്ചിരുന്ന ചുറ്റുപാടുകളെപ്പറ്റിയോ അവരെ സംസ്കരിക്കുന്ന സ്ഥലത്തെപ്പറ്റിയോ തെളിവുകൾ നല്കുന്ന യാതൊന്നും അവശേഷിക്കുന്നില്ല. എല്ലായിടത്തും നിറഞ്ഞുനില്ക്കുമ്പോഴും അവരെ ഒരിടത്തും കാണാനാവുന്നില്ല. ജീവിച്ചിരുന്നപ്പോൾ അവരെ പുല്കിനിന്നിരുന്ന നിഗൂഢതയും മാസ്മരികസൗന്ദര്യസങ്കല്പങ്ങളും മരണത്തിനു നൂറ്റാണ്ടുകൾക്കുശേഷവും നിലനില്ക്കുന്നു. അന്വേഷണങ്ങളും ഗവേഷണങ്ങളും തുടരുന്നു.



അലക്സാണ്ട്രിയായിലെ ആന്റിറോഡോ ദ്വീപിലാണ് നൂറോളം മുറികളുള്ള അവരുടെ ഈജിപ്ഷ്യൻ കൊട്ടാരം നിലനിന്നിരുന്നത്. ബി.സി. 25 മുതൽ 19 വരെ ഈജിപ്തിലുണ്ടായിരുന്ന ഗ്രീക്ക് ഭൂഗോളശാസ്ത്രജ്ഞന്മാർ ക്ലിയോപാത്രയുടെ അത്യാഡംബരകൊട്ടാരത്തെപ്പറ്റിയും കല്ലുപാകിയ 150 അടിയോളം വീതിയുള്ള തെരുവുകളെപ്പറ്റിയും അവിടെയുണ്ടായിരുന്ന സ്ഫിങ്ക്സ് പ്രതിമകളെപ്പറ്റിയും വശ്യതയാർന്ന കടലിന്റെ സാമീപ്യത്തെപ്പറ്റിയും എഴുതിയിട്ടുണ്ട്. ക്ലിയോപാത്രയുടെ ആത്മഹത്യയ്ക്കുശേഷം കൊട്ടാരവും അനുബന്ധനിർമിതികളും ഉപേക്ഷിക്കപ്പെടുകയായിരുന്നു. എ.ഡി. 365 ലെ വൻഭൂമികുലുക്കവും തുടർന്നുണ്ടായ സുനാമികളും കൊട്ടാരത്തെ 10 മീറ്റർ സമുദ്രത്തിനടിയിലാക്കുകയായിരുന്നു.

### അവശേഷിക്കുന്ന തെളിവുകൾ

ജർമനിയിലെ ആൾടെസ് മ്യൂസിയത്തിൽ ഇപ്പോഴുള്ള ഒരു അർദ്ധകായപ്രതിമയാണ് അവരെപ്പറ്റി നേരിട്ടു സൂചന നല്കുന്ന ചരിത്രാവശിഷ്ടം. ബി.സി. 46 നും 44 നും ഇടയ്ക്കു ക്ലിയോപാത്രയുടെ റോം സന്ദർശനത്തിനിടയിൽ നിർമിച്ചതാണെന്നു വിശ്വസിക്കപ്പെടുന്നു. അത് തലയിൽ ഡയഡം (രാജകീയചിഹ്നമായി രാജാക്കന്മാരും രാജ്ഞിമാരും തലയിൽ അണിഞ്ഞിരുന്ന രത്നാലംകൃതമായ കിരീടം / ഹെഡ്ബാൻഡ്) ധരിച്ചിരുന്ന രീതിയിലാണ് ഈ പ്രതിമ നിർമിച്ചിരിക്കുന്നത്. ഈജിപ്തിലുള്ള ഡെൻഡ്രെ ക്ഷേത്രഭിത്തിയിൽ കല്ലിൽ പൊഴിച്ചുണ്ടാക്കിയിരിക്കുന്ന ഒരു ചിഹ്നമാണ് മറ്റൊന്ന്. ക്ലിയോപാത്ര, സീസറിലുണ്ടായ പുത്രൻ സിസേറിയനോടു ചേർന്നു ക്ഷേത്രത്തിൽ കാഴ്ചയർപ്പിക്കുന്നതാണ് ഈ കല്ലിലെ ചിത്രം. നാണയങ്ങളിൽ മുദ്രണം ചെയ്തിട്ടുള്ള അവരുടെ മുഖം വ്യക്തമായി കാണാൻ സാധിക്കും. ബാക്കിയുള്ളതു സാഹിത്യത്തിലും കലയിലും നിറഞ്ഞുനില്ക്കുന്ന വിവരണങ്ങളാണ്.

ബി.സി. 1213 ൽ മരിച്ച റംസെസ് രണ്ടാമന്റെയും ബി.സി. 1324 ൽ മരിച്ച തൂത്തൻഖാമന്റെയും മറ്റും മമ്മിയാക്കിയ ശരീരങ്ങളും ബന്ധപ്പെട്ട നൂറുകണക്കിനു വസ്തുക്കളും ഇന്നും കേടുകൂടാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ക്ലിയോപാത്ര മാത്രം ഏകയായി കാലത്തിന്റെ കരിമ്പടക്കെട്ടിനു പിന്നിൽ നമ്മിൽനിന്നു പൂർണമായി മറഞ്ഞുനില്ക്കുന്നു. എംബാം ചെയ്ത ക്ലിയോപാത്രയുടെയും മാർക്ക്ആന്റണിയുടെ ശവശരീരങ്ങൾ ഒരുമിച്ചു സംസ്കരിക്കപ്പെട്ടിരിക്കുന്നതായാണ് വിശ്വസിക്കുന്നത്.

### ക്ലിയോപാത്രയുടെയും മാർക്ക് ആന്റണിയുടെയും അന്തിമവിശ്രമസ്ഥലം തേടി

സമുദ്രജലത്തിനു താഴെയുള്ള കാര്യങ്ങളെപ്പറ്റി പഠിക്കുന്ന ചരിത്രാന്വേഷകനായിരുന്ന ഫ്രഞ്ചുകാരനായിരുന്നു ഫ്രാങ്ക് ഗോഡിയോ. അദ്ദേഹം അലക്സാണ്ട്രിയയുടെ തീരത്തിനടുത്തുള്ള കടലിൽ പത്തുമീറ്ററോളം ആഴത്തിൽ ക്ലിയോപാത്രയുടെ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി. 90 മീറ്ററോളം നീളം വരുന്ന തറയും അതുപോലെ വലിയ തൂണുകളും പ്രതിമകളും, നാണയങ്ങളും അവയിൽപ്പെടും. പക്ഷേ, അവിടെയൊന്നും അവരുടെ ശവകുടീരം കണ്ടെത്താനായില്ല. അവിടെ ഇപ്പോൾ വെള്ളത്തിനടിയിൽ ഒരു അണ്ടർഗ്രൗണ്ട് ആർക്കിയോളജിക്കൽ പാർക്ക് പ്ലാൻ ചെയ്തുവരുന്നു.

### കാത്‌ലീൻ മാർട്ടിനെസ്

19 വയസ്സുള്ള കാത്‌ലീൻ മാർട്ടിനെസ് ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ തലസ്ഥാനമായ സാന്റോ ഡോമിൻഗോയിലെ യൂണിവേഴ്സിറ്റിയിൽ പുരാവസ്തുശാസ്ത്രം പഠിപ്പിക്കുകയായിരുന്നു. 2004 ൽ കാത്‌ലീനുണ്ടായ ഒരു ഉൾവിളിയെത്തുടർന്ന് അവർ ക്ലിയോപാത്രയുടെ ശവകുടീരം തേടി ഈജിപ്തിലേക്കു പുറപ്പെട്ടു. ഈജിപ്ഷ്യൻ പുരാവസ്തുവകുപ്പിൽ നിന്നു വളരെ ബുദ്ധിമുട്ടി ഗവേഷണത്തിനുള്ള അനുവാദം വാങ്ങി പ്രവർത്തനമാരംഭിച്ചു.

അലക്സാണ്ട്രിയായിൽനിന്ന് 28 മൈൽ അകലെ സമുദ്രതീര പട്ടണമായ ടാപ്പോസിറിസ് മാഗ്നാ ക്ഷേത്രത്തിനടുത്തായിരിക്കും ക്ലിയോപാത്ര, മാർക്ക് ആന്റണിയോടു ചേർന്ന് സംസ്കരിക്കപ്പെട്ടത് എന്നുള്ള ഒരു പുതിയ തിയറി മാർട്ടിനെസ് മുന്നോട്ടുവച്ചു. ഈ പേരിന്റെ അർത്ഥം 'റ്റൂം ഓഫ് ഒസിറിസ്' (ഒസിറിസ് ദേവന്റെ കല്ലറ) എന്നാണ്. കഴിഞ്ഞ 15 വർഷമായി കാത്‌ലീന്റെ നേതൃത്വത്തിലുള്ള ടീം ഇവിടെ ക്ലിയോപാത്രയുടെ ശവകുടീരം തേടി ഖനനവും പര്യവേക്ഷണവും നടത്തുന്നുണ്ട്. 2000 ൽ അവർ കണ്ടെത്തിയ ഒരു ശവകുടീരത്തിൽ ക്ലിയോപാത്രയുടെ പേരു രേഖപ്പെടുത്തിയിട്ടുള്ള 200 നാണയങ്ങളും അവരുടെ പിതാമഹന്റെ പ്രതിമയും രണ്ട് ഉന്നതോദ്യോഗസ്ഥരുടെ മമ്മികളും ഉണ്ടായിരുന്നു.

കാത്‌ലീൻ മാർട്ടിനെസിന്റെ നിഗമനങ്ങൾക്കു ചില അടിസ്ഥാനങ്ങളുണ്ടായിരുന്നു. ഐസിസ് മാതൃത്വത്തിന്റെയും ഫലഭൂയിഷ്ഠതയുടെയും മാന്ത്രികശക്തിയുടെയും ദേവതയായിരുന്നു. ക്ലിയോപാത്ര തന്നെത്തന്നെ എപ്പോഴും ഐസിസുമായി താരതമ്യപ്പെടുത്തുകയും അവരുടെ രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഐസിസിന്റെ ഭർത്താവായിരുന്ന ഒസിറിസ്ദേവന്റെ സ്ഥാനത്തു ക്ലിയോപാത്ര തന്റെ കാമുകനായിരുന്ന മാർക്ക് ആന്റണിയെ പ്രതിഷ്ഠിച്ചു. മരണാനന്തരം ജീവിതത്തിൽ ആന്റണിയോടൊപ്പം ഒരു നിത്യഹരിത ജീവിതം നയിക്കാമെന്ന് സ്വപ്നം കാണുകയും വിശ്വസിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ ഒസിറിസിനോടോ ഐസിസിനോടോ ബന്ധമുള്ള, ടാപ്പോസിറിസ് ക്ഷേത്രത്തിലോ പരിസരത്തോ രഹസ്യമായി അവർ സംസ്കരിക്കപ്പെട്ടിരിക്കാമെന്ന്






ടാപ്പോസിറിസ് മാഗ്നാ കോംപ്ലക്സ്



കാത്‌ലീൻ മാർട്ടിനെസ്

കാത്‌ലീൻ വിശ്വസിച്ചു. ഏകദേശം 21 സംസ്കാരസ്ഥലങ്ങൾ പഠിച്ചതിനുശേഷമാണ് കാത്‌ലീൻ മാഗ്നായിൽ എത്തിയത്.

കാത്‌ലീൻ മാർട്ടിനെസിന്റെ മറ്റൊരു കണ്ടെത്തലായിരുന്നു ചരിത്രം ക്ലിയോപാത്രയോടു ക്രൂരത കാട്ടിയെന്നത്. ഇതു പ്രധാനമായും റോമൻ പ്രചാരണം മൂലമാണെന്നും അവർക്ക് അഭിപ്രായമുണ്ട്. ക്ലിയോപാത്രയുടെ മരണശേഷം അവരെ നിഷ്കരുണം വിസ്മരിക്കുകയും അവൾക്കെതിരായുള്ള പ്രചാരണങ്ങൾ ശക്തമാക്കുകയും ചെയ്തു. ജൂലിയസ് സീസറിനുശേഷം മാർക്ക് ആന്റണിയെയും തന്റെ സ്വാധീനവലയത്തിലെത്തിച്ച ഒരു സ്ത്രീയായാണ് അവർ ചിത്രീകരിക്കപ്പെട്ടത്. തന്റെ വശീകരണശക്തിയും കുടിലതന്ത്രങ്ങളുംകൊണ്ട് വിഘടിച്ചുനിന്ന റോമിന്റെ ഘടകങ്ങളെ തമ്മിലടിപ്പിച്ചു റോമിനെ ദുർബലമാക്കി ഈജിപ്തിനെ മെഡിറ്ററേനിയനിലെ ഏറ്റവും വലിയ സാമ്രാജ്യശക്തിയായി വളർത്തുവാൻ അവർ പരിശ്രമിച്ചതായി റോം കരുതിയിരിക്കാം. അതുകൊണ്ടാവാം ചരിത്രസ്മാരകങ്ങളിലും ക്ഷേത്രഭിത്തികളിലുംനിന്ന് അവർ അപ്രത്യക്ഷയായത്.

20 വർഷമായി തുടരുന്ന കാത്‌ലീൻ മുതലുള്ളവരുടെ അന്വേഷണങ്ങൾ കാര്യമായി ഒരിടത്തും എത്തിയിട്ടില്ല. അവർ നിത്യവിശ്രമം കൊള്ളുന്ന കല്ലറയുടെ വാതിൽക്കൽ ആരും ഇതുവരെ മുട്ടിവിളിച്ചിട്ടില്ല. ഷേക്സ്പിയർ പറഞ്ഞതുപോലെ, ലോകത്തിലെ ഏറ്റവും പ്രശസ്തരായ പ്രണയജോടികളുടെ കല്ലറ ഒരു ദിവസം കണ്ടെത്തിയെന്നിരിക്കാം. എങ്കിൽ, അത് 3200 വർഷം പഴക്കമുണ്ടായിരുന്ന തൂത്തൻഖാമന്റെ മമ്മിയും കല്ലറയും ഹോവാർഡ് കണ്ടെത്തിയതുപോലുള്ള ഒരു അദ്ഭുതസംഭവമായിരിക്കും. അതുവരെ ഐതിഹ്യങ്ങളുടെയും അവിശ്വസനീയകഥകളുടെയും ലോകത്തിലെ ഏറ്റവും നിറപ്പകിട്ടാർന്ന രൂപമായി അവർ നിലനില്ക്കും. ചരിത്രത്തിലും സാഹിത്യത്തിലും തത്ത്വചിന്തയിലും രാഷ്ട്രമീമാംസയിലും ആർക്കും പിടികിട്ടാതെ, എന്നാൽ, ആർക്കും മറയ്ക്കാനോ മറക്കാനോ കഴിയാതെ ക്ലിയോപാത്ര ഉണ്ടായിരിക്കും, ഒരു അനശ്വരസത്യവും സ്വപ്നവുമായി.

(അവസാനിച്ചു)

---

**നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്**

## അഴക്

അവൾ സുന്ദരിയാണ്. ഫോട്ടോ കണ്ടാണ് അവളെ അവൻ ഇഷ്ടപ്പെട്ടത്. പിന്നീടു നേരിൽ കണ്ടപ്പോൾ ഇഷ്ടംകൂടി. അതിനുശേഷം ഇടപഴകിയപ്പോൾ ഇഷ്ടം പ്രണയമായി വിവാഹത്തിൽ കലാശിച്ചു.

ദാമ്പത്യജീവിതാരംഭത്തിലാണ് അവൾക്കു ബാഹ്യസൗന്ദര്യമേയുള്ളൂവെന്ന് അവനു ബോധ്യമായത്. ആന്തരികസൗന്ദര്യം ഫോട്ടോയിലോ നേരിട്ടോ പ്രകടമാവില്ലല്ലോ. എക്സ്റേയിൽപ്പോലും അതു നിഴലിക്കില്ല.

അഴകുള്ള ചക്കയിൽ ചുളയില്ലെന്ന പഴമൊഴി അവൻ ഓർത്തു. പഴമൊഴികൾ എന്നും പുതുമൊഴികൾതന്നെ.

ആരോഗ്യവീഥി





ഡോ. ബേസിൽ പോൾ കുന്നത്ത്

# റൂമറ്റോയ്ഡ് ആർത്രൈറ്റിസ് ഫലപ്രദമായി ചികിൽസിക്കാം



ആമവാതം അഥവാ റൂമറ്റോയ്ഡ് ആർത്രൈറ്റിസ് പ്രായമായവരിൽ മാത്രംകാണുന്ന ഒരു അസുഖമാണെന്നാണ് പരക്കെയുള്ള ധാരണ. യഥാർഥത്തിൽ 2 മുതൽ 80 വരെ പ്രായമുള്ള ഏതൊരാളെയും ബാധിക്കാവുന്ന അസുഖമാണിത്. സ്ത്രീകളിലാണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത്. ജനസംഖ്യയുടെ ഏകദേശം ഒരു ശതമാനം ആളുകളിൽ ഈ രോഗം കണ്ടുവരുന്നു. അതായത്, കേരളത്തിൽ ഏകദേശം 3 ലക്ഷം ആളുകളിലും ഇന്ത്യയിൽ ഏകദേശം 1.25 കോടി ജനങ്ങളിലും ഈ അസുഖമുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

**രോഗകാരണങ്ങൾ**

ഓട്ടോ ഇമ്യൂൺ വിഭാഗത്തിൽപ്പെട്ട (autoimmune disease)ഒരു അസുഖമാണിത്. അതായത്, നമ്മുടെ ശരീരത്തിലെ പ്രതിരോധ സംവിധാനം ശരീരത്തിനെതിരേ പ്രവർത്തിക്കുന്ന അവസ്ഥ. ജനിതകപരമായ കാരണങ്ങൾക്കു പുറമേ പുകവലി, അന്തരീക്ഷമലിനീകരണം, അൾട്രാവയലറ്റ് രശ്മികൾ മുതലായവ ഈ അസുഖത്തിനു കാരണമാകുന്നു എന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**രോഗലക്ഷണങ്ങൾ**

സന്ധികളിൽ ഉണ്ടാകുന്ന നീർക്കെട്ടും വേദനയുമാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണം. ശരീരത്തിലെ ഏതു സന്ധികളെ വേണമെങ്കിലും ഈ രോഗം ബാധിക്കാം. കൈകാലുകളിലെ സന്ധികൾ, കൈമുട്ട്, കാൽമുട്ട്, തോൾസന്ധി തുടങ്ങിയ എല്ലാ സന്ധികളും ഈ പട്ടികയിൽ ഉൾപ്പെടുന്നു. കൈകളിലെ സന്ധികളിലെ ബാധിച്ചാൽ, രാവിലെ എഴുന്നേൽക്കുമ്പോൾ കൈമടക്കുവാൻ പറ്റാത്ത അവസ്ഥയുണ്ടാകും (early morning stiffness). വാതിൽ തുറക്കുന്നതിനോ ചപ്പാത്തി കുഴയ്ക്കുന്നതിനോ വളരെ ബുദ്ധിമുട്ടായിരിക്കും. കുറച്ചുനേരം മൊബിലൈസ് (mobilize) ചെയ്താൽ ഈ ബുദ്ധിമുട്ട് ചെറുതായി കുറയുമെങ്കിലും പൂർണമായി മാറില്ല. ഈ അവസ്ഥയിൽ രോഗം കണ്ടുപിടിച്ചാൽ വളരെ ഫലപ്രദമായ ചികിത്സ നൽകുവാൻ സാധിക്കും. സാധാരണ ആളുകൾ ഏതെങ്കിലും മെഡിക്കൽ ഷോപ്പിൽ പോയി വേദനസംഹാരി വാങ്ങിക്കഴിക്കും. അപ്പോൾ വേദന കുറയും പക്ഷേ, നീർക്കെട്ട് പോകില്ല. അത് ക്രമേണ സന്ധികളിലെ കാർട്ടിലേജിനെ കാർന്നുതിന്ന് സന്ധികളെ നശിപ്പിക്കുന്നു. അതിനുശേഷം അതു കണ്ണ്, ശ്വാസകോശം, ഹൃദയം, ധമനികൾ തുടങ്ങിയ അവയവങ്ങളെ ബാധിച്ച് മാരകമായിത്തീരുന്നു.

**ചികിത്സ**

ഈ രോഗത്തിനു ഫലപ്രദമായ ചികിത്സയില്ല എന്ന തെറ്റായ ധാരണ നിലവിലുണ്ട്. അത് ശരിയല്ല. ഈ രോഗം കണ്ടുപിടിക്കുന്നതിനുള്ള കാലതാമസമാണ് ചികിത്സയിൽ നേരിടുന്ന മുഖ്യപ്രശ്നം. ഒരു റൂമറ്റോളജിസ്റ്റിന്റെ സഹായത്തോടെ നേരത്തേ കണ്ടുപിടിച്ചാൽ വളരെ ഫലവത്തായ ഡിസീസ് മോഡിഫയിങ് ആന്റി റുമാറ്റിക് ഡ്രഗ്സ് (disease modifying anti-rheumatic drugs) ഉപയോഗിച്ചു രോഗം നിയന്ത്രിക്കാനും അതുവഴി ജീവിതം സുഗമമായി മുന്നോട്ടുകൊണ്ടുപോകാനും സാധിക്കും.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ റൂമറ്റോളജി & ക്ലിനിക്കൽ ഇമ്യൂണോളജി വിഭാഗം കൺസൾട്ടന്റാണ്*

■

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# എഡിറ്റിങ്

ഇംഗ്ലീഷിലെ ing എന്നതിന്റെ ഉച്ചാരണം എഴുതിക്കാണിക്കാൻ മലയാളത്തിൽ 'ംഗ്' എന്ന ചിഹ്നം ഉപയോഗിക്കുന്നു. അനുസ്വാര(ം→മ)വും മൃദു(ഗ)വും ചേർന്ന രൂപമാണത്. എഡിറ്റിംഗ് കമ്പ്യൂട്ടിംഗ്, ട്രെയിനിംഗ്, പബ്ലിഷിംഗ് എന്നെല്ലാം 'ംഗ്' ചേർത്ത് എഴുതിവരുന്നു. മ(ം)കാരത്തിനു 'ങ' കാരാദേശവും 'ഗ' കാരത്തിനു അനുനാസികീകരണവും സംഭവിച്ച് ഇരട്ടിച്ച 'ങ' കാര (ങ്ങ) മായി 'ംഗ്' മാറുന്നു. അങ്ങനെ കമ്പ്യൂട്ടിങ്ങ്, എഡിറ്റിങ്ങ്, ട്രെയിനിങ്ങ്, പബ്ലിഷിങ്ങ് എന്നിങ്ങനെ 'ങ' കാരത്തിനു ദ്വിത്വം വരും. എന്നാൽ ഈ ഇരട്ടിപ്പ് ഉച്ചാരണതലത്തിൽ മാത്രമേയുള്ളൂ. വാമൊഴിയിൽ 'ങ്ങ' വരുമെങ്കിലും എഴുതുമ്പോൾ 'ംഗ്' തന്നെ വേണമെന്നത്രേ നിലവിലുള്ള നിഷ്കർഷം.

മലയാളികളുടെ സ്വാഭാവികോച്ചാരണത്തിലെ അനുനാസികീകരണം എഴുത്തിലേക്കു വ്യാപിക്കാറുണ്ട്. ഭാഷയുടെ പരിണാമചരിത്രം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാം (മാങ്ക→മാങ്ങ, കഞ്ചി→കഞ്ഞി). പരിഷ്കരിച്ച ലിപിസമ്പ്രദായമനുസരിച്ച് 'ംഗ്'നു പകരം ഇരട്ടിക്കാത്ത 'ങ' മാത്രം മതി എന്നായിട്ടുണ്ട്. കമ്പ്യൂട്ടിങ്, എഡിറ്റിങ്, ട്രെയിനിങ്, പബ്ലിഷിങ് എന്നിങ്ങനെയാണിപ്പോൾ എഴുതുന്നത്. പരിണതപ്രജ്ഞരായ എഴുത്തുകാർ വരെ ഈ രീതി സ്വീകരിച്ചുകഴിഞ്ഞു.

പദാന്തത്തിൽ ഇരട്ടിക്കാത്ത 'ങ' മതിയാകും. എന്നാൽ, പ്രത്യയത്തിനുമുമ്പ് ദ്വിത്വം നിലനിർത്തണം. (ംഗ→ങ്ങ). കമ്പ്യൂട്ടിങ്ങിൽ, മീറ്റിങ്ങിന്, റാഗിങ്ങിന്റെ എന്നിങ്ങനെ വേണം എഴുതാൻ. ഇക്കാര്യത്തിൽ മഹാപണ്ഡിതന്മാരുടെ നിലപാടുകൾ എന്താണെന്നു നോക്കാം "ing യിലവസാനിക്കുന്ന ആങ്ഗലപദങ്ങൾ റൂളിംഗ്, വോട്ടിംഗ്, എഡിറ്റിംഗ്, എഞ്ചിനീയറിംഗ് എന്നിങ്ങനെ എഴുതുന്നതിനെക്കാൾ നല്ലത് റൂളിങ്, വോട്ടിങ്, എഡിറ്റിങ്, എഞ്ചിനീയറിങ് എന്നിങ്ങനെ എഴുതുകയാണ്. പ്രത്യയം ചേരുമ്പോൾ റൂളിങ്ങിന്, വോട്ടിങ്ങിന്റെ, എഡിറ്റിങ്ങിൽ, എഞ്ചിനീയറിങ്ങും എന്നിങ്ങനെ 'ങ' ഇരട്ടിക്കണം" * "ഇംഗ്ലീഷിലെ ing എന്നതിന്റെ ഉച്ചാരണം മലയാളത്തിൽ എഴുതിക്കാണിക്കാൻ 'ങ്' തന്നെയാണ് 'ംഗ്' എന്നതിലും ഭേദം. ഭാഷണാന്തത്തിൽ ഇങ്ങനെ എഴുതിക്കാണിക്കാമെങ്കിലും റിങ്ങിനകത്ത്, ബാറ്റിങ്ങിൽ എന്നും മറ്റും മദ്ധ്യസ്ഥാനത്തു വരുമ്പോൾ 'ങ' ഇരട്ടിക്കണമെന്നു മാത്രം." **

* രാമചന്ദ്രൻനായർ, പന്മന, പ്രഫ., നല്ല ഭാഷ, ഡി.സി. ബുക്സ്, കോട്ടയം, 2014, പുറം : 157

** പ്രബോധചന്ദ്രൻനായർ, വി.ആർ., ഡോ., എഴുത്തു നന്നാവാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം 86.

■

# പട്ടിണി മാറാതെ എന്തു വികസനം?

*ഒന്നാം പേജ് തുടർച്ച*

ദരിദ്രരോടും കർഷകരോടും പുലർത്തുന്ന അവഗണന രാജ്യവികസനത്തിന്റെ കാമ്പും കഴമ്പും നഷ്ടമാക്കും. ജീവിതത്തിന്റെ പരുപരുത്ത യാഥാർഥ്യങ്ങളോടുള്ള ക്രിയാത്മകമായ സമീപനമാണ് വികസനത്തിന്റെ യഥാർത്ഥമുഖം തെളിച്ചെടുക്കുന്നത്. ഉള്ളവനും ഇല്ലാത്തവനും സമൂഹത്തിന്റെ ഭാഗമായിട്ടുണ്ടാകും. പക്ഷേ, ഉച്ചനീചത്വങ്ങളിലെ 'മൃഗീയമുഖം' സമൂഹത്തിന്റെ താളം തെറ്റിക്കും. ഒപ്പം, വികസനോന്മുഖതയുടെ ഗ്ലാമർ ഇല്ലാതെയുമാക്കും! നമ്മുടെ വികസനം താഴേത്തട്ടിൽനിന്നുമാകണം. ഇല്ലായ്മയുടെ 'പടുകുഴിയും' ധാരാളിത്തത്തിന്റെ 'കൊടുമുടിയും' നമ്മുടെ ഭരണകർത്താക്കൾ വിവേചിച്ചറിഞ്ഞ് നീതിയുടെ 'തുലാസ്' പ്രയോജനപ്പെടുത്തണം.

ജീവിക്കുവാൻവേണ്ടി മരിക്കാനും തയ്യാർ എന്നു പറയുന്നതിലേക്ക് സാധാരണക്കാരുടെ വിഷമതകളെ തള്ളിനീക്കരുത്. പാർപ്പിടം എല്ലാവർക്കും വേണ്ടതാണ്. അതുകൊണ്ടുതന്നെ 'എല്ലാവർക്കും പാർപ്പിടം പദ്ധതി' ഭരണകർത്താക്കളുടെ പതിവിനമാണ്. പക്ഷേ, അതു പരിപൂർണത കൈവരിക്കുന്നുണ്ടോ? അതുപോലെതന്നെ കുടിവെള്ളവും വോട്ടുരാഷ്ട്രീയപ്രസംഗങ്ങളിലെ മുഖ്യവിഷയമാണ്. എങ്കിലും എല്ലാവർക്കും കുടിവെള്ളമെന്ന 'പൊതുവികസനം' യാഥാർഥ്യമാകുന്നുണ്ടോ? അപര്യാപ്തതകളുടെ കെട്ടഴിച്ച് പിന്നാലെ നടക്കുന്ന ഇല്ലായ്മക്കാരാണ് രാഷ്ട്രീയക്കാരുടെ വല്ലാത്ത വളർച്ചയുടെ പിന്നിലെ ശക്തിയെന്നു തോന്നിപ്പോകുന്നു. ഇന്നലെവരെ സാധാരണ പോലെ ജീവിച്ചവരുടെ 'ജീവിതവേദി'യിൽ ദാരിദ്ര്യം സങ്കീർണമാകുന്നത് എന്തേ ജനപ്രതിനിധികൾ കാണാതെപോകുന്നു? സ്വന്തം വാർഡിലെ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനാകുമ്പോഴല്ലേ ജനപ്രതിനിധിയുടെ കർത്തവ്യം സാധൂകരിക്കപ്പെടുകയുള്ളൂ. എല്ലാ പ്രശ്നങ്ങളുടെയും കാതൽ ദാരിദ്ര്യംതന്നെയെന്നു പഠിച്ചാൽ മനസ്സിലാകും! ജീവിതം അങ്ങിങ്ങു കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരെ ഒരിക്കലും തിരിച്ചറിയുന്നില്ല.

തിരഞ്ഞെടുപ്പുകഴിഞ്ഞാലും ജനങ്ങളുടെ ആവശ്യങ്ങളുടെ മേൽ കണ്ടറിഞ്ഞുപ്രവർത്തിക്കാനുള്ള ഇച്ഛാശക്തി ഭരണസമിതികൾക്കുണ്ടാകണം. എല്ലാവർക്കും വൈഫൈയും കിറ്റും ഒപ്പം ഹൈടെക് സംവിധാനങ്ങളുടെ സാമൂഹികവത്കരണവുംകൊണ്ട് വിശപ്പടങ്ങുമോ?

ഉറ്റവരും ഉടയവരും നഷ്ടപ്പെടുമ്പോഴാണ് പലരും രക്ഷകരായി ഉദയം ചെയ്യുന്നത്. ഉപകാരികളും അഭ്യുദയകാംക്ഷികളും സുമനസ്സുകളുമൊക്കെ ഓടിയെത്തേണ്ടത് ആളുകൾ പ്രശ്നങ്ങളുടെ നെരിപ്പോടിൽ വെന്തുനീറുന്ന വേളയിലാണ്; പ്രശ്നപരിഹാരവും പ്രശ്നാധിഷ്ഠിതപങ്കുവയ്ക്കലുകളും എല്ലാവരും ജീവിച്ചിരിക്കുമ്പോൾതന്നെയാകണം.

ഉറ്റവരെ നഷ്ടപ്പെടുമ്പോൾ ആനുകൂല്യങ്ങളുമായി ഉത്സാഹത്തോടെയെത്തുന്നവർ ജീവിച്ചിരിക്കുന്നവർക്കുമുന്നിൽ മരിച്ചവരെക്കുറിച്ചുള്ള സങ്കല്പത്തിനും മാറ്റം വരുത്തിയേക്കാം; ഒരുപക്ഷേ, ജീവിച്ചിരുന്നപ്പോൾ കഷ്ടതകളായിരുന്നെങ്കിൽ മരണം ഒരു 'ഉപകാര'മായി ജീവിച്ചിരിക്കുന്നവർക്കു തോന്നിക്കൂടെന്നില്ല! സാമൂഹികനീതി ഉറപ്പുവരുത്തുവാനും ജനങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായുമുള്ള ആവശ്യങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും അടുത്തറിഞ്ഞ് ഹൃദയപൂർവം ഇടപെടുവാനും നല്ല നാളെകൾ സമ്മാനിക്കുവാനും വാർഡുതലത്തിലെ ജനപ്രതിനിധികൾ ഉത്സാഹിക്കണം, ആത്മാർഥത കാണിക്കണം. സകല ജനവും എന്റെയടുക്കൽ വന്ന് ഓച്ഛാനിച്ചുനിൽക്കട്ടെയെന്ന അഹങ്കാരം ജനപ്രതിനിധികൾ തിരുത്തണം, രാഷ്ട്രീയം തൊഴിലല്ല, ത്യാഗവും സേവനവുമാണ്.

നന്മ ചെയ്യുന്നത് എളുപ്പവും പ്രോത്സാഹജനകവുമാകുന്നതോടൊപ്പം തിന്മ ചെയ്യുന്നത് വിഷമകരവും ശിക്ഷാർഹവുമാണെന്ന് ജനങ്ങളെ അനുഭവത്തിലൂടെ ബോധവത്കരിക്കണം. ജനങ്ങളുടെ കഴിവുകളെ രാജ്യവികസനത്തിനായി പരമാവധി ഉപയുക്തമാക്കാനുള്ള ദീർഘവീക്ഷണം ഭരണകർത്താക്കൾക്കും പൊതുപ്രവർത്തകർക്കുമുണ്ടാകണം. ജനങ്ങളെക്കൊണ്ട് ജീവിക്കുന്ന പൊതുപ്രവർത്തകരെയല്ല, ജനങ്ങളെ സ്വൈരമായും സന്തോഷമായും ജീവിക്കാൻ സഹായിക്കുന്ന ജാഗ്രതയുള്ള ഭരണാധികാരികളെയാണ് സമൂഹം ആഗ്രഹിക്കുന്നത്.

■




## അധ്യായം 23

**ജി**നേഷിന്റെ മരണം കഴിഞ്ഞ് നാലാം ദിവസം. അപകടത്തെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ എസ്.പി. മഹേഷ് ചന്ദ്രൻ കളക്ടറുടെ ഓഫീസിലെത്തി. നൂറുപേജുള്ള റിപ്പോർട്ട് കളക്ടർ സലോമിയെ ഏല്പിച്ചു.

"വേഗത്തിൽ അന്വേഷണം പൂർത്തിയാക്കിയല്ലോ. കൺഗ്രാജുലേഷൻ എസ്.പി."സലോമി പറഞ്ഞു.

"താങ്ക്യൂ." എസ്.പി. മഹേഷ് ചന്ദ്രൻ പുഞ്ചിരിച്ചു.

"വായിച്ചു മനസ്സിലാക്കുന്നതിനുമുമ്പ് എസ്.പി.യുടെ കണ്ടെത്തലൊന്നു പറയാമോ?" ആകാംക്ഷയോടെ സലോമി ചോദിച്ചു.

"ഒരു കൊടുംവളവിലാണ് ആക്സിഡന്റുണ്ടായത്. ബൈക്ക് ഓവർസ്പീഡിലായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഹെൽമെറ്റ് എങ്ങനെയോ തെറിച്ചുപോയി. മരണകാരണം ഹെഡ് ഇൻജ്വറിയാണ്. ഡോക്ടർ പത്മനും ഡ്രൈവർ സന്തോഷിനും ജിനേഷിനെ അപകടപ്പെടുത്തണമെന്ന് യാതൊരു ഉദ്ദേശ്യവുമുണ്ടായിരുന്നില്ല. നൂറുശതമാനവും യാദൃച്ഛികമായി സംഭവിച്ച ഒരു ആക്സിഡന്റായിരുന്നു അത്. എല്ലാം കാര്യകാരണസഹിതം ഞാൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്." എസ്.പി. പറഞ്ഞു.

"പരിസ്ഥിതിസംഘടനകൾ ജുഡീഷ്യൽ അന്വേഷണമൊക്കെയാണ് മീഡിയാസിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. പെട്ടെന്നിങ്ങനെയൊരു മരണമുണ്ടായത് സകലരെയും ആശ്ചര്യപ്പെടുത്തി." സലോമി പ്രതികരിച്ചു.

"സർക്കാരിനു താത്പര്യമുണ്ടെങ്കിൽ അതു നടത്തട്ടെ. നമ്മളുമായി ബന്ധപ്പെട്ട കാര്യമല്ലല്ലോ. പുഴക്കര വക്കച്ചൻ ബോൺ ക്രിമിനലാണ്. ഇതുവരെ ചെയ്ത പാതകങ്ങളിൽനിന്നെല്ലാം അയാൾ സമർത്ഥമായി രക്ഷപ്പെട്ടിട്ടേയുള്ളൂ. ജിനേഷിനോട് വക്കച്ചന് ഒടുങ്ങാത്ത പകയുണ്ടായിരുന്നെങ്കിലും മരണത്തിൽ പങ്കാളിയായിട്ടില്ല."

"മെഡിക്കൽ അസോസിയേഷൻ എനിക്കെതിരേ പ്രസ്താവന നടത്തിയിട്ടുണ്ട്. ഡോക്ടർമാരെ സമൂഹമാധ്യമത്തിൽ അപഹാസ്യരാക്കിയെന്നാണാരോപണം."

''പ്രസ്താവന മാത്രമല്ല. ഹോം മിനിസ്റ്റർക്ക് രേഖാമൂലം പരാതി പോയിട്ടുണ്ടെന്നാണറിവ്."

"ഈ റിപ്പോർട്ട് ഇന്നുതന്നെ ഞാൻ വെളിപ്പെടുത്തും. നമ്മൾ ചെയ്യേണ്ടതു ചെയ്തെന്ന് പരിസ്ഥിതിസംഘടനകളും പൊതുസമൂഹവും അറിയട്ടെ. എസ്.പി. വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതും മനസ്സിലാക്കട്ടെ.'' സലോമി സൂചിപ്പിച്ചു.

എസ്.പി. മഹേഷ് ചന്ദ്രൻ ഇരിപ്പിടത്തിൽനിന്നെഴുന്നേറ്റു. കളക്ടറെ സല്യൂട്ട് ചെയ്തിട്ട് ഓഫീസിൽനിന്നിറങ്ങി.

സലോമി, ജിനേഷിനെക്കുറിച്ചോർത്തു. അവൻ എത്ര നിസ്വാർഥനായ ചെറുപ്പക്കാരനായിരുന്നു! യാതൊരു പ്രലോഭനങ്ങളിലും വീഴാതെ അവൻ പ്രവർത്തിച്ചു. ജീവിച്ചു. കാറിടിച്ചു തെറിപ്പിച്ചപ്പോഴും അവന്റെ ബൈക്കിന്റെ ബോക്സിൽനിന്നു ചിതറിവീണത് പരിസ്ഥിതി സ്നേഹം പ്രചരിപ്പിക്കാനുള്ള ലഘുലേഖകളായിരുന്നു! ജിനേഷിന്റെ മരണം സാധാരണമായ ഒരപകടമാണെന്ന് എസ്.പി. കണ്ടെത്തിയിരിക്കുന്നു! അദ്ദേഹത്തിന്റെ കണ്ടെത്തൽ കൃത്യമായിരിക്കുമോ? അങ്ങനെയൊരു സംശയം പിന്നെയും മനസ്സിൽ പറ്റിപ്പിടിച്ചുനിൽക്കുന്നതുപോലെ കളക്ടർ സലോമിക്കു തോന്നി. അവനില്ലാത്ത ആ കുടുംബത്തിന്റെ ഭാവി എന്താകും? ചിന്തകൾ മുറിച്ചുകൊണ്ട് സെൽഫോൺ ശബ്ദിച്ചു. സലോമി അതെടുത്തു.

"ഹലോ, കളക്ടറുടെ നമ്പരല്ലേ?"

"അതെ, എവിടുന്നാ?"

"ഹോം മിനിസ്റ്ററുടെ ഓഫീസിൽനിന്നാ. എടുത്തിരിക്കുന്നത് കളക്ടർതന്നെയാണോ?"

"അതെ."

"ഹോൾഡ് ചെയ്യണം. മിനിസ്റ്റർക്കു സംസാരിക്കാനാ."

നിമിഷങ്ങൾ കഴിഞ്ഞു.

"ഹലോ..." മന്ത്രി സുധീന്ദ്രന്റെ മുഴക്കമുള്ള ശബ്ദം.

"ഹലോ സാർ... കളക്ടർ സലോമിയാണ്."

"സലോമീ, ആ പരിസ്ഥിതി പ്രവർത്തകന്റെ മരണം സംബന്ധിച്ച് എൻക്വയറി നടത്തിയതിന്റെ റിപ്പോർട്ട് കിട്ടിയോ?"

"കിട്ടി സാർ. അത് നാചുറൽ ആക്സിഡന്റാണെന്നാ എസ്.പി.യുടെ കണ്ടെത്തൽ."

"നന്നായി. എൻക്വയറിയുടെ ഭാഗമായി ആ ഡോക്ടറെ കസ്റ്റഡിയിൽ ചെയ്തതിന് വലിയ ആക്ഷേപമുയർന്നിരിക്കുകാ. ഡോക്ടറെ ക്വട്ടേഷൻകാരനെന്നു സംശയിച്ചെന്നാണ് പരാതി."

"ശ്ശെ! എസ്.പി. അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്തെന്നേയുള്ളൂ സാർ."

"സമ്മതിച്ചു. അതു തെറ്റല്ല. പക്ഷേയിപ്പോൾ നാളെ സകല ഡോക്ടർമാരും പണിമുടക്കുമെന്നു പ്രഖ്യാപിച്ചിരിക്കുകാ. അവര് പണിമുടക്കിയിട്ട് ഏതെങ്കിലും രോഗിക്ക് എന്തെങ്കിലും സംഭവിച്ചാൽ പഴി സർക്കാരിന്റെ തലയിലാകും. എങ്ങനെയെങ്കിലും അതൊന്നു തീർപ്പാക്കണം. പൊല്ലാപ്പാണ്."

"ഞാനെന്തു ചെയ്യണമെന്നാണ് സാർ?"

"ഒന്നും ചെയ്യണ്ട. ഇത്തരം കാര്യങ്ങളിൽ എൻക്വയറി പ്രഖ്യാപിക്കുമ്പോൾ ആലോചിക്കണം. പരിസ്ഥിതിക്കാരുടെ സമ്മർദം കാണും. അവരെ എങ്ങനെയും കൈകാര്യം ചെയ്യാം. ഡോക്ടർമാരൊന്നടങ്കം എതിരായാൽ പ്രശ്നമാകും. മേലിൽ ശ്രദ്ധിക്കണം. ശരി.'' ഹോംമിനിസ്റ്റർ പറഞ്ഞുനിർത്തി.

മന്ത്രി ശാസിക്കുമെന്നാണ് സലോമി കരുതിയത്. ഒന്നുമുണ്ടായില്ല. വളരെ കാര്യമായി ഒരു ഉപദേശം തന്ന് അദ്ദേഹം നിർത്തി. ഒരന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്തത് അഭിമാനക്ഷതമുണ്ടാക്കിപോലും! എന്തൊരു ചിന്താഗതി. ചില വിഭാഗത്തിൽപ്പെട്ടവർ തെറ്റുകുറ്റങ്ങൾക്ക് അതീതരാണെന്നു സ്ഥാപിക്കുന്നു. സംഘടിതശക്തികൾ പലപ്പോഴും സമൂഹത്തെ വെല്ലുവിളിക്കുകയാണ്.

ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് അഡ്വക്കേറ്റ് സുമിത്ര കളക്ടറെ കാണാനെത്തി. അവളുടെ രൂപഭാവങ്ങൾ ആകെ മാറിപ്പോയിരുന്നു. ജിനേഷിന്റെ മരണം ഏറ്റവും തളർത്തിയത് സുമിത്രയെയാണ്. അവർ ഒരേ തൂവൽപ്പക്ഷികളായിരുന്നല്ലോ.

"സുമിത്രാ, എനിക്ക് ജിനേഷിന്റെ സംസ്കാരത്തിനു വരണമെന്നുണ്ടായിരുന്നു. കോൺഫെറൻസായിപ്പോയി. കഴിഞ്ഞില്ല."

"ഒരുപാട് ആളുകളുണ്ടായിരുന്നു. എം.പി.യും എം.എൽ.എ.മാരുമൊക്കെ വന്നു. എന്തു കാര്യം? അവൻ പോയില്ലേ? ആ കുടുംബം തകർന്നില്ലേ?" സുമിത്ര പറഞ്ഞു.

"ആരുണ്ട് ഇനിയവർക്കൊരു സഹായത്തിന്?"

"അവന്റെ സംസ്കാരം നടന്ന ദിവസം ആ വീട്ടിൽ വൈകിട്ടാരുമില്ലായിരുന്നു. ഞാനന്നവിടെ താമസിച്ചു. വളരെ നിർബന്ധിച്ച് കുറച്ചൊക്കെ കഴിപ്പിച്ചു. രാത്രി ഞങ്ങൾ ഒട്ടുമുറങ്ങിയില്ല. അവന്റെ എരുമ പതിവില്ലാതെ കരയുകയായിരുന്നു. അതിനും എന്തൊക്കെയോ മനസ്സിലായതുപോലെ."

"നിങ്ങൾ രണ്ടും ഒരേ മനസ്സുള്ളവരായിരുന്നു. എല്ലാവരും പ്രകൃതിയെ നശിപ്പിക്കുമ്പോൾ, കൊള്ളയടിക്കുമ്പോൾ അതിനെതിരേ പ്രതികരിച്ച രണ്ടു മനുഷ്യർ. ജിനേഷ് അവൻ സ്നേഹിച്ച ഈ ഭൂമിയിൽ ഇനിയും എത്രയോ വർഷം ജീവിക്കേണ്ടതായിരുന്നു. ഓർക്കാപ്പുറത്ത് ഒന്നും മിണ്ടാതെ കടന്നുപോയി."

''ജിനേഷിന്റെ മരണത്തെ സംബന്ധിച്ച അന്വേഷണറിപ്പോർട്ട് വന്നു." സലോമി പറഞ്ഞു.

"എന്താ നിഗമനം? പറഞ്ഞോ?"

"സ്വാഭാവികമായ അപകടമരണം. മനഃപൂർവമല്ലാത്ത നരഹത്യ."

"അല്ല. മേഡം. നിശ്ചയമായും കൊലപാതകമാണത്. എനിക്കറിയാം. ഞങ്ങൾ പിന്മാറില്ല. ജുഡീഷ്യൽ അന്വേഷണം തന്നെ നടത്തിക്കും. അവന്റെ ആത്മാവിന് നീതി കിട്ടാതെ ഞാൻ പിന്മാറില്ല." സുമിത്ര വികാരാധീനയായി പറഞ്ഞു. സലോമി, സുമിത്ര പറഞ്ഞതിനോട് അനുകൂലിക്കുകയോ വിയോജിക്കുകയോ ചെയ്തില്ല.

"എന്താ മേഡം ഒന്നും പറയാത്തത്. എസ്.പി.യുടെ അന്വേഷണത്തിൽ തൃപ്തിയുണ്ടോ കളക്ടർക്ക്?" അഡ്വക്കേറ്റ് സുമിത്ര മുഖത്തുറ്റുനോക്കി ചോദിച്ചു.

"മെഡിക്കൽ കോളജിലെ ഒരു സീനിയർ ഡോക്ടറുടെ കാറാണ് ജിനേഷിനെ ഇടിച്ചിട്ടത്. ദീർഘകാലമായി അദ്ദേഹത്തിന്റെ കാറോടിച്ചിരുന്ന ഡ്രൈവർക്കാണ് പിഴവ്. സംഭവമറിഞ്ഞ് മിനിറ്റുകൾക്കുള്ളിൽ അന്വേഷണത്തിനുത്തരവിട്ടു. പ്രഗല്ഭനും സത്യസന്ധനുമായ പോലീസ് ഉദ്യോഗസ്ഥനാണ് മഹേഷ് ചന്ദ്രൻ. അദ്ദേഹത്തിന്റെ കഴിവിൽ പിഴവുണ്ടാകുമെന്ന് കരുതുന്നില്ല." സലോമി പറഞ്ഞു.

"മൂഢവിശ്വാസമാണത്. മുമ്പ് പല കേസുകളിലും കോടതി ശാസിച്ചിട്ടുള്ളയാളാണ് എസ്.പി. മഹേഷ് ചന്ദ്രൻ. എനിക്കദ്ദേഹത്തെ നേരിട്ടറിയാം." അഡ്വക്കേറ്റ് സുമിത്ര സലോമിയുടെ അഭിപ്രായം ഖണ്ഡിച്ചു. പ്രക്ഷുബ്ധമായ ഒരു മാനസികാവസ്ഥയിലാണവരെന്ന് സലോമിക്കു തോന്നി. അവർ മറുപടി പറഞ്ഞില്ല.

''പരിസ്ഥിതിക്കുവേണ്ടി ജീവാർപ്പണം ചെയ്ത ഒരു മഹാത്മാവാണ് ജിനേഷ്! അവന്റെ രക്തസാക്ഷിത്വം സമൂഹം കണ്ടില്ലെന്നു നടിച്ചേക്കാം. അവന് രക്തസാക്ഷിമണ്ഡപവും ഓർമദിനവും ഉണ്ടാകാനിടയില്ല. ഞങ്ങൾ പരിസ്ഥിതിപ്രവർത്തകരുടെ ഹൃദയങ്ങളിലെങ്കിലും അവനെന്നും ജീവിക്കും. വളരെ ആസൂത്രിതമായി നടത്തിയ ഈ കൊലപാതകത്തിലെ പ്രതികളെയും പ്രേരണനൽകിയവനെയും വിലങ്ങുവയ്ക്കുംവരെ എനിക്കു വിശ്രമമില്ല." അഡ്വക്കേറ്റ് സുമിത്ര അത്രയും പറഞ്ഞിട്ട് ഇറങ്ങിപ്പോയി. സലോമിക്ക് ഒരു കാര്യം വ്യക്തമായി. സുമിത്ര ജിനേഷിനെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. സമാനമനസ്കരായ അവർ തമ്മിൽ വിവാഹിതരാകേണ്ടതായിരുന്നു. പരിസ്ഥിതി സുരക്ഷയ്ക്കുവേണ്ടി ഒരുമിച്ചു പോരാടേണ്ടവരായിരുന്നു. ഒന്നുമുണ്ടായില്ല. നല്ല മനസ്സുള്ളവർക്കേ പ്രകൃതിയെ സ്നേഹിക്കാൻ കഴിയൂ. വിധി എത്ര ക്രൂരമായി പ്രവർത്തിക്കുന്നു. വെറും ഇരുപത്തിയേഴാമത്തെ വയസിൽ ജിനേഷിനെ കൊത്തിയെടുത്തിരിക്കുന്നു!

സലോമിയുടെ സെൽഫോൺ ശബ്ദിച്ചു. ഇത്തിരി ടെൻഷനോടെയാണ് അതെടുത്തത്. സുമലതയുടെ കോളാണ്.

"ഹലോ സുമാ..... എന്താ വിശേഷം?"

"അമ്മ വൈകുന്നേരമെത്തി."

"ഹൊ! എന്നോടു പറയാതെ അപ്രതീക്ഷിതമായ വരവാണല്ലോ."

"മഠത്തിലെ ജോലീന്നു പിരിഞ്ഞു. ഇനിയെന്നും മോളുടെ കൂടെയാണെന്നു പറഞ്ഞു."

''നല്ല വാർത്തയാണല്ലോ. ഞാൻ പരമാവധി നേരത്തെയെത്താം. എന്തായാലും എട്ടുമണിയെങ്കിലും കഴിയും."

'അതു മതി. അമ്മയ്ക്ക് ഞാൻ എല്ലാ കാര്യങ്ങളും ചെയ്തു കൊടുത്തോളാം. എങ്കിൽ വയ്ക്കുകാണേ."

സുമലത കോൾ കട്ടാക്കി.

ഒൻപതു മണിക്ക് ബംഗ്ലാവിലെത്തിയ മകളെ സെലീന ഓടിയെത്തി സ്വീകരിച്ചു.

''എന്റെ മോളേ, അമ്മേടെ ജോലി പോയെടീ.'' സെലീന വിശേഷം പറഞ്ഞു.

"പിരിച്ചുവിട്ടോ അമ്മയെ?" സലോമി ചിരിച്ചുകൊണ്ടാണ് ചോദിച്ചത്.

"ങും. വേറേ ഒരുത്തിയെ അവർക്കു കിട്ടി."

"നന്നായി. ഇനിയമ്മയിങ്ങനെ കുശിനിക്കാരിയായി പണിചെയ്യുന്നതൊക്കെ എനിക്കു കുറച്ചിലാ. ഈ പെണ്ണിനൊരു ചെറുക്കനെ പ്പോലും കിട്ടുകേല."

സെലീനയുടെ മുഖത്ത് ദുഃഖത്തിന്റെ നിഴൽ പരന്നു.

"എന്റെ മോള് ഇത്രേം നല്ല ജോലീലെത്തിട്ടും ചെലവൻമാർ കാലന്റെ മകളാണെന്നു പറഞ്ഞ് ഇപ്പഴും ആക്ഷേപിക്കുകാ. എങ്ങനെ സഹിക്കും നമ്മള്."

''അതെ, ഞാൻ കാലൻ മാത്തന്റെ മകളാ. എനിക്കത് അപമാനമല്ലമ്മേ. അഭിമാനമാ. എല്ലാരും വിളിക്കട്ടെ. അങ്ങനെ തന്നെ വിളിക്കട്ടെ.'' സലോമി വികാരാധീനയായി.



(തുടരും)

# ഐക്യകേരളം സഫലമാക്കിയ കെപിസിസി നൂറ്റാണ്ടിന്റെ നിറവിലേക്ക്



പ്രഫ. റോണി കെ. ബേബി

**ഇ**ന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലേക്ക് മലയാളമണ്ണിനെ ഇഴചേർത്തുനിർത്തുകയും ഐക്യകേരളം എന്ന സ്വപ്നത്തിന് വിത്തു വിതയ്ക്കുകയും ചെയ്ത കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി (കെപിസിസി) നിലവിൽ വന്നിട്ട് ഒരു നൂറ്റാണ്ടു തികയുകയാണ്. 1921 ജനുവരി 30 ന് കോഴിക്കോട്ട് ചേർന്ന യോഗമാണ് കെ. മാധവൻനായർ സെക്രട്ടറിയും യു. ഗോപാലമേനോൻ ജോയിന്റ് സെക്രട്ടറിയുമായി കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. കേരളപ്പിറവിക്കുമുമ്പേ ഐക്യകേരളം എന്ന സങ്കല്പം സൃഷ്ടിച്ച ചരിത്രസംഭവമായിരുന്നു ഈ തീരുമാനം. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലായി ഭിന്നിച്ചുകിടന്നിരുന്ന മലയാളക്കരയിൽ ഒരു ഏകതാബോധം ഉടലെടുക്കുന്നതും ദേശീയതയുടെയും, സ്വാതന്ത്ര്യ വാഞ്ഛയുടെയും കനലുകൾ കത്തിപ്പടരുന്നതും കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ രൂപീകരണത്തോടെയാണ്.

1920 ഡിസംബറിൽ നാഗ്പൂരിൽ വച്ചുനടന്ന അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റിയാണ് ഭാഷാടിസ്ഥാനത്തിൽ പ്രാദേശികകമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചത്. സമ്മേളനത്തിൽ പങ്കെടുത്ത മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും, കെ. മാധവൻനായരും ഉടൻതന്നെ കെ.പി.സി.സി. (കേരള പ്രൊവിൻഷ്യൽ കോൺഗ്രസ് കമ്മിറ്റി) എന്ന ആശയം മുൻപോട്ടു വയ്ക്കുകയും സമ്മേളനസ്ഥലത്ത്വെച്ചുതന്നെ കമ്മറ്റി രൂപീകരിക്കാൻ അനുമതി അഭ്യർഥിച്ചുകൊണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തു. ഈ ആവശ്യം വിശദീകരിച്ചുകൊണ്ട് അബ്ദുറഹ്മാൻ സാഹിബ് നാഗ്പൂർ സമ്മേളനത്തിൽ പ്രസംഗിക്കുകയും ചെയ്തു. മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കേരള പ്രൊവിൻസ് കോൺഗ്രസ് കമ്മിറ്റി രൂപീകരണത്തിന് അഖിലേന്ത്യകോൺഗ്രസ് കമ്മറ്റി അനുമതി നൽകുകയും പിന്നീട് ഇത് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയായി മാറുകയുമാണ് ചെയ്തത്.

കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വരുന്നതിനും മുമ്പ് മലയാളക്കരയിൽ ശക്തമായ കോൺഗ്രസ് പ്രവർത്തനം ഉണ്ടായിരുന്നു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. 1885 ഡിസംബർ 28 ന് ബോംബെയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണയോഗത്തിൽ പങ്കെടുത്ത 72 പ്രതിനിധികളിൽ തിരുവനന്തപുരത്തുനിന്നുള്ള ഒരു കേശവപിള്ളയും ഉണ്ടായിരുന്നതായി രേഖകളുണ്ട്. ഒറ്റപ്പാലം സ്വദേശിയായ സർ. സി. ശങ്കരൻനായരാണ് 1897ൽ അമരാവതിയിൽ ചേർന്ന കോൺഗ്രസ് വാർഷിക സമ്മേളനത്തിൽ അധ്യക്ഷനായത്. 1910 ൽ സി. കുഞ്ഞിരാമമേനോൻ സെക്രട്ടറിയായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യശാഖ കോഴിക്കോട്ട് സ്ഥാപിതമായി.

1915 ൽ കെ.പി. കേശവമേനോൻ ഇംഗ്ലണ്ടിൽനിന്നു കോഴിക്കോട്ടെത്തി വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും അദ്ദേഹത്തിന്റെ ശ്രമഫലമായി കോൺഗ്രസ് പ്രവർത്തനം മലബാറിൽ വളരെയധികം സജീവമാകുകയും ചെയ്തു. കെ.പി. കേശവമേനോൻ സെക്രട്ടറിയും, കെ.പി. രാമൻമേനോൻ പ്രസിഡന്റുമായി കോൺഗ്രസ് കമ്മിറ്റി രൂപംകൊണ്ടു. 1916 മാർച്ച് നാലിനും അഞ്ചിനും ആനിബസന്റിന്റെ അധ്യക്ഷതയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ മലബാർ ജില്ലാസമ്മേളനം പാലക്കാട്ട് നടക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ രാജ്യത്തിന് സ്വയംഭരണം വേണമെന്ന പ്രമേയം അവതരിപ്പിച്ചത് കെ.പി. കേശവമേനോനായിരുന്നു. കേരളത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ രാഷ്ട്രീയസമ്മേളനമായിരുന്നു ഇത്.

1919 ൽ കൊച്ചിയിലും തിരുവിതാംകൂറിലും കോൺഗ്രസ് കമ്മിറ്റികൾ നിലവിൽ വന്നു. 1921 ഏപ്രിൽ 23 മുതൽ നാലു ദിവസം ഒറ്റപ്പാലത്ത് ഭാരതപ്പുഴയുടെ തീരത്തുവച്ചു നടന്ന ഒന്നാമത് അഖില കേരള രാഷ്ട്രീയസമ്മേളനമാണ് കെപിസിസിയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയത്. കെപിസിസിയുടെ പ്രഥമ യോഗമായിരുന്നു ഇത്. കേരളത്തിൽ എല്ലാ ഭാഗത്തുനിന്നുമുള്ള പ്രതിനിധികൾ ഒത്തുചേരുന്നത് ഇത് ആദ്യമായിട്ടായിരുന്നു. യോഗം ചേരുവാനുള്ള തീരുമാനം പുറത്തുവന്ന ഫെബ്രുവരിയിൽത്തന്നെ കെപിസിസി സെക്രട്ടറി കെ. മാധവൻനായരെയും യു. ഗോപാലമേനോൻ, കെ. മൊയ്തീൻ കോയ, യാക്കൂബ് ഹസ്സൻ എന്നിവരെയും അറസ്റ്റുചെയ്ത് ആറുമാസത്തേക്കു തടങ്കലിലിട്ട് സമ്മേളനം പൊളിക്കാനുള്ള സകല ആസൂത്രണവും ബ്രിട്ടീഷുകാരുടെ ഭാഗത്തുനിന്ന് ഉണ്ടായി.


1921 ലെ ഒറ്റപ്പാലം സമ്മേളനം ഒരു അഖില കേരള സമ്മേളനമായിരുന്നു. തിരുവിതാംകൂറിൽനിന്നും കൊച്ചിയിൽനിന്നും ധാരാളം പ്രതിനിധികൾ പങ്കെടുത്തു. കേരളത്തെ സംബന്ധിച്ച് വിവിധ രാഷ്ട്രീയ, സാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്തത് ആ സമ്മേളനത്തിലാണ്. ഈ സമ്മേളനത്തിൽ പങ്കെടുത്ത ഖിലാഫത്ത് പ്രവർത്തകരെയും കോൺഗ്രസ് പ്രവർത്തകരെയും പോലീസ് മർദിച്ചതാണ് മലബാർ കലാപത്തിന് വിത്തുപാകിയ ആദ്യ സംഭവം.



കെ.മാധവൻനായർ



കെ.പി. കേശവമേനോൻ



പട്ടം താണുപിള്ള



അക്കാമ്മ ചെറിയാൻ



കെ. കേളപ്പൻ

കോൺഗ്രസിന്റെ സന്ദേശം പ്രചരിപ്പിക്കാൻ കെ.പി. കേശവമേനോൻ പത്രാധിപരായി 1923 മാർച്ച് 18 ന് കോഴിക്കോട്ടുനിന്നു 'മാതൃഭൂമി' പത്രം പ്രസിദ്ധീകരിച്ചു. ഗാന്ധിജിയെ ബ്രിട്ടീഷ് സർക്കാർ ജയിലിലടച്ചതിന്റെ ഒന്നാം വാർഷികത്തിലായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം. 1924 ഏപ്രിൽ മാസത്തിൽ ചേർന്ന കെപിസിസി യോഗം സംഘടനയ്ക്ക് പ്രസിഡന്റ് വേണമെന്നു തീരുമാനിച്ചു. 1925 ജൂലൈ 20ന് ചേർന്ന കെപിസിസി യോഗം കെ. മാധവൻനായരെ സംഘടനയുടെ ഒന്നാമത്തെ പ്രസിഡന്റായി തിരഞ്ഞെടുത്തു. കേരളത്തിലെ ദേശീയപ്രസ്ഥാനചരിത്രത്തിലെ ഒരു സുപ്രധാന ചുവടുവയ്പ്പാണ് 1928 മേയ് 25, 26, 27 തീയതികളിൽ നടന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം. ഇന്ത്യയിൽ ആദ്യമായി പൂർണസ്വാതന്ത്ര്യപ്രമേയം അവതരിപ്പിച്ചത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അധ്യക്ഷനായ ഈ സമ്മേളനത്തിൽ വച്ചായിരുന്നു. സമ്മേളനത്തിൽ പൂർണസ്വാതന്ത്ര്യപ്രമേയം കെ. കേളപ്പൻ അവതരിപ്പിച്ചു.

1930 മാർച്ച് 12 ന് ഗാന്ധിജി ആരംഭിച്ച ദണ്ഡിയാത്രയുടെ അലകൾ കേരളത്തിലെങ്ങും ആവേശം സൃഷ്ടിച്ചു. 78 അനുയായികളുമായി ഗാന്ധിജി നടത്തിയ ഈ മാർച്ചിൽ സി. കൃഷ്ണൻനായർ, ടൈറ്റസ്, എൻ.പി. രാഘവപൊതുവാൾ, ശങ്കർജി എന്നീ മലയാളികളും ഉണ്ടായിരുന്നു. പയ്യന്നൂരായിരുന്നു കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിനുവേണ്ടി ഏപ്രിൽ 23 ന് പയ്യന്നൂരിൽ ചരിത്രപ്രസിദ്ധമായ ഉപ്പുനിയമലംഘനം നടന്നു. ഇതോടെ മലബാറിന്റെ പല ഭാഗങ്ങളിലും നിയമലംഘനവും വിദേശവസ്ത്രബഹിഷ്കരണവും വ്യാപകമായി.

കെപിസിസിയുടെ പ്രവർത്തനം മലബാർ കേന്ദ്രീകരിച്ച് ആയിരുന്നെങ്കിലും തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിലും വ്യത്യസ്ത പേരുകളിൽ ശക്തമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ ഭാഗമായിത്തന്നെ ഉത്തരവാദിത്വഭരണത്തിനും അതോടൊപ്പം ജനകീയ ഭരണകൂടങ്ങൾക്കും വേണ്ടി ഇവർ പൊരുതി. മലബാർ കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങളിൽ നടന്ന ഇത്തരം മുന്നേറ്റങ്ങളുടെ സൃഷ്ടികൂടിയാണ് ഐക്യകേരളം. 1938 ഫെബ്രുവരിയിൽ ഹരിപുരയിൽ ചേർന്ന എഐസി സി സമ്മേളനം നാട്ടുരാജ്യങ്ങളിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് കമ്മിറ്റികൾ നാട്ടുരാജ്യങ്ങളിലെ രാഷ്ട്രീയ മുന്നേറ്റങ്ങളിൽ സജീവമായി ഇടപെടേണ്ടതില്ലെന്നും രാഷ്ട്രീയപ്രക്ഷോഭങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സ്വതന്ത്ര രാഷ്ട്രീയസംഘടനകൾക്ക് പ്രോത്സാഹനം നൽകാമെന്നും തീരുമാനിച്ചു. എഐസിസിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസത്തിൽത്തന്നെ തിരുവനന്തപുരത്തു ചേർന്ന യോഗത്തിൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് എന്ന പേരിൽ സ്വതന്ത്ര രാഷ്ട്രീയകക്ഷി രൂപവത്കരിക്കാൻ തീരുമാനിച്ചു. പട്ടം എ. താണുപിള്ളയെ അതിന്റെ പ്രസിഡന്റായും പി.എസ്. നടരാജപിള്ളയെ സെക്രട്ടറിയായും തിരഞ്ഞെടുത്തുകൊണ്ട് താത്കാലികസമിതിയും രൂപവത്കരിച്ചു. എ. നാരായണപിള്ള, പി.എസ്. നടരാജപിള്ള, ആനി മസ്ക്രീൻ, ടി.എം. വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ തിരുവിതാംകൂറിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭം തുടങ്ങാനുള്ള തീരുമാനത്തോടെ സ്റ്റേറ്റ് കോൺഗ്രസ് നിലവിൽ വന്നു.

1938 ഓഗസ്റ്റ് 26 ന് സ്റ്റേറ്റ് കോൺഗ്രസ് പ്രത്യക്ഷസമരം ആരംഭിച്ചു. ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭത്തെ ജനാധിപത്യവിരുദ്ധമായ രീതിയിൽ അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ നേരിട്ടു. പട്ടം താണുപിള്ളയെയും തുടർന്നുവന്ന അക്കാമ്മ ചെറിയാൻ ഉൾപ്പെടെയുള്ള 10 പ്രസിഡന്റുമാരെയും അറസ്റ്റ് ചെയ്തു. തിരുവിതാംകൂറിന്റെ ഝാൻസി റാണി എന്ന് അറിയപ്പെടുന്ന അക്കാമ്മ ചെറിയാന്റെ ധീരമായ നേതൃത്വം തിരുവിതാംകൂറിലെങ്ങും സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനത്തിന് ആവേശം നൽകി. ഐക്യകേരളം രൂപീകരിക്കപ്പെടുവാനുണ്ടായ സാഹചര്യങ്ങളിൽ നിർണായകമാണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ഇടപെടലുകൾ.

1940 നു ശേഷം കെപിസിസി ഐക്യകേരളവാദത്തിന് ശക്തികൂട്ടി. കോൺഗ്രസുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവർ ചേർന്ന് കൊച്ചി നാട്ടുരാജ്യത്ത് 1941 ൽ രൂപീകരിച്ച കൊച്ചിരാജ്യ പ്രജാമണ്ഡലവും ഐക്യകേരള രൂപീകരണത്തിനു നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്. ഐക്യകേരളത്തിനുവേണ്ടി കോൺഗ്രസ് ഒരു കമ്മിറ്റിയെ ഏർപ്പെടുത്തി. ഈ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 1946 ൽ ചെറുതുരുത്തിയിൽ കെ.പി. കേശവമേനോന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഐക്യകേരള സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. 1947 ഏപ്രിലിൽ ഇതിന്റെ ഭാഗമായി തൃശൂരിൽ കെ. കേളപ്പന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കൊച്ചി മഹാരാജാവ് കേരളവർമ നേരിട്ടെത്തി ഐക്യകേരളത്തെ അനുകൂലിച്ചു. നിരന്തരമായ സമരങ്ങളുടെ അവസാനം 1947 സെപ്തംബർ നാലിന് തിരുവിതാംകൂർ മഹാരാജാവായ ശ്രീ ചിത്തിര തിരുനാൾ ഉത്തരവാദഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

പിന്നീട് പല സ്ഥലങ്ങളിലും സമ്മേളനങ്ങൾ നടന്നു. അങ്ങനെ, ദേശീയസ്വാതന്ത്ര്യസമരത്തിനൊപ്പം ആവേശപൂർവം പങ്കുചേർന്ന മലയാളക്കരയ്ക്ക് ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനൊപ്പം ഐക്യകേരളവും സഫലമായി. ഇപ്പോൾ ഒരു നൂറ്റാണ്ടിനുശേഷം തിരിഞ്ഞുനോക്കുമ്പോൾ ഐക്യകേരളത്തിലേക്കു നയിക്കപ്പെട്ട സംഭവങ്ങളുടെ വലിയ പങ്ക് 1921 ലെ കെപിസിസിയുടെ രൂപീകരണവും തുടർന്ന് ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ സമരങ്ങളോടുചേർന്ന് ഐക്യകേരളത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളുമാണെന്ന് നിസംശയം പറയാം. ■

# ഏതാണു പ്രധാനം
# രോഗനിർണയമോ ചികിത്സയോ?



ഡോ. ജോർജ് തയ്യിൽ

**രോ**ഗങ്ങളെ പൂർണമായും ശാശ്വതമായും സുഖപ്പെടുത്തുന്നതിൽ രോഗനിർണയത്തിനോ ചികിത്സയ്ക്കോ കൂടുതൽ പ്രാധാന്യം? രണ്ടിനും തുല്യപ്രാമുഖ്യമെന്നു പറയുന്നതാവും കൂടുതൽ ശരി. കാരണം, എത്ര കൃത്യമായി രോഗനിർണയം ചെയ്താലും ഫലപ്രദമായ ചികിത്സ കിട്ടിയില്ലെങ്കിൽ എന്തു പ്രയോജനം? അതുപോലെ എത്രയൊക്കെ മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങളുണ്ടെങ്കിലും രോഗനിർണയം ശരിയായ ദിശയിലല്ലെങ്കിൽ ചികിത്സ പാളുകതന്നെ ചെയ്യും. ഹൃദ്രോഗചികിത്സയുടെ കാര്യത്തിൽ ഈ വസ്തുത ഏറെ പ്രസക്തമാകുന്നു.

**ഇ.സി.ജി. യും ട്രെഡ്മിൽ ടെസ്റ്റും**

1903 ൽ ഡച്ചുകാരനായ വില്യം ഐൻത്തോവൻ കണ്ടുപിടിച്ച ഇലക്ട്രോകാർഡിയോഗ്രാം ഹൃദ്രോഗനിർണയത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത പരിശോധനയാണ്. ഈ അഭൂതപൂർവമായ കണ്ടുപിടിത്തത്തെ ആദരിച്ചുകൊണ്ട് വില്യം ഐൻത്തോവന് 1924 ലെ നൊബേൽസമ്മാനം നൽകി. ഹൃദയോത്തേജനവേളയിലുണ്ടാകുന്ന വൈദ്യുതിപ്രസരണങ്ങളെ അതീവതന്മയത്വത്തോടെ കടലാസിൽ രേഖപ്പെടുത്തുന്ന സവിശേഷപരിശോധനാരീതിയാണ് ഇ.സി.ജി. പെട്ടെന്നുണ്ടാകുന്ന നെഞ്ചുവേദന ഹാർട്ടറ്റാക്ക് മൂലമാണോ അല്ലയോ




എന്ന് നിർണയം ചെയ്യുന്നത് ഇ.സി.ജി. മുഖാന്തരമാണ്. കൂടാതെ, ഹൃദയസംബന്ധമായ തലകറക്കവും ബോധക്ഷയവും ജന്മജാതഹൃദ്രോഗം, ഹൃദയവാൽവുകളുടെ തകരാറുകൾ, പ്രഷറിന്റെ ആധിക്യംമൂലം ഹൃദയഭിത്തിയിലുണ്ടാകുന്ന പരിവർത്തനം, ഹോർമോണുകളുടെ അമിതസ്രാവമുണ്ടാക്കുന്ന നെഞ്ചിടിപ്പ് തുടങ്ങിയവയെല്ലാം ഇ.സി.ജി. ഉപയോഗിച്ച് ഏറെക്കുറെ നിർണയിക്കാം.

ആയാസപ്പെടുമ്പോഴുണ്ടാകുന്ന നെഞ്ചുവേദന ഹൃദ്രോഗാനന്തരമാണോയെന്നു തിട്ടപ്പെടുത്താൻ ഉപയോഗിക്കുന്ന പരിശോധനാവിധിയാണ് ട്രെഡ്മിൽ ടെസ്റ്റ്. ആയാസപ്പെടുമ്പോൾ അമിതാധ്വാനം ചെയ്യുന്ന ഹൃദയപേശികൾക്ക് അധികമായി വേണ്ടിവരുന്ന രക്തം ബ്ലോക്കുള്ള ഹൃദയധമനികളിലൂടെ ഒഴുകിയെത്തുകയില്ല. തന്മൂലം ഹൃദയപേശികളിൽ രക്തദാരിദ്ര്യമുണ്ടാകുമ്പോൾ നെഞ്ചുവേദനയുണ്ടാകുന്നു. ഈ പ്രതിഭാസമാണ് ട്രെഡ്മില്ലിലൂടെ വേഗത്തിൽ നടക്കുന്ന രോഗിയിലെടുക്കുന്ന ഇസിജിയിൽ പ്രകടമാകുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ കൂടുതലായി ആവശ്യം വരുന്ന പരിശോധനകളും ചികിത്സയും സംവിധാനം ചെയ്യും. ഹൃദ്രോഗമുണ്ടോയെന്നു കണ്ടുപിടിക്കുക, ഹാർട്ടറ്റാക്കിനുശേഷം രോഗിയുടെ അവസ്ഥ അപ്പപ്പോൾ വിലയിരുത്തുക, മരുന്നുകളുടെ ഫലം രേഖപ്പെടുത്തുക, ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് ശസ്ത്രക്രിയ തുടങ്ങിയ ചികിത്സാവിധികളുടെ ആവശ്യകത നിർണയിക്കുക തുടങ്ങി നിരവധി വിവരങ്ങൾ ഈ ടെസ്റ്റ് ചെയ്യുന്നതിലൂടെ ലഭ്യമാണ്. ട്രെഡ്മിൽടെസ്റ്റ് ചെയ്യുന്നതിന് പ്രത്യേക പ്രായപരിധിയില്ലെങ്കിലും ശാരീരികമായി മറ്റസ്വസ്ഥതകളില്ലാത്തവരിലാണ് ഈ ടെസ്റ്റ് ചെയ്യുന്നത്. ശാരീരികമായി ഈ ടെസ്റ്റ് പൂർത്തീകരിക്കാൻ ത്രാണിയുണ്ടായിരിക്കണമെന്നർഥം. ഹൃദയേതരരോഗാവസ്ഥകൾ അമിതമുള്ളവർക്ക് ഈ ടെസ്റ്റ് നിർദ്ദേശിക്കാറില്ല.

**ഹോൾട്ടർ മോനിട്ടറിംഗ്**

അമേരിക്കക്കാരനായ നോർമൽ ജെഫ്റി ഹോൾട്ടർ 1962 ൽ കണ്ടുപിടിച്ച ഹോൾട്ടർ മോനിട്ടറിംഗ് ഹൃദയസ്പന്ദന




ത്തിലെ താളപ്പിഴകൾ മനസ്സിലാക്കി ചികിത്സ സംവിധാനം ചെയ്യുന്നതിന് അത്യന്താപേക്ഷിതമാണ്. കൂടക്കൂടെയുണ്ടാകുന്ന നെഞ്ചിടിപ്പ്, തലകറക്കം, ബോധക്ഷയം ഇവയുടെ കാരണം കണ്ടെത്താൻ ഈ ടെസ്റ്റ് ഉപയോഗപ്രദമാകുന്നു. ഒരു ചെറിയ ഇ.സി.ജി. റിക്കോർഡർ 24–48 മണിക്കൂർ ശരീരത്തിൽ ഘടിപ്പിക്കുന്നു. ഈ സമയപരിധിയിൽ ഒരാളുടെ ഹൃദയസ്പന്ദനവൈകല്യങ്ങൾ രേഖപ്പെടുത്തുന്നു. ഹൃദയസ്പന്ദനവേഗം കുറഞ്ഞതുകൊണ്ട് പേസ്മേക്കർ പിടിപ്പിക്കുന്നതിനുമുമ്പ് തീർച്ചയായും ഈ പരിശോധന നടത്തി സ്ഥിതി വിലയിരുത്തണം.

**എക്കോ കാർഡിയോഗ്രാമും ഡോപ്ളറും**

അതിസൂക്ഷ്മശബ്ദതരംഗങ്ങൾ (അൾട്രാസൗണ്ട്) പ്രത്യേക ഉപകരണംവഴി ഹൃദയത്തിലൂടെ കടത്തിവിട്ട് അതിന്റെ ആനുപാതികപ്രതിധ്വനിസവിശേഷതകൾ മോനിട്ടറിൽ ചിത്രീകരിക്കുന്നതാണ് എക്കോ കാർഡിയോഗ്രാഫി പരിശോധന. സ്വീഡൻകാരനായ ഇങ്ങെ ഏഡ്‌ലറും ജർമൻകാരനായ ഹെൽമുത്ത് ഹേർറ്റ്സുംകൂടിയാണ് ഈ പരിശോധനാസംവിധാനം 1953 ൽ കണ്ടുപിടിച്ചത്. ഏഡ്‌ലർ ഹൃദ്രോഗവിദഗ്ധനും ഹേർറ്റ്സ് ഊർജതന്ത്രജ്ഞനുമായിരുന്നു. ലോകശ്രദ്ധയെ ഹഠാദാകർഷിച്ച ഈ പ്രഖ്യാതമായ കണ്ടുപിടിത്തത്തെ പുരസ്കരിച്ചുകൊണ്ട് ഇവർക്ക് നൊബേൽസമ്മാനം നൽകാൻ നിർദേശിക്കപ്പെട്ടെങ്കിലും കിട്ടിയില്ല. 1977 ൽ അമേരിക്കയുടെ ലാസ്കർ സമ്മാനം രണ്ടുപേർക്കും ലഭിച്ചു. ഹൃദയത്തിന്റെയും വലിയ ധമനികളുടെയും സമൂലമായ ഘടനയാണ് ഈ



പരിശോധനയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. ഹൃദയത്തിലേക്കുള്ള കണ്ണാടിയെന്നു വേണമെങ്കിൽ പറയാം. ഹൃദയഭിത്തികളുടെ ചലനശേഷി, ചലനമാന്ദ്യം, ഹൃദയഅറകളുടെ സമൂലമായ സങ്കോചനക്ഷമത, വാൽവുകളുടെ ഘടന, ഹൃദയത്തിലെ മഹാധമനിയുടെയും പൾമണറി ആർട്ടറിയുടെയും ഘടന, ഹൃദയത്തെ ആവരണം ചെയ്തിരിക്കുന്ന പെരികാർഡിയൽ സഞ്ചിയുടെ ഘടനാവൈകല്യങ്ങൾ തുടങ്ങിയ കാതലായ വിവരങ്ങൾ ഈ പരിശോധനയിലൂടെ ലഭിക്കുന്നു.

1842 ൽ ഓസ്ട്രിയക്കാരനായ ക്രിസ്റ്റ്യൻ യോഹാൻ ഡോപ്ളർ കണ്ടുപിടിച്ച ഡോപ്ളർ സിദ്ധാന്തത്തെ ആസ്പദമാക്കി സംവിധാനം ചെയ്ത പരിശോധനയാണ് ഹൃദയഅറകളിലെയും ധമനികളിലെയും രക്തപ്രവാഹത്തെ വ്യക്തമായി നിരീക്ഷിക്കുന്ന ഡോപ്ളർ പരിശോധന. വാൽവുകളിലൂടെയും ആർട്ടറികളിലൂടെയും ഒഴുകുന്ന രക്തത്തിന്റെ ഗതിവിഗതികളെ മനസ്സിലാക്കി ഇവയുടെ ഘടനാവൈകല്യത്തിന്റെ കാഠിന്യം മനസ്സിലാക്കുന്നു. ഹൃദയവാൽവ് എത്രമാത്രം ചുരുങ്ങിയിട്ടുണ്ടെന്ന് കൃത്യമായി പഠിച്ച് ശസ്ത്രക്രിയ നിർദേശിക്കാൻ ഈ പരിശോധന അത്യന്താപേക്ഷിതമാണ്.

**സി.റ്റി. ആൻജിയോഗ്രാഫി**


ഹാർട്ടറ്റാകുണ്ടാകുന്ന 30–50 ശതമാനം രോഗികളിലും മുമ്പ് യാതൊരു രോഗലക്ഷണങ്ങളും ഉണ്ടായിട്ടില്ല എന്ന യാഥാർഥ്യത്തെ പരിഗണിച്ചുകൊണ്ട് ഹൃദ്രോഗസാധ്യതയും തീവ്ര



തയും വിലയിരുത്താൻ ഇന്നു പ്രധാനമായി ഉപയോഗിക്കുന്ന പരിശോധനാസംവിധാനമാണ് കമ്പ്യൂട്ടട് ടുമോഗ്രാഫി ആൻജിയോഗ്രാഫി. കൊറോണറി ധമനികളിൽ കാണപ്പെടുന്ന കാത്സ്യം ധമനികളിലെ പൊതുവായ ജരിതാവസ്ഥയുടെ തീവ്രതയെ സൂചിപ്പിക്കുന്നു. കൊറോണറി ധമനികളിൽ 'ഡൈ' കുത്തിവച്ച് അവ കൃത്യമായി ടുമോഗ്രാഫിയിൽ നിരീക്ഷിച്ച് കാത്സ്യത്തിന്റെ വ്യാപനം തിട്ടപ്പെടുത്തി ഹൃദ്രോഗതീവ്രത കണ്ടുപിടിക്കുന്നു. ഹൃദ്രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽക്കൂടി ഒരു 'സ്ക്രീനിംഗ്' പരിശോധനയായി ഇപ്പോൾ സി.റ്റി. ആൻജിയോഗ്രാഫി പ്രചുരപ്രചാരം നേടുന്നുണ്ട്.

**ന്യൂക്ലിയർ സിന്റിഗ്രാഫിയും പെറ്റ് സ്കാനും**

1947 ൽ രംഗപ്രവേശം ചെയ്ത സ്ട്രെസ് താലിയം സിന്റിഗ്രാഫി ഹൃദ്രോഗസാധ്യതയും തീവ്രതയും കണ്ടുപിടിക്കുന്നതിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. റേഡിയോ പ്രസരണശക്തിയുള്ള പദാർത്ഥങ്ങൾ ചെറിയ അളവിൽ കുത്തിവച്ച്, അവ ഹൃദയപേശികളിലെ രക്തസഞ്ചാരമുള്ള ഭാഗത്ത് കുമിഞ്ഞുകൂടുന്നതു നിരീക്ഷിച്ച് ഹൃദ്രോഗകാഠിന്യം പഠിക്കുന്നു. ഹൃദയപേശികളിൽ ചെന്നുപറ്റിയ റേഡിയോ ആക്ടീവ് ട്രേസറുകൾ പുറപ്പെടുവിക്കുന്ന ഗാമാരശ്മികൾ



ഗാമാക്യാമറ വഴി അളന്ന് ചിത്രങ്ങളായി മോനിട്ടറിൽ നിരീക്ഷിച്ച് ഹൃദയഭിത്തികളിലെ രക്തയോട്ടമില്ലാത്ത ഭാഗങ്ങൾ കണ്ടെത്തുന്നു. പല പ്രാവശ്യം ഹാർട്ടറ്റാക്ക് കഴിഞ്ഞ രോഗികളിൽ ആൻജിയോപ്ലാസ്റ്റിയോ ബൈപ്പാസോ ചെയ്യുന്നതിനുമുമ്പ്, ഇത്തരം ചികിത്സകൾ രോഗിക്കു പ്രയോജനപ്പെടുമോയെന്നു നിശ്ചയിക്കാൻ ഈ പരിശോധന സഹായിക്കുന്നു. വടു (സ്കാർ) ആയിപ്പോയ ഹൃദയഭിത്തികളിലേക്കു രക്തമെത്തിച്ചുകൊടുക്കാൻ കൊറോണറി ധമനി തുറന്നുകൊടുത്തതുകൊണ്ട് പ്രയോജനമുണ്ടാകില്ലായെന്നോർക്കണം.

പെറ്റ് സ്കാൻ (പോസിട്രോൺ എമിഷൻ ടുമോഗ്രാഫി) അതിസൂക്ഷ്മമായി പേശികളിലെ രോഗാതുരത അനാവരണം ചെയ്യുന്ന അതിനൂതന പരിശോധനാസംവിധാനമാണ്. റേഡിയോ ആക്ടീവ് ട്രേസറുകൾ കുത്തിവച്ച് അവയുടെ പ്രസരണം അളന്ന് ഹൃദയപേശികളുടെ ഘടനയും പ്രവർത്തനക്ഷമതയും തിട്ടപ്പെടുത്തുന്നു.

**എം.ആർ.ഐ.**

1945 ൽ ബ്ലോഹും പർസെലുംകൂടി കാന്തശക്തിയുപയോഗിച്ചുള്ള ഈ സവിശേഷപരിശോധനാസംവിധാനം കണ്ടുപിടിച്ചു. എഴുപതുകളിൽ ദമാഡിയനും



ലൗട്ടർബറുംകൂടി കാന്തപരിശോധനയെ (മാഗ്നെറ്റിക് റെസൊണൻസ് ഇമേജിംഗ്) കൂടുതൽ പരിഷ്കരിച്ചു. ഹൃദയഅറകളെ, ഘടനയെ, വാൽവുകളുടെ ഘടനയെ, സമൂലമായ പ്രവർത്തനക്ഷമതയെ അതിസൂക്ഷ്മം നിരീക്ഷിച്ച് ചികിത്സ സംവിധാനം ചെയ്യാൻ എം.ആർ.ഐ. ഏറെ പ്രയോജനപ്പെടുന്നു. ജന്മജാത ഹൃദ്രോഗത്തിന്റെ നിർണയത്തിന് ഇതു വളരെ പ്രയോജനപ്പെടുന്നു. ഹൃദയപേശികളുടെ അപചയം, തടിപ്പ്, ഹൃദയത്തിലെ ട്യൂമറുകൾ, ഹൃദയാവരണത്തിന്റെ (പെരിക്കാർഡിയം) ഘടനാവൈകല്യങ്ങൾ എല്ലാം രോഗനിർണയം ചെയ്യാൻ ഇന്ന് എം.ആർ.ഐ. മുമ്പന്തിയിൽ നിൽക്കുന്നു.

**കൊറോണറി ആൻജിയോഗ്രാഫി**

ജർമനിയിലെ എബേഴ്‌വൾസിൽ 1929 ൽ വേർണർ ഫ്രോസ്മാൻ തന്റെ ഇടതുകൈയിലെ ഞരമ്പിലൂടെ ഒരു കത്തീറ്റർ കടത്തി അതിന്റെ അഗ്രം ഹൃദയത്തിന്റെ വലത്തെ മേലറയിലെത്തിച്ചതാണ് കാർഡിയാക് കത്തീറ്ററൈസേഷന്റെ തുടക്കം. പിന്നീട് ഡെക്സ്റ്റർ (1947), സെൽസിങ്ങർ (1953), സോൺസ് (1959), ജഡ്കിൻസ് (1967) തുടങ്ങിയവരെല്ലാം ഈ പരിശോധനയെ പരിഷ്കരിച്ച് ഏറെ ജനകീയമാക്കി. നെഞ്ചുവേദനയ്ക്കും ഹാർട്ടറ്റാക്കിനും കാരണമായ കൊറോണറി ധമനിയിലെ ബ്ലോക്ക് കണ്ടുപിടിച്ച്, അതിന്റെ




തീവ്രത വിലയിരുത്തി, ആൻജിയോ പ്ലാസ്റ്റിയോ ബൈപ്പാസ് സർജറിയോ ഏതു ചെയ്യണമെന്നു നിശ്ചയിക്കുന്നത് കൊറോണറി ആൻജിയോഗ്രാഫി ചെയ്തുകൊണ്ടാണ്. ഹൃദയധമനികളിൽ സവിശേഷ 'ഡൈ' കുത്തിവച്ച് അവയിലെ മാർഗതടസ്സങ്ങളെ മോനിട്ടറിൽ നിരീക്ഷിച്ച് രോഗകാരണമായ ആർട്ടറി ഏതെന്നു തിരിച്ചറിഞ്ഞ് ആവശ്യാനുസൃതം ആൻജിയോപ്ലാസ്റ്റിയോ ബൈപ്പാസോ ചെയ്യുന്നു. കൊറോണറി ആൻജിയോഗ്രാഫിക്ക് ഒരുവനെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളുണ്ടെന്നോർക്കണം.

മേൽപ്പറഞ്ഞവകൂടാതെ നിരവധി ആധുനികഹൃദ്രോഗപരിശോധനോപാധികൾ ഈ രംഗത്തുണ്ട്. വാസ്കുലർ അൾട്രാസൗണ്ട്, എഫ്. എഫ്.ആർ; ഒ.സി.റ്റി., ഇ.പി. പഠനം തുടങ്ങിയവ. ഹൃദ്രോഗതീവ്രത കണ്ടുപിടിക്കാൻ രക്തപരിശോധനകൾക്കും ഏറെ പ്രസക്തിയുണ്ട്. ട്രോപോബിൻ, സി.കെ.എം.ബി., മയോക്ലോബിൻ, എന്നീ സൂചകങ്ങൾ ഹാർട്ടറ്റാക്കിന്റെ തീവ്രത കണ്ടുപിടിക്കുന്നു.

# ആശങ്കകളുടെ നാൾവഴികൾ



വത്സല നിലമ്പൂർ

**ലോ**കം കിടുങ്ങിവിറച്ചു. പുരാണങ്ങളിൽ പറയുന്നത് സംഭവിക്കാൻ പോകുന്നു. റോഡരികിലും വീട്ടുമുറ്റത്തും ആരാധനാലയങ്ങൾക്കു മുന്നിലും എവിടെയും മനുഷ്യൻ പിടഞ്ഞുവീണു മരിക്കാൻ പോകുന്നു.

മൃതശരീരങ്ങൾ വാരിക്കൂട്ടി അഗാധമായ കുഴികളിൽ അടക്കുന്നു.

സത്യം അറിയാതെ ജനം നെട്ടോട്ടമോടി. പക്ഷേ, വേഗംതന്നെ വാതിലടച്ച് അകത്തിരിപ്പായി. റോഡുകൾ ശൂന്യമായി. ആകാശം ഇരുമ്പുപക്ഷികൾ ഉപേക്ഷിച്ചപ്പോൾ പറവകൾക്കു സ്വന്തമായി.



ഓഫീസുകളും സ്കൂളുകളും കടകളും സിനിമ തിയേറ്ററുകളും മറ്റു വിനോദസഞ്ചാരകേന്ദ്രങ്ങളും അടച്ചുപൂട്ടി. ലോകം ഓൺലൈനിലൂടെ മാത്രം ജീവിക്കാൻ തുടങ്ങി. ഇതായിരുന്നു കൊവിഡ് കാലത്തിന്റെ തുടക്കം.

ചരിത്രത്തിലെ പല കാലഘട്ടങ്ങളിലും മനുഷ്യരാശിയുടെ നിലനില്പിനെപ്പോലും ചോദ്യം ചെയ്തിട്ടുള്ള മഹാമാരികൾ പൊട്ടിപ്പുറപ്പെട്ടിട്ടുണ്ട്. മനുഷ്യചരിത്രത്തിന്റെയും നാഗരികതകളുടെയും മതങ്ങളുടെപോലും ഗതിവിഗതികൾ നിർണയിക്കുന്നതിൽ മഹാമാരികൾ പങ്കുവഹിച്ചിട്ടുണ്ട്.

രോഗലക്ഷണം കണ്ടുതുടങ്ങി ആറു ദിവസത്തിനുശേഷം രോഗിയുമായി സമ്പർക്കത്തിൽ വന്നവരിൽ രോഗം ഉണ്ടായിട്ടില്ലെന്ന് അപകടസാധ്യത കൂടിയ വീടുകളിലും ആശുപത്രികളിലുമുള്ള സമ്പർക്കപ്പട്ടികപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

കൂടാതെ, ലക്ഷണം ആരംഭിച്ച് മൂന്നാഴ്ചയ്ക്കുശേഷം പ്രത്യുത്പാദനശേഷിയുള്ള വൈറസിനെ രോഗിയിൽനിന്നു കണ്ടെത്തിയിട്ടില്ലെങ്കിലും രോഗം ഭേദമായവരിൽനിന്ന് ആഴ്ചകളോളം സാഴ്സ്-കോവി-2 ആർഎൻഎ ശ്വാസകോശസ്രവങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ, രോഗം ഭേദമായ ഒരാളുടെ പരിശോധനാഫലം തുടർച്ചയായി പോസിറ്റീവ് ആകുന്നതിന് അർഥം അയാൾക്ക് മറ്റുള്ളവരിലേക്കു രോഗം പകരാൻ കഴിയുമെന്നു മല്ല.

കൊവിഡ്-19 രോഗത്തിന്റെ തുടക്കത്തിൽ സുഖം പ്രാപിച്ചൊരാളിൽ വീണ്ടും പുതിയ ലക്ഷണങ്ങൾ ഉണ്ടാകുകയും ആർടി-പിസിആർ ഫലം പോസിറ്റീവ് ആകുകയും ചെയ്ത കേസുകളിൽ വീണ്ടും ജനിച്ച വൈറസിനെ കണ്ടെത്തിയിട്ടില്ല. മൂന്നു മാസത്തേക്ക് രോഗം വീണ്ടും ബാധിക്കുകയില്ലെന്നാണ് ലഭ്യമായ പരിമിതമായ തെളിവുകൾവച്ച് ആരോഗ്യരംഗം പറയുന്നത്.

അണുബാധയും നീർക്കെട്ടും ബുദ്ധിഭ്രമവും ഉൾപ്പെടെയുള്ള നാഡീവ്യൂഹസംബന്ധമായ ബുദ്ധിമുട്ടുകൾക്ക് കൊവിഡ്-19 കാരണമാകുമെന്നു പറയുന്നുണ്ട്.

ആരംഭത്തിൽ, ശ്വാസകോശത്തിനെമാത്രം ബാധിക്കുമെന്ന് കരുതിയിരുന്ന കോവിഡ് 19 ഏതൊരവയവത്തിനും കേടുപാടുകൾ വരുത്തുമെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

പ്രതിരോധശേഷി വളർത്തുകയെന്നത് ഏറെ പ്രധാനമാണ്.

നല്ല ഭക്ഷണങ്ങൾ, വൃത്തി ഇവയെല്ലാം പ്രധാനമാണ്. ശരീരത്തിന്റെ ആകെയുള്ള പ്രതിരോധശേഷി കൊറോണവൈറസിനെതിരേയും പ്രവർത്തിക്കും.

രോഗലക്ഷണങ്ങളായ പനി, ശരീരവേദന, ചുമ തുടങ്ങിയവ ഇല്ലാത്ത ഒരു വ്യക്തിയിൽനിന്ന് കൊറോണവൈറസ് മറ്റൊരാളിലേക്കു പകരുന്നതിനെയാണ് ലക്ഷണങ്ങളില്ലാത്ത പകർച്ച എന്നു പറയുന്നത്.

സംസാരിക്കുക, പാടുക, കിതയ്ക്കുക തുടങ്ങി ശക്തമായി വായു പുറത്തേക്കുവിടുന്ന ഏതു സാഹചര്യത്തിലും ദ്രാവകത്തുള്ളിയിലൂടെയുള്ള വ്യാപനം സംഭവിക്കും.

ജനങ്ങൾ ഇനിയും രോഗപ്രതിരോധശേഷി കൈവരിച്ചിട്ടില്ലാത്ത ഒരു പുതിയ രോഗം ലോകമാകെ പരക്കുമ്പോഴാണ് അതൊരു മഹാമാരിയായി പ്രഖ്യാപിക്കപ്പെടുന്നത്.

കൊവിഡ്-19 രോഗം വരുന്ന പോലെതന്നെയുള്ള ആശങ്കയാണ് ഇപ്പോൾ കൊവിഡ് വാക്സിൻ സ്വീകരിക്കുന്നതിലും ഉള്ളത്.

എംആർഎൻഎ (മെസെഞ്ചർ ആർഎൻഎ) എന്ന വസ്തുവാണ് വാക്സിനിൽ അടങ്ങിയിരിക്കുന്നത്. അതിനുള്ളിൽ സ്പൈക്ക് പ്രോട്ടീനുകൾ അടങ്ങിയിരിക്കുന്നു. ഇവയാണ് വൈറസുകളെ പ്രതിരോധിക്കുന്നതിൽ പങ്കുവഹിക്കുന്നത്. ഇതിൽ അടങ്ങിയിരിക്കുന്ന എംആർഎൻഎ വൈറസിൽനിന്നു നിർമിച്ചതല്ല. കൃത്രിമമായി നിർമിച്ചെടുത്തിരിക്കുന്നതാണ്. ഫാറ്റിൽ നിർമ്മിച്ചിരിക്കുന്ന ഒരു ഉരുളയ്ക്കുള്ളിലാണ് ഇതുള്ളത്. ഇതിനെയാണ് 'ലിപ്പിഡ് നാനോ പാർട്ടിക്കിൾസ്' എന്നു പറയുന്നത്. ഇത് സലൈൻ ലായിനിയിൽ കലർത്തിയാണ് വാക്സിൻ രൂപത്തിലേക്ക് ആക്കുന്നത്. കൈകളിലെ പേശികളിലാണ് വാക്സിൻ കുത്തിവയ്ക്കുന്നത്. ഒരു വാക്സിൻ എന്നത് രണ്ട് കുത്തിവയ്പ്പുകൾ ചേർന്നതാണ്.

വാക്സിന്റെ ഉള്ളിലെ എംആർഎൻഎ എന്ന ഘടകം മനുഷ്യശരീരത്തിലെ രോഗപ്രതിരോധകോശങ്ങളുമായി പ്രവർത്തിച്ച് സ്പൈക്ക് പ്രോട്ടീനുകളെ നിർമിക്കുന്നു. ഇവ പ്രതിരോധകോശങ്ങളുമായി പ്രവർത്തിച്ച് ആന്റി ബോഡികളെ നിർമിക്കുന്നു. അങ്ങനെ ബി സെൽ, ടി സെൽ എല്ലാം ആക്ടീവാകുന്നു. അതിനു പുറമേ, പ്രതിരോധവ്യൂഹത്തിന് പ്രതിരോധമെമ്മറി (ഇമ്മ്യൂൺ മെമ്മറി)കൂടി സാധ്യമാകുന്നു. അതായത്, വീണ്ടും കൊറോണ വൈറസ് വന്നാൽ എങ്ങനെ പ്രതിരോധിക്കണമെന്ന് കോശങ്ങൾക്ക് നിർദേശങ്ങൾ നൽകുന്നു.

ആരോഗ്യശാസ്ത്രരംഗത്തെ മറ്റൊരു അദ്ഭുതമായ ഈ വാക്സിന് രണ്ട് കുത്തിവയ്പ്പുകളാണുള്ളത്. ഇവ തമ്മിൽ 19 മുതൽ 40 ദിവസത്തെവരെ ഇടവേളയുണ്ടാകും. പറയത്തക്ക പാർശ്വഫലങ്ങളൊന്നും ആർക്കും ഉണ്ടാകാറില്ല എന്നാണു കാണുന്നത്. ചെറിയ പനി, ശരീരവേദന ഒക്കെ ചിലർക്ക് ഒരു ദിവസത്തേക്ക് അനുഭവപ്പെടാം.

ഇന്നു വരെയുള്ള തെളിവുകൾ കാണിക്കുന്നത് 10 വയസ്സിനു മുകളിലുള്ള ആർക്കും ഈ വാക്സിൻ സ്വീകരിക്കാം എന്നാണ്.

പക്ഷേ, ഗർഭിണികളും മുലയൂട്ടുന്നവരും വാക്സിന് എടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാലും ശാസ്ത്രം ജയിച്ചു. മനുഷ്യൻ അതിനെയും അതിജീവിച്ചു. ഇനിയും ലോകത്തിന് ആശ്വാസത്തിന്റെ നാളുകൾ എന്നു വിശ്വസിക്കാം.

# വിജയപാതയിൽ

കവിത

പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്



അതിപരിപാവന, മനുപമശോഭന-
മഖില സംപൂജ്യമെൻ ജന്മനാടേ,

വിരുതും വിശുദ്ധിയും സൗശീല്യഭാവവും
വിനയവും വീരമനസ്കതയും

ചിരകാലം ചിന്നി ലസിക്കുന്ന നിസ്തുല-
പരിപാവനാംബേ, നമസ്കൃതി തേ.

തവ ജീവിതാദ്ധ്യായത്താളുകൾ ഭാരത-
തനയരിലാരെ സന്തുഷ്ടരാക്കാ?

അഭിരാമമാകും നിന്നഭിധാനം കേൾക്കുമ്പോ-
ളഭിമാനം കൊള്ളാത്ത മനുജനുണ്ടോ?

മഹിയാകെ ജ്ഞാതരാമെത്രപേർ നിന്റെ ന-
ന്മടിയിലിരുന്നു കളിച്ചവരാം.

സരളമാം രീതിയിൽ നിൻകീർത്തി കോമള
മുരളിയാൽ പാടിയ കൃഷ്ണദേവൻ,

പരിശുദ്ധജീവിത തത്ത്വ സിദ്ധാന്തങ്ങ-
ളരുളിയോരമ്മഹാ ബുദ്ധദേവൻ,

അതിശയജന്യമാം പ്രതിഭയും ബുദ്ധിയും
കതിരിട്ട ശങ്കരാചാര്യശ്രേഷ്ഠൻ,

മഹനീയമാകുമഹിംസതൻ സന്ദേശം
മഹിയിതിനേകി, യനീതികളെ

അതിധീരം പോരാടിത്തോല്പിച്ച വിസ്മയം,
അഖിലസംപൂജ്യൻ മഹാത്മജിയും

ഇവരൊക്കെ ജന്മമെടുത്തോരു ഗേഹമേ,
ഇനിയെന്തു ഭാഗ്യം നിനക്കുവേണം?

പരിശുദ്ധസ്നേഹത്തിൻ സുരഭിലസൂനങ്ങൾ
പരിമളം വീശിടുന്നിവിടെയെന്നും

വിവിധ മതങ്ങ, ളാചാര, സംസ്കാരങ്ങൾ
വിമലസ്നേഹത്തിൽ വിരാജിക്കുന്നു.

കവിതയും കലയും വിനോദവും ചിന്തയും
കമനീയശോഭം വളർന്നിടുന്നു.

അഖിലസൗഭാഗ്യസന്തോഷൈശ്വര്യങ്ങൾതൻ
മഹനീയസംഗമഭൂവിവിടം.

പരമോന്നതമിതിൻ സ്വാതന്ത്ര്യം മോഷ്ടിക്കാൻ
പല പല വൈരികൾ പണ്ടുതൊട്ടേ

കളവുമനീതിയും ചെയ്തു മഹായുദ്ധ-
ക്കളമാക്കി മാറ്റിയിശ്ശാന്തിരംഗം.

അനവധി നിണസാക്ഷി ശ്രേഷ്ഠരുറങ്ങുന്നൊ-
രനവദ്യഗേഹമേ, പുണ്യഭൂമീ,

ജലമല്ല നിന്നെ നനച്ചു വളർത്തിയീ
ഫലപുഷ്ടമണ്ണാക്കിത്തീർത്തതേവം.

വളമല്ല നിന്നിലിന്നിക്കാണുമദ്ഭുത
വിളവു ലഭിക്കുമാറാക്കിയതും.


ജനമേറെ ജീവൻകൊടുത്തു പൊരുതീട്ടു
നിണമേറെ ചിന്തിയ ഭൂമിയാം നീ.

അവകാശം നേടുവാ, നഭിമാനം കാക്കുവാ-
നടരാടിയിസ്ഥലത്തമ്മഹാന്മാർ.

ഇനിയുമിസ്വാതന്ത്ര്യമപഹരിച്ചീടുവാ-
നനുവദിക്കില്ല നിന്നരുമ സുതർ.

ഉയരട്ടെ നിന്റെ പതാക വിഹായസ്സിൽ
ജയഭേരിയോടെന്നും പാറിടട്ടെ.

ജഗതി സർവ്വത്ര മുഴങ്ങട്ടെ ഭാരത-
ജനനി തൻ ജയഘോഷധ്വനികളെന്നും.




**ഫെബ്രുവരി 14**
**നോമ്പുകാലം**
**ഒന്നാം ഞായർ**



പുറ 34:27 – 35
ഏശ 58:1 – 10
എഫേ 4:17 – 24
മത്താ 4:1 – 11

ഡോ. ജോഷി മയ്യാറ്റിൽ

# പുലി പതുങ്ങുന്നത് ഒളിക്കാനല്ല, കുതിക്കാനാണ്

**ഈ** കിടിലൻ ഡയലോഗിന് എക്കാലത്തും, പ്രത്യേകിച്ച് നോമ്പുകാലത്ത്, പ്രസക്തിയുണ്ട്. കർക്കശമായ നിഷ്ഠകളിലൂടെ സ്വയം മെരുങ്ങുന്ന കായികാഭ്യാസിയും ഏകാന്തതയിലേക്കും നിശ്ശബ്ദതയിലേക്കും സ്വയം ഉൾവലിയുന്ന കലാ-സാഹിത്യപ്രതിഭകളും വായനയുടെയും പഠനത്തിന്റെയും ചിന്തയുടെയും പരീക്ഷണത്തിന്റെയും ഉൾമുറിയിലേക്കു കയറി വാതിലടയ്ക്കുന്ന ശാസ്ത്രജ്ഞരും കുതിപ്പിനായുള്ള പതുങ്ങലിലാണ്.

ഉത്ഥാനത്തിന്റെ കുതിപ്പിലേക്ക് എത്തുംമുമ്പേയുള്ള നോമ്പിന്റെ നാല്പതുനാളുകൾ മരുഭൂമിയിലെ ഈശോയോടൊപ്പമുള്ള ഒരു പതുങ്ങൽക്കാലമാണ്; ഊഷരമെന്നു പൊതുവേ തോന്നാവുന്നതും എന്നാൽ, അങ്ങേയറ്റം ശാദ്വലവുമായ ഒരു കാലമാണത് – 'വസ്ത്രങ്ങൾ പഴകിപ്പോവുകയോ കാലുകൾ വിങ്ങുകയോ' ചെയ്യാത്ത കാലം (നിയ 8,4); 'ഉടമ്പടിയുടെ രണ്ടു കല്പലകകൾ' ലഭിക്കാനെടുത്ത കാലം (നിയ 9,11); ജനത്തിന്റെ പാപപരിഹാരത്തിനായി മോശ കർത്തൃസന്നിധിയിൽ പ്രണമിച്ചുകിടന്ന കാലം (നിയ 9,18); 'യേശു ആത്മാവിന്റെ ശക്തിയോടുകൂടി ഗലീലിയിലേക്കു' മടങ്ങിപ്പോകാൻ എടുത്ത കാലം (ലൂക്കാ 4,14).

**ഒരു പ്രലോഭനധ്യാനം**

യേശുവിന്റെ മരുഭൂമിയിലെ ഉപവാസവും തദനന്തരമുള്ള പ്രലോഭനവും ദൈവഹിതപ്രകാരമുള്ളതായിരുന്നു. ജോർദാനിൽ മാമ്മോദീസാവേളയിൽ അവിടത്തെമേൽ ഇറങ്ങിവന്ന ദൈവാത്മാവുതന്നെയാണ് യേശുവിനെ മരുഭൂമിയിലേക്കു നയിച്ചതെന്നു (മത്താ 4,1) വ്യക്തം.

യേശുവിനുണ്ടായ പ്രലോഭനങ്ങളെ അപ്പത്തിലും ചാട്ടത്തിലും ആരാധനയിലും ഒതുക്കിക്കളയാനുള്ള പ്രലോഭനത്തെ നാം അതിജീവിച്ചേ തീരൂ. കാരണം, യേശുവിന്റെ പ്രലോഭനങ്ങളുടെ കാമ്പ് നഷ്ടപ്പെടാൻ അതിടയാക്കും. യഥാർഥത്തിൽ, മരുഭൂമിയിൽ സാത്താൻ ഉലയ്ക്കാൻ ശ്രമിച്ചത് യേശുവിന്റെ ദൈവപുത്രത്വബോധ്യത്തെയായിരുന്നു. 'നീ ദൈവപുത്രനാണെങ്കിൽ...' എന്ന ആവർത്തിച്ചുള്ള വെല്ലുവിളിയാണ് പ്രലോഭനങ്ങൾ! ജോർദാനിൽനിന്ന് 'ഇവൻ എന്റെ പ്രിയപുത്രൻ' ('നീ എന്റെ പ്രിയപുത്രൻ' എന്നു ലൂക്കാ 3,2 ൽ) എന്ന പിതാവിന്റെ സാഘോഷപ്രഖ്യാപനം ശ്രവിച്ചുവന്ന പുത്രനോടാണ് സാത്താന്റെ ഈ വെല്ലുവിളിയെന്നോർക്കണം. യേശുവിന് തന്റെ പുത്രത്വബോധ്യത്തിൽ അല്പമെങ്കിലും ചാഞ്ചാട്ടം ഉണ്ടായിരുന്നെങ്കിൽ ആ മരുഭൂമി ഒരു വൻ ബേക്കറിയായി മാറിയേനെ! ജറുസലേം ദേവാലയം, സർക്കസ് കൂടാരമായും!!

മൂന്നാമത്തെ പ്രലോഭനം അഗാധതരവും കൂടുതൽ ശ്രദ്ധാർഹവുമാണ്. 'ഇവയെല്ലാം നിനക്കു ഞാൻ നല്കാം' എന്ന സാത്താന്റെ വാഗ്ദാനത്തിൽ എല്ലാം തന്റേതാണെന്ന അവകാശവാദമാണുള്ളത്. അതിലൂടെ അവൻ പറയാതെ പറയുന്നത് താനാണ് ദൈവപുത്രൻ എന്നാണ്. കാരണം, 'എന്നോടു ചോദിച്ചുകൊള്ളുക... ഭൂമിയുടെ അതിരുകൾ നിനക്ക് അധീനമാകും' എന്ന തിട്ടൂരം പുത്രനാണ് എഴുതിക്കിട്ടിയിരിക്കുന്നത് എന്ന് സങ്കീ 2,8 വ്യക്തമാക്കുന്നു. വി. ലൂക്കായുടെ സുവിശേഷത്തിൽ, 'ഇതെല്ലാം എനിക്കു നല്കപ്പെട്ടിരിക്കുന്നു' (4,6) എന്ന സാത്താന്റെ പ്രഖ്യാപനത്തിന്റെ അർഥവും അതുതന്നെയാണല്ലോ. യഥാർഥത്തിൽ, ദൈവപുത്രനായ യേശുവിന്റെ അധീനതയിലുള്ളതാണ് സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും (മത്താ 28,18). ഭൂമി സ്വന്തമെന്നു ഭാവിക്കുന്ന സാത്താന്റെ വിലകുറഞ്ഞ തന്ത്രം യേശുവിനുമുന്നിൽ ചെലവാകുന്നില്ല.

ശുദ്ധമായ ആത്മാവബോധത്തിനു മുമ്പിൽ പൊള്ളയായ അവകാശവാദങ്ങൾക്കു പിടിച്ചുനില്ക്കാനാകില്ലെന്നതിനു നല്ലൊരു ദൃഷ്ടാന്തംകൂടിയാണ് ഈശോയുടെ പ്രലോഭനം. മനുഷ്യന്റെ പ്രലോഭനങ്ങളെല്ലാം ദൈവികച്ഛായയുടെ അഥവാ, പുത്രത്വബോധ്യത്തിന്റെ തമസ്കരണശ്രമങ്ങളാണ്. സ്വന്തം ശ്രേഷ്ഠത മറന്നുപോകാൻ സാത്താൻ ഒരുക്കുന്ന ചതിക്കുഴികളാണു പ്രലോഭനങ്ങൾ. ദൈവമക്കളുടെ സ്വാതന്ത്ര്യവും സമാധാനവും സംതൃപ്തിയും കേവലം മിഥ്യയ്ക്കുവേണ്ടി പണയംവയ്ക്കാൻ പലപ്പോഴും ഇടവരുന്ന മനുഷ്യന് യേശുവിന്റെ പ്രലോഭനവിജയം വലിയ പ്രചോദനവും മാതൃകയുമാണ്.

**ഒരു പ്രവാചകധ്യാനം**

ചൈതന്യമില്ലാത്ത ഉപവാസാനുഷ്ഠാനങ്ങളെ തുറന്നെതിർക്കുന്ന പ്രവാചകന്മാരിൽ മുഖ്യനായ ഏശയ്യായെയും സഭ ഇന്നു ശ്രവിക്കുന്നു. 'സ്വന്തം സുഖത്തിനായുള്ള ഉപവാസം', 'കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ഇടിക്കുന്നതിനുമുള്ള ഉപവാസം', 'ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം', 'ഞാങ്ങണപോലെ തലകുനിക്കുന്ന ഉപവാസം' എന്നിങ്ങനെയാണ് വ്യർഥമായ ഉപവാസാനുഷ്ഠാനങ്ങളെ പ്രവാചകൻ കളിയാക്കുന്നത്. ജനത്തിന്റെ ഒഴുക്കൻ ഉപവാസത്തോടു പിന്തിരിഞ്ഞുനില്ക്കുന്ന പ്രവാചകവചനങ്ങൾ വേറേയുമുണ്ട് ബൈബിളിൽ (ജറെ 14,12; സഖ 7,5f). ഇത്തരം ഉപവാസപ്പതുങ്ങലുകൾ ആത്മാർഥതയില്ലാത്ത ഏർപ്പാടുകളാണ്. പകരം, പ്രവാചകൻ വിഭാവനംചെയ്യുന്നത് കുതിപ്പിനു സഹായകമായ പതുങ്ങലുപവാസമാണ് – ദുഷ്ടതയുടെ കയറുകൾ പൊട്ടിക്കുന്നതും മർദിതരെ സ്വതന്ത്രമാക്കുന്നതും വിശക്കുന്നവനു ഭക്ഷണം നല്കുന്നതും ഭവനരഹിതനു സങ്കേതം നല്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതുമായ യഥാർഥമായ ഉപവാസം. ചുരുക്കിപ്പറഞ്ഞാൽ, നന്മയുടെയും നീതിയുടെയും കരുണയുടെയും ഉത്ഥാനകാലമാണ് ഏശയ്യാപ്രവാചകൻ വിഭാവനംചെയ്യുന്ന ഉപവാസകാലം.

# പാലാ രൂപത ഡി.സി.എം.എസ്. സ്കോളർഷിപ്പ് വിതരണം

പാലാ: ഡിസിഎംഎസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പാലാ ബിഷപ്സ് ഹൗസിൽ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു.

എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് കിട്ടിയ പത്തൊമ്പത് കുട്ടികൾക്കും ബിരുദബിരുദാനന്തര പരീക്ഷകളിലെ റാങ്ക് ജേതാക്കൾക്കും മെമന്റോയും ക്യാഷ് അവാർഡും നല്കി ആദരിച്ചു.



എം.ജി. യൂണിവേഴ്സിറ്റി ബിരുദപരീക്ഷ (ജിയോളജി)യിൽ രണ്ടാം റാങ്ക് നേടിയ അഞ്ജന ട്രീസ സജിക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് മെമന്റോ നല്കി ആദരിക്കുന്നു.

തദവസരത്തിൽ വിവിധങ്ങളായ പ്രൊഫഷണൽകോഴ്സുകൾ പഠിക്കുന്ന 27 വിദ്യാർത്ഥികൾക്കുള്ള സീറോ മലബാർ ദളിത് വികാസ് സൊസൈറ്റിയുടെ (എസ്.ഡി.വി.എസ്.) അഞ്ചു ലക്ഷത്തോളം വരുന്ന സ്കോളർഷിപ്പും ബിഷപ് ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു.

പാലാ രൂപത ഡിസിഎംഎസ് ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, എസ്.ഡി.വി.എസ് അംഗം ഡോ. സാബു ഡി മാത്യു, ഡിസിഎംഎസ് രൂപതാ പ്രസിഡന്റ് ജസ്റ്റിൻ മാത്യു, സെക്രട്ടറി ജോണി പരമല, ഓർഗനൈസർ പി.ഒ. പീറ്റർ, ജോ. സെക്രട്ടറി ബിജി സാലസ്, തുടങ്ങിയവർ പ്രസംഗിച്ചു.

# അധ്യാപകർ പ്രചോദകരാകണം

## മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ

കൊച്ചി: അധ്യാപകരുടെ പ്രബോധനത്തെക്കാളുപരി അവരുടെ ജീവിതമാതൃകയാണ് കുട്ടികളെ സ്വാധീനിക്കുന്നതെന്നും, അങ്ങനെയുള്ള ഗുരുക്കന്മാരുടെ ശിക്ഷണവും ശാസനയും പ്രോത്സാഹനവുമാണ് എക്കാലത്തും വിദ്യാർഥികൾ വിലമതിക്കുന്നതെന്നും സീറോ മലബാർ സഭ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ. കേരള കത്തോലിക്കാ വിദ്യാർഥിസഖ്യം (കെ.സി.എസ്.എൽ.)സംസ്ഥാന സമ്മേളനവും അവാർഡ് വിതരണവും പാലാരിവട്ടം പി.ഒ.സിയിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മികച്ച രൂപത, ശാഖ അവാർഡുകളും, മികച്ച അധ്യാപക അവാർഡുകളും, വിവിധയിനങ്ങളിൽ കഴിവുതെളിയിച്ച വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങളും തദവസരത്തിൽ ബിഷപ് വിതരണം ചെയ്തു.

കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. പി.ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് പാലയ്ക്കാപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ഓർഗനൈസർ സിറിയക് മാത്യു, ട്രഷറർ മനോജ് ചാക്കോ എന്നിവർ പ്രസംഗിച്ചു. അധ്യാപക അവാർഡ് ജോതാക്കളായ ജോസ് ജോസഫ്, സി. മോളി ദേവസി എഫ്.എം.എം എന്നിവർ മറുപടിപ്രസംഗം നടത്തി.



*കെ.സി.എസ്.എൽ. സംസ്ഥാനസമ്മേളനവും അവാർഡ് വിതരണവും സീറോ മലബാർ സഭ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

Deepanalam Weekly
RNI No : 16998/68
Vol. 53 No. 39 Date of Publication 4 February 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

IAS IFS IPS SSC

ഇനി മലയാളത്തിലും ഇംഗ്ലീഷിലും IAS / KAS പരീക്ഷയെഴുതാം...

ABSOLUTE IAS ACADEMY

108 IAS / IPS SELECTIONS IN THE PAST 10 YEARS

Behind Ayurveda College, Trivandrum www.absoluteiasacademy.com

പരസ്യ വാചകങ്ങളല്ല. ഞങ്ങളുടെ റിസൾട്ട് സംസാരിക്കുന്നു.

A.B. Silpa (Mark 314)

Aasish Das IAS (Malayalam Optional Student)

FOR MORE DETAILS, CALL
94472 59402
98467 44499

HOLIDAY BATCH (SATURDAY/SUNDAY) Time : 6.00 PM to 9.00 PM

"Change Your Circumstances & Change Your Destiny"



JOBIN S KOTTARAM
M.Phil, MBA (OB & HR), M.Sc (Psy), MA, PGJMC, Author of 40 Books & International Motivational Speaker (FOUNDER - ABSOLUTE IAS ACADEMY)

4 REASONS TO SAY YES TO ABSOLUTE
1. 100% Quality Coaching @ 40% Lesser Fee
2. Classes are taken by Ex.IAS / IPS Officers & Authors
3. Daily, Weekly, Monthly, Test Series, Year long Writing Practice
4. Weekly interactions with Civil Service Officers

EMI FACILITY

TRIVANDRUM • KOLLAM • KARUNAGAPPALLY • MAVELIKARA • KOCHI • PALAKKAD • CALICUT

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

മസ്തിഷ്കരോഗങ്ങൾ ✓ നട്ടെല്ല് രോഗങ്ങൾ ✓ അസ്ഥിരോഗങ്ങൾ ✓ സന്ധിരോഗങ്ങൾ ✓ ശിരോരോഗങ്ങൾ
സ്ത്രീരോഗങ്ങൾ (ആണോ–നെക്റ്റൽ രോഗങ്ങൾ) ത്വക്‌രോഗങ്ങൾ വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

ST. MARY'S ENGG. INSTITUTE
ഇടമറ്റം റോഡ്, മുരിക്കുംപുഴ, പാലാ, കോട്ടയം ജില്ല – 686575
സ്ഥാപിതം 1963 Recognized under DTE, Govt. of kerala

എഞ്ചിനീയറിങ് പ്രവേശനം
(കൂടുതൽ അപേക്ഷകരെ ക്ഷണിക്കുന്നു)

എഞ്ചിനീയറിങ് കോഴ്സുകൾ
(1) സിവിൽ (2) മെക്കാനിക്കൽ (3) ഇലക്ട്രിക്കൽ (4) ഓട്ടോമൊബൈൽ (5) റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് (6) ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻ (7) റേഡിയോ & ടെലിവിഷൻ

റെഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്നു

പാലാ സെന്റ് മേരീസ് എഞ്ചിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നും രണ്ടും വർഷങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നടന്നുവരുന്ന ഓൺലൈൻ ക്ലാസുകൾ ഫെബ്രുവരി 1 മുതൽ റെഗുലർ ക്ലാസുകളായി മാറ്റിയിരിക്കുന്നു. ഒന്നാംവർഷ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനുള്ള തീയതി നീട്ടിയിരിക്കുന്നതിനാൽ മുകളിൽപറഞ്ഞ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നതാണ്. ഒന്നാംവർഷ ക്ലാസ്സുകളിൽ ചേരുവാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ രക്ഷാകർത്താവിനോടൊപ്പം എല്ലാ സർട്ടിഫിക്കറ്റുകളും പ്രവേശനഫീസും സഹിതം ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. 25 വയസ് കഴിഞ്ഞവർക്കും സർക്കാർ / അർദ്ധസർക്കാർ / പ്രൈവറ്റ് ജോലിയുള്ളവർക്കും ഈവനിങ് കോഴ്സുകളിലേക്ക് (5.30 p.m. - 9.00 p.m.) പ്രവേശനം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്
പ്രിൻസിപ്പൽ
സെന്റ് മേരീസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പാലാ
ചെയർമാൻ 9447809605, 04822 212795
പ്രിൻസിപ്പൽ 9447869882, 04822 214132



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001:2015 Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822 262835
KTS PRODUCTS

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org